
C 10
P 69
RKS
ORE
COLLEGE

DEFINITORY, O.C.D. KANJIRAMATTOM P.O. S. K.
LIBRARY.
2472

✠

തത്വപ്രകാശിക.

DEFINITORY, O.C.D.
No. 770
CANCELLED
LIBRARY.

BY

The Rev. Fr. Placid T. O. C. D.,
Ph. D., D. D., D. C. L.

C 10
P69

Published by
MADHYASTAN BOOK DEPOT
CHANGANACHERRY.

DHARMARAM COLLEGE LIBRARY
2078
BANGALORE.

Printed at
THE S. J. O. PRESS, CHANGANACHERRY.
1935.

Nihil Obstat

Fr. Cyriac T. O. C. D.
Chethipuzhay. 11. 1. 1935.

Imprimi Potest.

Fr. Sylvester T. O. C. D.
Prior General
Thevara. 20' 1. 1935.

Imprimatur

† **J. Kalacherry.**
Ep. Changanacherry.
12-3

വിഷയവിവരണിക.



പക്ഷം.

പ്രസ്താവന.

ക-ാം അദ്ധ്യായം.

മതത്തിന്റെ ആവശ്യകത. ക-

ഖ-ാം അദ്ധ്യായം-

സ്വാഭാവികവും അതിസ്വാഭാവികവുമായമതങ്ങളും. ഖഘ-

ഘ-ാം അദ്ധ്യായം-

ക്രിസ്തുമതപരിശോധനയ്ക്കുള്ള പ്രാരംഭം- ങ്ച-

ങ-ാം അദ്ധ്യായം-

ക്രിസ്തുമതം ദൈവസ്ഥാപിതമാകുന്നു. ഛഖ-

ച-ാം അദ്ധ്യായം-

ഏകസത്യമതമായ ക്രിസ്തുമതവും ഇതരമതങ്ങളും- ഛഛ-



പ്രസ്താവന.

മതംപോലെ മനുഷ്യജീവിതത്തെ അത്ര സാരമായിബാധിക്കുന്ന വേറെ യാതൊന്നും ഭൂമുഖത്തില്ല. എന്നാൽ പരിഷ്കൃതലോകത്തിൽ മതത്തിനുയാതൊരുസ്ഥാനവും ഉണ്ടാകുവാൻപാടില്ലെന്നാണ് ചിലആധുനികന്മാരുടെസിദ്ധാന്തം. എല്ലാമതങ്ങളുംഒന്നുപോലെസ്വീകാര്യങ്ങളെന്നുകരുതി, ഏതെങ്കിലുമൊരുമതം മനുഷ്യനു ധാരാളം മതിയെന്നു വിചാരിക്കുന്നവർ പലരുണ്ട്. ഈ കൂട്ടരുടെ ദൃഷ്ടിയിൽ മതപരിവർത്തനം ഏതു സാഹചര്യത്തിലും അത്ഥശൂന്യവും ആക്ഷേപാർഹവുമാകുന്നു. മതനിഷ്പക്ഷത അനാദരണീയമല്ലെന്നു കരുതുന്നവരും ഒട്ടും കുറവല്ല. ഇപ്രകാരമുള്ള അടിപ്രായങ്ങളുടെ കാര്യകാരണസഹിതം പരിശോധിച്ച്, എല്ലാവരും സ്വീകരിക്കേണ്ട മാർഗ്ഗം ഏതെന്നു ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം.

പുതുതായി കത്തോലിക്കാസഭയിൽ പ്രവേശിച്ചു കുറെ വൈദികവിദ്യാർത്ഥികളുടെആവശ്യത്തിനായി തയാറാക്കിയ കുറിപ്പുകളാണ് പുസ്തകരൂപത്തിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു്. തന്നിമിത്തം പല സ്ഥലങ്ങളിലും വെറും സൂചനകൾമാത്രമെ വായനക്കാർക്കുണ്ടായുള്ളു. എല്ലാസംഗതികളും വളരെ ചുരുക്കമായിമാത്രം പ്രതിപാദിച്ചിരിക്കുന്നതിന്റെ കാരണവും ഇതുതന്നെ.

"സത്യമതം" എന്നപേരിൽ വേറെ ചില പ്രസിദ്ധീകരണങ്ങളിൽ കാണാത്ത പുസ്തകം ഇതുതന്നെയാണ്.

ചെത്തിപ്പുഴ
24-11-1935.

Placid T. O. C. D.

സി. എൻ. അനന്തരാമയ്യാശാസ്ത്രി
എം. എ. അവർകളുടെ
അഭിപ്രായം.

"തത്വപ്രകാശിക" എന്ന ഗ്രന്ഥം കേരളീയർക്കു വരുത്താനിടയുള്ള ഗുണം ഇത്രയെന്നു തിട്ടപ്പെടുത്താൻ നിവൃത്തിയില്ല. "പുതുതായി കത്തോലിക്കാസ്സഭയിൽ പ്രവേശിച്ച കുറെ വൈദികവിദ്യാർത്ഥികളുടെ ആവശ്യത്തിനായി തയാറാക്കിയ" താണെങ്കിലും "ദൈവകല്പനയനുസരിക്കണമെന്നുള്ളതു് സ്വാഭാവികമതത്തിന്റെ മൗലികതത്വങ്ങളിൽ ഒന്നാകയാൽ വെളിപ്പെടുത്തപ്പെട്ടുന്നമതം സ്വീകരിക്കാത്തവർ സ്വാഭാവികമതംപോലും അനുഷ്ഠിക്കാത്തവരാണു്" എന്നുള്ള ഗ്രന്ഥകർത്തൃവചനം അനുസരിച്ചു് സകലരും യേശുക്രിസ്തുവിനാലും മതങ്ങളിൽവച്ചു് മതമായ കത്തോലിക്കാസഭാപ്രതിബിംബത്താലും ദൈവയോഗകാലത്തു് വിചാരണ ചെയ്യപ്പെടുമെന്നു് വിശദമാകുന്നുണ്ടു്. ചങ്ങനാശേരി "മലൃസ്ഥൻ" ബുക്ക്ഡിപ്പോയിൽ കിട്ടുന്ന ഈ പുസ്തകം തമിഴിലും പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ (*) തെക്കേഇന്ത്യമുഴുവനിലേക്കും നിരീശ്വരവാദഖണ്ഡനാലികം കൊണ്ടുള്ള അഭ്യുദയം സിദ്ധിക്കും.

സി. എൻ. അനന്തരാമയ്യാശാസ്ത്രി എം. എ. (ഒക്സ്).
Retired Supt. of studies in Dravidian Languages.

(* തമിഴിൽ എഴുതിയാൽ തിരുത്തിയയയ്ക്കുന്നതിനോ തമിഴിൽ തർജ്ജമചെയ്യുന്നതിനോ താൻ തയാറാണു്. Idem.)

ഒന്നാം അദ്ധ്യായം.

മതത്തിന്റെ ആവശ്യകത.

മനുഷ്യനു് ദൈവത്തോടുള്ള കർത്തവ്യത്തെയാണു് "മതം" എന്നു് ഇവിടെ സംജ്ഞാകരണം ചെയ്തിരിക്കുന്നതു്. പ്രകൃതിഭേദമായ വിശേഷബുദ്ധിയെ വ്യഭിചരിപ്പിക്കാതെ ശാന്തമായി ആലോചിക്കുന്നപക്ഷം ദൈവമുണ്ടെന്നും മതം മനുഷ്യനു് അവശ്യാവശ്യമാണെന്നും വെളിപ്പെടാതിരിക്കയില്ല. സുവിദിതങ്ങളായ ഈ അനുമാനങ്ങളെ കണ്ണുമടച്ചു നിഷേധിക്കുക അത്ര എളുപ്പമല്ലാത്തതിനാൽ, "സർവ്വസംശയവാദം" "ശൂന്യവാദം" "അദ്വൈതം" എന്നെല്ലാം അറിയപ്പെടുന്ന ചിലസിദ്ധാന്തങ്ങളിൽ മതവിദ്വേഷികൾ അഭയം പ്രാപിക്കുന്നതായി നാം കണ്ടുവരുന്നു. "സർവ്വസംശയവാദികൾ" മതത്തിന്റെ ആവശ്യകതയെ സംശയിക്കയല്ലാതെ അതിനെ നിഷേധിക്കുന്നില്ല. "ശൂന്യവാദികളാ"കട്ടെ ദൈവാസ്തിക്യത്തേയും മതത്തിന്റെ ആവശ്യകതയേയും പാടേ നിഷേധിക്കുകതന്നെ ചെയ്യുന്നു. ദൈവവും മനുഷ്യനും ഒന്നാണെന്നും (അദ്വൈതം) തന്നിമിത്തം "മനുഷ്യനു ദൈവത്തോടുള്ള കർത്തവ്യം" എന്നഅർത്ഥത്തിൽ മതം ഉണ്ടാകുവാൻ പാടില്ലെന്നും ആണു് "അദ്വൈതവാദികളു"ടെ അഭിമതം.

സർവ്വസംശയവാദം, ശൂന്യവാദം, ദൈവാസ്തിക്യം, അദ്വൈതവാദം എന്നിതുകളേപ്പറ്റി ചുരുക്കമായി ചിലതെ

ല്ലാം പ്രസ്താവിച്ചശേഷം മതത്തിന്റെ ആവശ്യകതയെ സ്ഥാപിക്കണമെന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വേറേ ചില എതിർവാദങ്ങളും സംബന്ധിച്ചും ഇടയ്ക്ക് പ്രസ്താവനകളും ഉണ്ടായിരിക്കുന്നതാണ്.

I

നമുക്കുചുറ്റും നമ്മിൽ തന്നെയും പലതും സംഭവിക്കുന്നുണ്ടെന്നു് നമുക്കറിയാം. നാം ഓരോരുത്തരും ഇതിനു് അനുഭവസാക്ഷികളും ആണു്. നാം അനുഭവിക്കുന്ന ഭക്ഷണപാനീയങ്ങളും നമ്മുടെ മാംസരക്തങ്ങളായി പരിണമിക്കുന്നു. ശീതോഷ്ണങ്ങളും ചിലപ്പോൾ അധികമായി നമ്മെ ബാധിക്കാറുണ്ടു്. ആലോചനാപൂർവ്വം ചിലസംഗതികളേപ്പറ്റി നാം ചിന്തിക്കാറില്ലയോ? അഭിപ്രായങ്ങളും നിശ്ചയങ്ങളും ആണു് പലപ്പോഴും നമ്മുടെ ചിന്താഫലങ്ങൾ. അഭിപ്രായങ്ങൾക്കും നിശ്ചയങ്ങൾക്കും അനുസരണമായി നമ്മിൽ നിന്നു പുറപ്പെടാറുള്ള പ്രവൃത്തികളുടെ ഉത്തരവാദികളും നാംതന്നെ- പ്രകൃതിദത്തങ്ങളായ ഇന്ദ്രിയങ്ങളുടേയും വിശേഷബുദ്ധിയുടേയും സഹായത്താലാകുന്ന ഈ സംഭവങ്ങളെല്ലാം നമുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്.

നമ്മുടെ ഇന്ദ്രിയങ്ങളെ വിശ്വസിക്കാമോ? നമ്മുടെ വിശേഷബുദ്ധിതന്നേയും വഞ്ചനയ്ക്ക് അധീനമല്ലയോ? എന്നിങ്ങനെ പലരും ചോദിക്കാറുണ്ടു്. ചിലസാഹചര്യങ്ങളിൽ ചിലവ്യക്തികളേ സംബന്ധിച്ചു് ഇന്ദ്രിയങ്ങളും ബുദ്ധിയും വഞ്ചിക്കപ്പെട്ട എന്നുവരാം. എന്നാൽ വഞ്ചനയ്ക്ക് അവ സദാ അധീനങ്ങളാണെന്നും തദ്വാരാ ഒരിക്കലും അവയെ വിശ്വസിച്ചുകൂടാ എന്നും സമർത്ഥിക്കുക അബദ്ധമായിരിക്കും. ഈദൃശമായ സമർത്ഥനമാണു് സർവ്വസംശയവാദം.

എല്ലാ സംഗതികളേപ്പറ്റിയും സംശയിക്കണം; യാതൊന്നിനേപ്പറ്റിയും നിശ്ചയം പറഞ്ഞുകൂടാ എന്നുസിദ്ധാന്തിച്ചിരുന്നവർ ഒരു കാലത്തു് ധാരാളമുണ്ടായിരുന്നു. ഇങ്ങനെയുള്ള സർവ്വസംശയവാദികളും ഇപ്പോഴും നിശേഷം ഇല്ലാതായിട്ടില്ല. എന്നാൽ വളരെ വിചിത്രമായ ഒരു നിലയാണു് ഇവർ അവലംബിച്ചിരിക്കുന്നതു്. "എല്ലാ സംഗതികളേപ്പറ്റിയും സംശയിക്കണം" എന്നു പറയുന്നവർക്കു് ആ സംഗതിയിൽ, അഥവാ അങ്ങനെ പറയുന്നതിൽ യാതൊരു സംശയവും ഇല്ലപോൽ! "യാതൊന്നിനേപ്പറ്റിയും നിശ്ചയം പറഞ്ഞുകൂടാ" എന്നു ശഠിക്കുന്നവർക്കു് ആ ശാഠ്യം നിശ്ചയപരമാണെന്നു നല്ലനിശ്ചയമുണ്ടത്രെ!

എല്ലാ സംഗതികളേപ്പറ്റിയും സംശയിക്കേണ്ടതാണെങ്കിൽ "എല്ലാസംഗതികളേപ്പറ്റിയും സംശയിക്കണം" എന്ന തത്വവും സംശയാസ്പദമല്ലയോ? യാതൊന്നിനേപ്പറ്റിയും നിശ്ചയം പറയുവാൻ പാടില്ലെങ്കിൽ "യാതൊന്നിനേപ്പറ്റിയും നിശ്ചയം പറയുവാൻ പാടില്ല" എന്ന സിദ്ധാന്തവും നിശ്ചയപരമായ ഒന്നായി കരുതുവാൻ പാടുള്ളതല്ല. എല്ലാം സംശയഗ്രസ്തങ്ങളാണെങ്കിൽ "എല്ലാം സംശയഗ്രസ്തങ്ങളാണെ"ന്നുള്ള വാദവും സംശയഗ്രസ്തമാണെന്നു സമ്മതിക്കണം. ഇങ്ങനെയൊരു സമ്മതം നൽകുവാൻ സർവ്വസംശയവാദികളും വിമുഖരായി കാണപ്പെടുന്നു. "എല്ലാ സംഗതികളേപ്പറ്റിയും സംശയിക്കണം" എന്നുള്ള തത്വം സംശയരഹിതമായ ഒന്നായി സ്വീകരിക്കാതെ സർവ്വസംശയവാദത്തിനു് യാതൊരു നിലയുമില്ലെന്നു വിശദമാണല്ലൊ. എന്നാൽ, സർവസംശയവാദം സ്വീകാര്യമാക്കുവാൻവേണ്ടി ഏതെങ്കിലും ഒരു തത്വം സംശയരഹിതമെന്നു സമ്മതിക്കുന്നതും ഇരിക്കുന്ന കൊമ്പുവെട്ടുന്നതും ഒന്നുത

ന്നെയാണു്. അതെ. സർവസംശയവാദം സ്ഥാപിക്കുവാൻ സർവസംശയവാദം നശിപ്പിക്കണം! ഇതിൽപരം അർത്ഥശൂന്യമായി വേറെ എന്താണുള്ളതു്?

എല്ലാ സംഗതികളേപ്പറ്റിയും സംശയിക്കണമെന്നു മുകതകണ്ഠം ഘോഷിക്കുന്ന മഹാന്മാർ തങ്ങൾക്കു വിശപ്പുണ്ടോ ദാഹമുണ്ടോ എന്നിങ്ങനെയുള്ള സംഗതികളിൽ സംശയം ലേശംപോലും പ്രദർശിപ്പിച്ചു വരുന്നില്ല. ഇപ്രകാരമുള്ളവരെ പത്തുദിവസം പട്ടിണികിടത്തുകയോ, ദേഹോപദ്രവം ഏല്പിക്കയോ, അവർക്കു മാനഹാനി വരുത്തുകയോ, അവരുടെ കുറെ പണം കവർന്നെടുക്കുകയോ ചെയ്താൽ ഏതെല്ലാംതരം പ്രക്ഷോഭണങ്ങളാണു അവരുണ്ടാക്കുമെന്നു് എല്ലാവർക്കും ഏറെക്കുറെ അറിയാവുന്നതാണു്. "ഹേ! എല്ലാ സംഗതികളേപ്പറ്റിയും സംശയിക്കുകയല്ലയോ വേണ്ടതു്? നിശ്ചയമായി യാതൊന്നുമില്ലല്ലൊ. നിങ്ങൾ എന്തിനു ക്ഷോഭിക്കുന്നു? നിങ്ങൾക്കു വിശപ്പുണ്ടെന്നോ, ക്ഷീണം പത്തുദിവസത്തേയ്ക്കു കിട്ടിയില്ലെന്നോ, നിങ്ങൾ ദേഹോപദ്രവം സഹിച്ചെന്നോ, നിങ്ങൾക്കു മാനഹാനി നേരിട്ടെന്നോ, നിങ്ങളുടെ പണം നഷ്ടപ്പെട്ടെന്നോ ഒന്നാനിശ്ചയമില്ലല്ലൊ. നിങ്ങൾക്കു ശാന്തമായിരുന്നുകൂടയോ? എന്തിനു ബഹളം കൂട്ടുന്നു? എല്ലാ സംഗതികളേപ്പറ്റിയും സംശയിച്ചുകൊണ്ടാലും" ഈ വിധത്തിലെല്ലാം സർവസംശയവാദികളോടു യുക്തിപൂർവം നമുക്കു ചോദ്യം ചെയ്യാവുന്നതാണു്. എന്നാൽ അവരുടെ ഉത്തരം എന്തായിരിക്കും? സംശയം, സംശയം എന്ന ധ്വനിപോലും അപ്പോൾ ഉണ്ടാകയില്ല!

മനുഷ്യനു് പ്രകൃതിദത്തങ്ങളായിരിക്കുന്ന ഇന്ദ്രിയങ്ങളും ബുദ്ധിയും വഞ്ചനയുടെ സദാ അധീനങ്ങളാണെന്നുള്ള വാദം പ്രകൃതി വിരുദ്ധം കൂടിയാകുന്നു. കണ്ണു് കാഴ്ചയുടെ, ചെവി

കേംവിക്കും, തച്ചക്ക് സ്പർശനത്തിനും ബുദ്ധി ആലോചനക്കും പ്രകൃത്യാതന്നെ നിയുക്തങ്ങളല്ലയൊ? പ്രകൃതിതന്നെ നിശ്ചയിച്ചിരിക്കുന്നു ഉദ്യോഗനിർവ്വഹണത്തിനു് പ്രകൃതിദത്തങ്ങളായ ഉപകരണങ്ങളും പ്രകൃത്യാതന്നെ അശക്തങ്ങളെന്നു പറയുകപ്രകൃതിയിൽത്തന്നെവിരുദ്ധവൃത്തികയാണു്. സർവ്വസംശയവാദികളും ഇപ്രകാരമുള്ള പ്രകൃതിവിരുദ്ധതയെ പ്രഘോഷിക്കുന്നവരാണെന്നു് ആക്ഷേപമെന്തുസ്ഥിരമാകാത്തതു്? അവരുടെ സിദ്ധാന്തപ്രകാരം മനുഷ്യന്റെ പ്രകൃതിദത്തങ്ങളായ ശക്തികളെല്ലാം പ്രകൃത്യാതന്നെ വഞ്ചനയ്ക്കു് സദാ അധീനങ്ങളാണത്രെ! കൂടുക്കൂടി വിശദമായിപ്പറഞ്ഞാൽ പ്രകൃതി പ്രകൃതിക്കു വിരുദ്ധമാണെന്നത്രെ അവരുടെ വാദം! ഈദൃശമായ വാദരീതി സുബുദ്ധിക്കു യോജിച്ചതല്ലെന്നു സ്പഷ്ടമല്ലയൊ?

കായ്യലാഭമില്ലാത്ത സംഗതികളിലും മതവിഷയകമായും മാത്രമേസർവ്വ സംശയവാദം കേംക്കാവുള്ളു എന്നു പ്രത്യേകം എടുത്തുപറയണ്ടതായുണ്ടു്. കായ്യലാഭമുള്ളസ്ഥാനങ്ങളിൽ സംശയം പുറപ്പെടുവിക്കുന്നവർ സർവ്വസംശയവാദികളുടെ ദൃഷ്ടിയിലും മൂഢന്മാർതന്നെയാണു്!.

സർവ്വസംശയവാദത്തിന്റെ അടിസ്ഥാനരാഹിത്യം ഇത്രയുംപ്രസ്താവിച്ചുവയിൽനിന്നു് വ്യക്തമായിട്ടുണ്ടെന്നു കരുതുന്നു. സംശയരഹിതമായ ഒരു തത്വമാണു് സർവ്വസംശയത്തിനു് ആധാരം. ഇതെത്ര അത്ഥശൂന്യം! സർവ്വസംശയവാദിക്കും ഇഷ്ടമില്ലാത്ത സംഗതികളിൽ മാത്രമെ സംശയമുള്ളുതാനും! ഏതെങ്കിലും ഒരു തത്വം സംശയരഹിതമാണെങ്കിൽ അതെങ്കിലും നമുക്കു നിശ്ചയമായിഗ്രഹിക്കാമെന്നുസിദ്ധിക്കുന്നു. അതു നിശ്ചയമായി ഗ്രഹിക്കാമെങ്കിൽ അതുപോലെയുള്ള വേറെ തത്വങ്ങൾ എന്തുകൊണ്ടു നിശ്ചയമായിഗ്ര

ഫിച്ചുകൂടാ? നമ്മുടെ ഇന്ദ്രിയങ്ങളും ബുദ്ധിശക്തിയും, അവ മറ്റുവിധത്തിൽ വഞ്ചനയ്ക്കധീനങ്ങളല്ലെങ്കിൽ വിശ്വസിക്കപ്പെടുകതന്നെവേണം. പ്രകൃത്യാതന്നെ അവ അവയുടെ പ്രകൃതിദത്തമായ ഉദ്യോഗനിർവ്വഹണത്തിനു് അശക്തങ്ങളാണെന്നതുകൊണ്ടു സംശയവാദം സിദ്ധാന്തിക്കുന്നതു്. ഈ സിദ്ധാന്തം യാതൊരു വിധത്തിലും സ്വീകാര്യമല്ലെന്നു മുകളിൽ പ്രസ്താവിച്ചവ വിശദീകരിച്ചിട്ടുണ്ടു്. സുവിദിതങ്ങളും സർവ്വസമ്മതങ്ങളും ആയ തത്വങ്ങളും അവയെ അടിസ്ഥാനപ്പെടുത്തിയുള്ള യുക്തിവാദങ്ങളും അനുമാനങ്ങളും സംശയഗ്രസ്തങ്ങളോ അത്ഥശൂന്യങ്ങളോ എന്നഭാവത്തിൽ തിരസ്കരിക്കപ്പെടാവുന്നവയല്ല. ചില വ്യക്തികൾക്കു് തെറ്റുവരികയും ഭാവ്യമാണു്. എന്നാൽ സുസ്പഷ്ടങ്ങളായ മൂലതത്വങ്ങൾ സംബന്ധിച്ചുള്ള തെറ്റുകൾ ചിത്തഭ്രമം പിടിപെട്ടവർക്കോ രോഗനിമിത്തം ഇന്ദ്രിയശക്തി ക്ഷയിച്ചവർക്കോ മാത്രമേ സംഭവിക്കുവാൻ പാടുള്ളൂ. "ഒരുവസ്തു ഒരു സമയത്തു് ഒരു സ്ഥലത്തു ഒരുവിധത്തിൽ ഉണ്ടെന്നും അതേവിധത്തിൽത്തന്നെ ഇല്ലെന്നും വരുവാൻ പാടുള്ളതല്ല." "ഒരുവസ്തു അതിന്റെ ഏതെങ്കിലുംഒരു അംശത്തേക്കാൾ വലുതായിരിക്കണം", എന്നിപ്രകാരമുള്ള സുവിദിതങ്ങളായ മൂലതത്വങ്ങളിൽ അബദ്ധമുണ്ടെന്നു സംശയിക്കുന്നവരുടെ വാസസ്ഥലം ഭ്രാന്തശാലയാണെന്നു് കൊച്ചുകുട്ടികൾപോലും സമ്മതിക്കയില്ലയെ?. ഏതെങ്കിലുമൊരു തത്വം സ്വീകാര്യമാണെങ്കിൽ അതിൽനിന്നു നിഗ്രഹിക്കുന്ന അനുമാനങ്ങളും സ്വീകാര്യമാകാതെ തരമില്ല.

II

എല്ലാം ശൂന്യമാണെന്നുശഠിക്കുന്ന ശൂന്യവാദികൾക്കെതിരായും മേൽപ്രസ്താവിച്ചപ്രകാരം യുക്തിവാദംചെയ്യുവുന്ന

താണു്. സർവ സംശയവാദത്തിനുള്ളതുതന്നെയാണു് ശൂന്യവാദത്തിനുമുള്ള സമാധാനം. എല്ലാം ശൂന്യമാണെന്നുള്ള സിദ്ധാന്തം ചിലതു ശൂന്യമല്ലെന്നുള്ള ബോധത്തിൽ അടിസ്ഥാനപ്പെട്ടാണു് നില്ക്കുന്നതു്. എല്ലാം ശൂന്യമാണെന്നുള്ള സിദ്ധാന്തം ശരിയാണെങ്കിൽ, അങ്ങനെസിദ്ധാന്തിക്കുന്നവരും അവരുടെ സിദ്ധാന്തവും ശൂന്യമല്ലയോ? ശൂന്യാവസ്ഥയിൽ സ്ഥിതിചെയ്യുന്നവർ ഏതെങ്കിലും ഒരു സിദ്ധാന്തം സമീകരിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നതെങ്ങനെ? അതെ, എല്ലാം ശൂന്യമാണെന്നു സ്ഥാപിക്കുവാൻ ചിലതു ശൂന്യമല്ലെന്നു സ്ഥാപിക്കണം!

സർവ സംശയവാദികളെ എന്നപോലെ ശൂന്യവാദിയും ഭേഷോപദ്രവമോ, മാനഹാനിയോ, പണനഷ്ടമോ അനുഭവിപ്പിക്കുക. ശൂന്യവാദത്തിൽ അവക്കുള്ള ഉത്തമവിശ്വാസം അപ്പോൾ വെളിപ്പെട്ടും

സുവിദിതങ്ങളായ ചില സംഗതികളെങ്കിലും എല്ലാവരും അവശ്യം സമ്മതിക്കണമെന്നു് ഇതുയും പ്രസ്താവിച്ചുവയിൽനിന്നു വിശദമായിരിക്കുമല്ലൊ. അങ്ങനെയുള്ള സംഗതികളാകുന്നു ദൈവമുണ്ടെന്നു നമ്മെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നവ. അതുകയാൽ ദൈവാസ്തിക്യത്തെപ്പറ്റി താഴെ പ്രതിപാദിക്കാം.

III

നമ്മിലാരും നിതൃതപം മുതൽ ജീവിച്ചിരിക്കുന്നവരല്ലെന്നു എല്ലാവർക്കും അറിയാം. നമ്മിൽ സദാസ്ഥിതിഭേദം സംഭവിക്കുന്നു എന്നതും നമുക്കു് അനുഭവഗോചരമാണു്. ഇങ്ങനെയുള്ള സംഗതികൾ സംശയരഹിതങ്ങളാണെന്നു് ആരും സമ്മതിക്കും. ഒരു മുന്നൂറു കൊല്ലങ്ങൾക്കുമുമ്പു് ഇപ്പോൾ ഭൂമുഖത്തു കാണുന്നവരിൽ ആരും ജീവിച്ചിരുന്നില്ല.

ഇപ്പോൾ ജീവിച്ചിരിക്കുന്ന മനുഷ്യരിൽ ചിലരെപ്പറ്റി ചില സംഗതികൾ സംശയരഹിതമായി നമുക്കറിവാൻ സാധിക്കുന്നുണ്ട്. നമുക്കു സുപരിചിതനായ ചാക്കോയ്ക്കു് മാതാപിതാക്കന്മാരുണ്ടെന്നും അവന്റെ വാസസ്ഥലം ഏതെന്നും മറ്റും നമുക്കു നിശ്ചയമായി അറിയാം. നാമെല്ലാവരും സ്ഥിതിഭേദത്തിനു അധീനരാണെന്നുള്ളതും സുസ്പഷ്ടമായ ഒരു സംഗതിയാകുന്നു. ചാക്കോ ഏതു കാരണത്താൽ മനുഷ്യനായിരിക്കുന്നുവോ അതേ കാരണത്താൽ തന്നേയാണു് അവന്റെ മാതാപിതാക്കന്മാരും നാം ഓരോരുത്തരും മനുഷ്യരായിരിക്കുന്നതു്. നമ്മിൽ ഓരോരുത്തരിലും എന്നപോലെ ചാക്കോയിലും മാറ്റങ്ങളും സ്ഥിതിഭേദങ്ങളും സദാ സംഭവിച്ചുകൊണ്ടാണിരിക്കുന്നതു്. ഇവയെല്ലാം എല്ലാവർക്കും സുവിദിതങ്ങളാണു്.

മനുഷ്യത്വമുള്ളവൻ എന്ന കാരണത്താൽ ചാക്കോ ഒരു മനുഷ്യനാണു്. എന്നാൽ അവന്റെ മനുഷ്യത്വം സ്വയംഭൂ അല്ല. അതു സ്വയംഭൂ ആയിരുന്നെങ്കിൽ മാതാപിതാക്കന്മാരെ ക്കൂടാതെതന്നെ ചാക്കോയ്ക്കു് മനുഷ്യാസ്തിക്യം ഉണ്ടാകുമായിരുന്നു. ആകയാൽ ചാക്കോയുടെ മനുഷ്യത്വം അഥവാ ചാക്കോ അവന്റെ അസ്തിക്യത്തെ സംബന്ധിച്ചിടത്തോളം പരാശ്രിതനാണെന്നു സിദ്ധിക്കുന്നു. അവന്റെ മനുഷ്യത്വം പരാശ്രയരഹിതവും സ്വയംഭൂവും ആയിരുന്നെങ്കിൽ അവൻ മാതാപിതാക്കന്മാരെ ക്കൂടാതെ ഭൂമുഖത്തു പ്രത്യക്ഷനാകുമായിരുന്നു. ചാക്കോ പരാശ്രിതനാകുന്നു എന്നാണല്ലൊ ഇതിൽനിന്നുള്ള അനുമാനം.

ചാക്കോയിൽ സദാ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിഭേദങ്ങളും അവന്റെ പരാശ്രിതപ്രകൃതിയെ വെളിപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ ഒരു വസ്തു ഒരവസ്ഥയിൽ

നിന്നു നവമായ വേറൊരവസ്ഥയിലേക്ക് മാറുന്നതു് നവമായ അ അവസ്ഥ അതിനില്ലാത്തതുകൊണ്ടുമാത്രമാണു്. അതിനില്ലാത്ത അ അവസ്ഥയെ ആശ്രയിച്ചാൽ മാത്രമേ അതിനു് അ അവസ്ഥ പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. അ കയാൽ സ്ഥിതിഭേദം പരാശ്രയത്തെ ദ്യോതിപ്പിക്കുന്നു എന്നു സിദ്ധിക്കുന്നു.

ചാക്കോയുടെ മനുഷ്യത്വം പരാശ്രിതമാണെങ്കിൽ അവന്റെ മാതാപിതാക്കന്മാരിലുള്ള അതേതരം മനുഷ്യത്വവും പരാശ്രിതമായിരിക്കണം. ഈ കാരണത്താൽ എല്ലാ മനുഷ്യരിലുമുള്ള മനുഷ്യത്വം പരാശ്രിതമാണെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. മനുഷ്യത്വം സ്വയംഭൂവല്ല പരാശ്രിതമാണു് എന്നല്ലയോ ഇതിൽ നിന്നുള്ള അനുമാനം? നമ്മിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിഭേദങ്ങളും മനുഷ്യന്റെ പരാശ്രിതപ്രകൃതിയെ വെളിപ്പെടുത്തുന്നവയാണു്.

പരാശ്രിതമായി സ്ഥിതി ചെയ്യുന്ന ഒരു വസ്തു വേറൊന്നിന്റെ പ്രവൃത്തിനിമിത്തമാണു് തദാസ്തിക്യം പ്രാപിക്കുന്നതു്. ആ വേറൊന്നില്ലെങ്കിൽ പരാശ്രിതവസ്തു പരാശ്രിതാവസ്ഥയിൽപ്പോലും സ്ഥിതി ചെയ്കയില്ല. മനുഷ്യത്വം പരാശ്രിതമാകയാൽ അതു വേറൊന്നിന്റെ പ്രവൃത്തിനിമിത്തം സ്ഥിതി ചെയ്യുന്നതാണെന്നു സിദ്ധിക്കുന്നു. ആ വേറൊന്നു് പരാശ്രിതമോ സ്വയംഭൂവോ? പരാശ്രിതമെങ്കിൽ അതു മറ്റൊന്നിനെ ആശ്രയിച്ചാണു് സ്ഥിതിചെയ്യുന്നതു്. ആ മറ്റൊന്നും പരാശ്രിതമാണെങ്കിൽ മൂന്നാമതൊന്നായിരിക്കണം അതിന്റെ പരാശ്രിതാസ്തിക്യഹേതു. എന്നാൽ ഈദൃശമായ പരസ്പരാശ്രയശൃംഖല അനുഭവരഹിതമായിരിക്കുവാൻ പാടില്ല. ഓരോന്നും വേറൊന്നിനെ ആശ്രയിച്ചാണല്ലൊ സ്ഥിതിചെയ്യുന്നതു്. സ്വയംഭൂവായ ഒന്നില്ലെങ്കിൽ

പരാശ്രിതങ്ങളായ നിരവധിവസ്തുക്കൾ പരാശ്രയമോ ആധാരമോ കൂടാതെ സ്ഥിതിചെയ്യുന്നു എന്നു സമ്മതിക്കേണ്ടിവരും. പരാശ്രയത്തോടേ സ്ഥിതിചെയ്യുന്നവ പരാശ്രയം കൂടാതെ സ്ഥിതിചെയ്യുന്നു എന്നല്ലയോ ഇതിന്റെ സാരം? അതായതു് ഒരേഒരു വസ്തു ഒരേ ഒരു രീതിയിൽ ആണെന്നും അല്ലെന്നും! ഈ നില സ്വീകാര്യമല്ലാത്തതിനാൽ പരാശ്രയരഹിതവും സ്വയംഭൂവും ആയ ഒരു വസ്തുവിനെ ആശ്രയിച്ചാണു പരാശ്രിതവസ്തുക്കളെല്ലാം സ്ഥിതിചെയ്യുന്നതെന്നു സമ്മതിക്കണം. മനുഷ്യരെല്ലാവരും പരാശ്രിതമായ ഒരു സ്ഥിതിയെ അവലംബിച്ചിരിക്കുന്നു എന്നു മുകളിൽ തെളിയിച്ചിട്ടുണ്ടു്. ആകയാൽ, പരാശ്രയരഹിതവും സ്വയംഭൂവും ആയ ഒരു പരമാസ്തിക്യത്തിന്റെ ആവശ്യകതയെ സംസ്ഥാപിക്കുന്നതു നാണു മനുഷ്യാസ്തിക്യം എന്നുസിദ്ധിക്കുന്നു. പരാശ്രയരഹിതമായ ആ പരമാസ്തിക്യം അതിനെ ആശ്രയിച്ചുനില്ക്കുന്നവയുടെയെല്ലാം ആദിമകാരണവും ആണു്. ഇപ്രകാരമുള്ളവസ്തു അവശ്യസ്ഥിതമായ ഒന്നായിരിക്കണമെന്നു വിശദമാണല്ലൊ. അവശ്യസ്ഥിതമല്ലെങ്കിൽ അതു സ്ഥിതിഭേദത്തിനു് അധീനവും തദ്ഭാരാ പരാശ്രിതവുമായിത്തീരുകയും.

പരാശ്രയരാഹിത്യം, സ്വയംഭൂത്വം, ആദിമകാരണം, അവശ്യസ്ഥിതി ആദിയായലക്ഷണങ്ങളുള്ള ഒരുവസ്തു ഉണ്ടായിരിക്കേണ്ടതു് അനുഭവാപേക്ഷിതമാണെന്നു മറ്റുപല മാർഗ്ഗങ്ങളിലൂടെയും തെളിയിക്കുവാൻ പാടുണ്ടു്. എന്നാൽ മറ്റു തെളിവുകളൊന്നും ഇവിടെ ഗ്രാഹ്യരാക്കണമെന്നുദ്ദേശിക്കുന്നില്ല. പ്രസ്തുതലക്ഷണങ്ങളുള്ള വസ്തുവിനാണു് "ദൈവം" എന്നുപറയുന്നതു്. ദൈവാസ്തിക്യം അവശ്യം സമ്മതിക്കണമെന്നാണല്ലൊ ഇതുയുംപ്രസ്താവിച്ചവയുടെ പൂരകം.

ദൈവവും നാമും ഒന്നുതന്നെ എന്നുള്ള അദ്വൈതവാദം സ്വീകാര്യമാണൊ എന്നാണു് ഇനി പരിശോധിക്കുവാനുള്ളതു്.

IV

പരാശ്രയരഹിതവും സ്വയംഭൂവും ആയവസ്തു അഥവാ ദൈവം പ്രകൃത്യാതന്നെ യാതൊന്നിനാലും നിയന്ത്രിക്കപ്പെടുവാനോ ഏതെങ്കിലും അപൂർണ്ണതയ്ക്കു് അധീനപ്പെടുവാനോ പാടുള്ളതല്ല. നിയന്ത്രിതപ്രകൃതിയും അപൂർണ്ണതയും പരാശ്രയത്തെ പ്രദ്യോതിപ്പിക്കുന്നു എന്നതാണു് ഇതിനുള്ള കാരണം. എന്തുകൊണ്ടെന്നാൽ നിയന്ത്രിതവസ്തു വേറൊന്നിനാൽ നിയന്ത്രിക്കപ്പെടുകയും അപൂർണ്ണവസ്തു വേറൊന്നിനാൽ പൂർണ്ണമാക്കപ്പെടുകയും ചെയ്യുന്നു. ആകയാൽ ദൈവം അനിയന്ത്രിതനും പരിപൂർണ്ണനും ആയിരിക്കണമെന്നു വിശദമാണു്.

സ്വയംഭൂ, അനിയന്ത്രിതൻ, പരിപൂർണ്ണൻ ഇത്യാദി ലക്ഷണങ്ങൾ കൊണ്ടുവാൽ താൻ ദൈവമാണെന്നുള്ള ബോധം പ്രകൃത്യാതന്നെ ദൈവത്തിനുണ്ടായിരിക്കണം. താൻ ദൈവമാണെന്നുള്ള ബോധം ഉണ്ടായിരിക്കുക ദൈവത്വത്തിന്റെ ഒരു പൂർണ്ണതയാണെന്നു സംശയമില്ലല്ലൊ. ദൈവം പരിപൂർണ്ണനാകയാൽ ഈ ബോധം ദൈവത്തിനുണ്ടായിരിക്കേണ്ടതു പ്രകൃത്യാതന്നെ അത്യാവശ്യകമാണു്. ഏതെങ്കിലുമൊരുസമയത്തു് ഈ ബോധം ഇല്ലാതെയായാൽ ആസമയത്തു് ഈ സംബന്ധമായ അപൂർണ്ണത ദൈവത്വത്തെ ബാധിക്കുന്നു. അപൂർണ്ണതയ്ക്കു് അധീനമാകുന്നക്ഷണത്തിൽ ദൈവത്വം പരാശ്രിതവും ആകുന്നു. പരാശ്രയമാകട്ടെ ദൈവത്വത്തിനുയോജിച്ചതല്ല. ആകയാൽ താൻ ദൈവമാണെന്നുള്ളബോധം ദൈവത്വത്തിനു സദാഉണ്ടായിരിക്കണം.

താൻ ദൈവമാണെന്നുള്ള ബോധം ഇല്ലാത്തവൻ ആരോ അവനു ദൈവത്വമില്ല, അഥവാ അവൻ ദൈവമല്ല. ദൈവമാണെന്നുള്ള ബോധം ഇല്ലാതിരിക്കുക എന്ന അവസ്ഥ സല്പസമയമെങ്കിലും ദൈവത്വത്തിനു് ഉണ്ടാകുവാൻ പാടില്ലാത്തതിനാൽ, നാം ദൈവത്വമുള്ളവരല്ലെന്നു സിദ്ധിക്കുന്നു. ദൈവത്വം നമുക്കു സ്വയമൊ, നാം ദൈവത്തിന്റെ രൂപഭേദങ്ങളൊ ആണെങ്കിൽ ഈ ഉദ്ദേശമായ ബോധം സദാ നമ്മിൽ ഉണ്ടാകേണ്ടതാണു്. ദൈവവും നാമും ഒന്നുതന്നെയല്ല എന്നാണല്ലൊ ഇതിൽനിന്നുള്ള അനുമാനം.

പരമാത്മാവും ജീവാത്മാവും ഒന്നുതന്നെയാണെന്നും, ചാക്കൊ, രാമൻ എന്നിങ്ങനെ പ്രത്യക്ഷപ്പെടുന്ന വ്യക്തികളും (ജീവാത്മാവു്) യഥാർത്ഥത്തിൽ പരമാത്മാവു് അഥവാ സ്വയംഭ്രുവായ ദൈവം തന്നെയാണെന്നും, ഓരോരുത്തർക്കും തങ്ങളും പരമാത്മാവാണെന്നുള്ള ബോധമില്ലാത്തതിനാൽ പലവ്യക്തികളായി അവർകാണപ്പെടുന്നതാണെന്നും, ഈ ബോധമുണ്ടാകുന്ന ക്ഷണത്തിൽ വ്യക്തികളില്ലാതായിപരമാത്മാവുമാത്രം ശേഷിക്കുമെന്നും സാധാരണമായി നമ്മുടെ നാട്ടിൽ കേൾക്കാവുള്ള അദ്വൈതവാദം അസാധുവാണെന്നുമുകളിൽ പ്രസ്താവിച്ചുവയിൽ നിന്നുവിശദമാകുന്നു.

നാമെല്ലാവരും ദൈവാംശങ്ങളാണെന്നുള്ള വാദവും സ്വീകാര്യമല്ല. നാം യഥാർത്ഥ ദൈവാംശങ്ങളാണെങ്കിൽ ദൈവം സ്ഥിതിഭേദാധീനനും പരാശ്രിതനും ആണെന്നും അവശ്യസ്ഥിതനുമല്ലെന്നും സിദ്ധിക്കുന്നു.

സ്വയം പ്രത്യക്ഷമാക്കുവാൻ ദൈവം സ്വീകരിച്ചിരിക്കുന്ന ബാഹ്യോപകരണങ്ങളാണു നാമോരോരുത്തരും എന്നു് സമർത്ഥിക്കുന്നവരും ഇല്ലാതില്ല. ഈ ബാഹ്യോപകരണം ദൈവത്വത്തിൽനിന്നു വ്യത്യസ്തമാണോ അല്ലയോ എന്നാ

ണു് ഇവിടെ വിവക്ഷ. വ്യത്യസ്തമല്ലെങ്കിൽ ദൈവമാണെന്നുള്ള ബോധം സദാ നമുക്കുണ്ടായിരിക്കേണ്ടതാണു്. ആ ബോധം നമുക്കില്ലാത്തതിനാൽ നാം ദൈവത്തിൽനിന്നു വ്യത്യസ്തരായ വ്യക്തികളാണെന്നു സിദ്ധിക്കുന്നു. താൻ ദൈവമാണെന്നുള്ള ബോധം തനിക്കുണ്ടെന്നു ആരെങ്കിലും പറയുന്ന പക്ഷം എല്ലാസമയത്തും ആ ബോധം അവനില്ലെന്നു് അവനെ നിഷ്പ്രയാസം സമ്മതിപ്പിക്കാൻ നമുക്കു സാധിക്കും. എന്നാൽ ദൈവതത്വം സ്വന്തമായിട്ടുള്ളവനു താൻ ദൈവമാണെന്നുള്ള ബോധം ദൈവതത്വത്താൽത്തന്നെ സദാ ഉണ്ടാകേണ്ടതാണല്ലോ. (സ്വയം പ്രത്യക്ഷമാക്കുവാൻ ദൈവം നമ്മെ ബാഹ്യോപകരണങ്ങളാക്കീട്ടുണ്ടോ എന്നതുസംബന്ധിച്ചു് ഇവിടെ യാതൊന്നും പ്രസ്താവിക്കുന്നില്ല).

"പരമാത്മാവിനു് താൻ പരമാത്മാവു്, അഥവാ ദൈവം ആണെന്നുള്ള ബോധം സദാ ഉണ്ടായിരിക്കേണ്ടതാണു്. എന്നാൽ ജീവാത്മാവിന്റെ രൂപത്തിൽ കാണുന്നവ 'മായ' ആകുന്നു. യഥാർത്ഥത്തിൽ ഒന്നു മാത്രമേയുള്ളു. അതു പരമാത്മാവാണു്. മറ്റുള്ളവ യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നുവെങ്കിൽ പരമാത്മാവായിട്ടേ സ്ഥിതിചെയ്യുകൂടൂ. എന്നാൽ അങ്ങനെയുള്ള സ്ഥിതി മേൽപറഞ്ഞ ബോധത്തോടുകൂടിയതായിരിക്കണം. ആ ബോധമാകട്ടെ നമുക്കില്ലാത്തതിനാൽ നാം യഥാർത്ഥവസ്തുക്കളല്ല, 'മായ' ആണു്." ഈ രീതിയിൽ അദ്വൈതവാദം സ്ഥാപിക്കുവാൻ ശ്രമിക്കുന്നവരും ധാരാളമുണ്ടു്.

നാമും നമ്മുടെ അനുഭവങ്ങളും യഥാർത്ഥങ്ങളല്ല മായയാണു് എന്നാണല്ലൊ ഈ സിദ്ധാന്തം. ഇതു മേൽ സൂചിപ്പിച്ച ശൂന്യവാദത്തിന്റെ ഒരു വകഭേദം മാത്രമാണു്. നാമും നമ്മുടെ അനുഭവങ്ങളും മായ ആണെങ്കിൽ "നാമും ന

മുടെ അനുഭവങ്ങളും മായയാണു"" എന്ന സിദ്ധാന്തവും മായ ആയിരിക്കണം. മായയായ ഒന്നിൽ ആശ്രയിച്ചു് സകലതും മായ ആണെന്നു സ്ഥാപിക്കുക അത്ഥശൂന്യമല്ലയോ? സർവ്വസംശയവാദം, ശൂന്യവാദം ഇതുകൾക്കുള്ള സമാധാനം തന്നെയാണു മായാവാദത്തിനും നൽകുവാനുള്ളതു്. മായയായിട്ടുള്ള ഒരു വസ്തു ഏതെങ്കിലും ഒന്നു പ്രവർത്തിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നതെങ്ങനെ? നാം മായയാണെന്നു സ്ഥാപിക്കുവാൻ നാം മായയാണെങ്കിൽ നമുക്കു സാധിക്കുകയില്ലതന്നെ. നാം മായയാണെന്നുള്ള വാദം നാം മായയല്ലെന്നുള്ള തത്വത്തിലാണു് അടിസ്ഥാനപ്പെട്ടു നിൽക്കുന്നതു്! ഇതിൽപ്പരം നിരർത്ഥകമായി വേറെ എന്താണുള്ളതു്?

"നാം പരമാത്മാവു തന്നെയാണു്. പരമാത്മാവിനു് താൻ പരമാത്മാവാണെന്നുള്ള ബോധവും ഉണ്ടു്. നമുക്കു് ആ ബോധമില്ലാത്തതു നമ്മുടെ അജ്ഞതകൊണ്ടോ, നമ്മുടെ വ്യക്തിപരങ്ങളായ അനുഭവങ്ങൾ മായ ആയതുകൊണ്ടോ ആകുന്നു" എന്നിപ്രകാരം വേറൊരു വിധത്തിലും അദ്വൈതവാദം പ്രത്യക്ഷപ്പെടാവുന്നതാണു്.

എന്നാൽ പരമാത്മാവും നാമും ഒന്നാണെങ്കിൽ പരമാത്മാവിനെന്നപോലെ നമുക്കും പരമാത്മാവാണെന്നുള്ള ബോധമുണ്ടായിരിക്കണം. ആ ബോധം എപ്പോഴെങ്കിലും ഏതൊരവിധത്തിലും നമുക്കില്ലാതിരിക്കയും അജ്ഞത നമ്മെ ബാധിച്ചിരിക്കയും ചെയ്യുന്നെങ്കിൽ ആ സ്വതഅജ്ഞതയുടെ ഉടമസ്ഥത നമ്മിലാണു നിക്ഷേപിക്കപ്പെടേണ്ടതു്. പരമാത്മാവിനു് ഈ ഉടമസ്ഥത ഇല്ലാത്തതിനാലും, നമുക്കുള്ളതിനാലും നാം പരമാത്മാവിൽനിന്നു വ്യത്യസ്തരാണെന്നു സിദ്ധിക്കുന്നു.

വ്യക്തിപരങ്ങളായ നമ്മുടെ അനുഭവങ്ങളും മായയാണെങ്കിൽ, പരമാത്മാവും നാമും ഒന്നാണെന്നും, വ്യക്തിപരങ്ങളായ നമ്മുടെ അനുഭവങ്ങളും മായയാണെന്നും ഉള്ള സിദ്ധാന്തങ്ങളും മായയാകേണ്ടയോ? ഈദൃശമായ വാദം നിരർത്ഥകമാണെന്ന മുകളിൽ തെളിയിച്ചിട്ടുണ്ട്.

നാം പരമാത്മാവിന്റെ ബാഹ്യോപകരണങ്ങളാണെന്ന സമർത്ഥിക്കുന്നവരിൽ ചിലർ 'അജ്ഞത'യിലും മായാവാദത്തിലും അഭയം പ്രാപിക്കുന്നുണ്ട്. എന്നാൽ ഇതേവരെ പ്രസ്താവിച്ചുവയിൽനിന്ന് ഈ വാദവും സ്വീകാര്യമല്ലെന്ന വിശദമായിട്ടുള്ളതിനാൽ ഇതുസംബന്ധമായി യാതൊന്നും പ്രതിപാദിക്കണമെന്ന കരുതുന്നില്ല.

പ്രപഞ്ചം ദൈവമാണെന്നും, അതിലെ ഓരോ ഭാഗവും ദൈവാംശമാണെന്നും മേൽപ്രസ്താവിച്ച രീതിയിൽ ചിലർ വാദിക്കുന്നുണ്ട്. ഈ വാദത്തെയും ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്ന് അദ്വൈതവാദം സംബന്ധിച്ച് ഇതുവരെ പ്രതിപാദിച്ചവ വിശദീകരിച്ചിട്ടുണ്ടല്ലോ.

ആകയാൽ നാം യഥാർത്ഥവസ്തുക്കളും ദൈവത്തിൽനിന്നു വ്യത്യസ്തങ്ങളും ദൈവത്തെ ആശ്രയിച്ചുണ്ടായിട്ടുള്ളവയുമാണെന്ന സമ്മതിക്കാതെ ഗത്യന്തരമില്ല. കാര്യം കാരണത്തെ അതിശയിച്ചുകൂടുല്ലോ. കാരണത്തിൽ ഏതെങ്കിലുംവിധത്തിൽ അടങ്ങിയിരിക്കുന്നവ മാത്രമേ കാര്യത്തിൽ പ്രത്യക്ഷപ്പെടുവാൻ പാടുള്ളൂ എന്നതു സുഷ്ഠുവാണ്. ദൈവം ആദിമകാരണമാകയാൽ നമ്മിലുള്ള ഗുണങ്ങളെല്ലാം ഏറ്റവും ശ്രേഷ്ഠമായ വിധത്തിൽ ദൈവത്തിലുണ്ടായിരിക്കണം. ദൈവം നിർഗ്ഗുണനാണെന്നുള്ള വാദം അർത്ഥശൂന്യമത്രെ എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. മതത്തിന്റെ ആവശ്യകതയെപ്പറ്റിയാണ് തുടർന്ന പറയുവാനുള്ളത്.

V.

ദൈവം അവശ്യസ്ഥിതനും, പരാശ്രയരഹിതനും, ആദിമകാരണവും ആണെന്നു നാം കണ്ടുവല്ലൊ. ദൈവത്തെ ആശ്രയിച്ചുണ്ടായിട്ടുള്ളവരായ നാം ദൈവത്തിൽനിന്നു വ്യത്യസ്തരാണെന്നും പ്രസ്താവിച്ചുകഴിഞ്ഞു. ഈ രണ്ടു സത്യങ്ങളിൽനിന്നുള്ള അനുമാനം എന്തായിരിക്കണം?

a. ദൈവം നമ്മുടെ ആദിമകാരണമാകയാൽ നമ്മുടെ അസ്തിക്യം മുഴുവൻ ദൈവത്തെ ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നതു്. ഈ നിലയിൽ ദൈവം നമ്മുടെ ഉപകർത്താവും നാം ഉപകൃതരും ആകുന്നു. ദൈവം നമ്മുടെ നാഥനും നാം ദൈവത്തിന്റെ ഭൃത്യന്മാരുംആത്രെ.

പ്രകൃതിയിൽ നാം കാണുന്ന സകല വസ്തുക്കളും നിയമങ്ങളും ദൈവത്തിൽ നിന്നുള്ളവയാണു്; എന്തുകൊണ്ടെന്നാൽ ദൈവമാകുന്ന അവയുടേയും ആദിമകാരണം. പ്രകൃതി നിയമങ്ങളെ നാം അനുസരിക്കേണ്ടതില്ലെന്നു ആരുംവാദിക്കയില്ലല്ലൊ. ഉപകൃതൻ ഉപകാരിയെ സ്നേഹിക്കണമെന്നും ഉപകാരിയോടു നന്ദിപ്രദർശിപ്പിക്കണമെന്നും ഭൃത്യൻ യജമാനനു സേവനം ചെയ്യണമെന്നും പ്രകൃതിതന്നെ നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ടു്. ആകയാൽ ദൈവത്തെ നാം സ്നേഹിക്കണമെന്നും ദൈവത്തോടു നാം നന്ദിപ്രദർശിപ്പിക്കണമെന്നും, ദൈവത്തെ നാം സേവിക്കണമെന്നും സിദ്ധിക്കുന്നു.

b. ഒരോ സംഗതികളെപ്പറ്റി ചിന്തിച്ചു് അവയെ ഗ്രഹിക്കുവാൻ ശക്തിയുള്ള ബുദ്ധിയും സ്നേഹിക്കുവാൻ ശക്തിയുള്ള മനസ്സും നമുക്കുണ്ടു്. നമ്മുടെ ബുദ്ധിയുടേയും മനസ്സിന്റേയും കാരണകർത്താവു് ദൈവമല്ലാതെവേറെആരുമല്ല.

ബുദ്ധി അതിന്റെ കാരണകർത്താവിനെപ്പറ്റി ചിന്തിക്കേണ്ടതും മനസ്സ് അതിന്റെ കാരണകർത്താവിനെ സ്നേഹിക്കേണ്ടതും അല്ലയോ?

ബുദ്ധി കാരണങ്ങളെയാണല്ലൊ സദാ ആരായുന്നത്. ബുദ്ധിയുടെ പ്രകൃതി കാരണങ്ങളെപ്പറ്റി ചിന്തിക്കുകതന്നെയാകുന്നു. ഈ ചിന്ത ആദിമകാരണത്തിൽ എത്തുമ്പോൾ മാത്രമേ ബുദ്ധി തൃപ്തിപ്പെടുകയുള്ളൂ എന്നും സ്പഷ്ടമാണ്. അതുകയാൽ നമ്മുടെ ബുദ്ധി പ്രകൃത്യാതന്നെ ദൈവത്തെപ്പറ്റി ചിന്തിക്കുവാൻ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നു സിദ്ധിക്കുന്നു.

ഇപ്രകാരംതന്നെ നമ്മെ സദാ കാംക്ഷിക്കുന്ന ഒന്നാണ് നമ്മുടെ മനസ്സ്. നന്മയിലേക്കു മനസ്സിനു പ്രകൃത്യാതന്നെ ഒരു വാസനയും ഉണ്ട്. തിന്മയെ ആഗ്രഹിക്കുന്ന സമയത്തും നന്മ എന്നുള്ള ധാരണയാണ് തിന്മയെപ്പറ്റിപ്പോലും നമ്മുടെ മനസ്സിനുള്ളത്. മനസ്സു ബുദ്ധികാണിച്ചുകൊടുക്കുന്നവയെ മാത്രമേസ്നേഹിക്കുന്നുള്ളൂ എന്നതും നിസ്തർക്കമാണ്. എന്തുകൊണ്ടെന്നാൽ യാതൊന്നിനെയും അറിയാതെ നാം അതിനെസ്നേഹിക്കുന്നില്ല. നമ്മുടെ അറിവിൽപ്പെടാത്തവസ്തുക്കളോടമേൽ നമുക്കു സ്നേഹമില്ലെന്നുള്ളതു് എല്ലാവർക്കും അനുഭവസിദ്ധവും ആണല്ലൊ. അറിവാകട്ടെ ബുദ്ധിയുടെഫലമാണ്. ബുദ്ധി പ്രകൃത്യാ കാരണങ്ങളെ ആരായുന്നതുകയാൽ ആദിമകാരണഗ്രഹണത്തിൽ മാത്രമേ അതു തൃപ്തിപ്പെടുന്നുള്ളൂ. ബുദ്ധി പ്രദാനം ചെയ്യുന്ന അറിവിനു് അനുസരണമായി മനസ്സിൽ നിന്നു സ്നേഹം പുറപ്പെടുകനിമിത്തം ആദിമ കാരണത്തോടുള്ള സ്നേഹത്താൽ മാത്രമേ മനസ്സും തൃപ്തിപ്പെടുകയുള്ളൂ എന്നു സിദ്ധിക്കുന്നു. അതുകയാൽ മനസ്സും പ്രകൃത്യാതന്നെ ആദിമകാരണത്തെഅഥവാ ദൈവ

ത്തെ സ്നേഹിക്കുവാൻ നിമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നു സമ്മതിക്കണം. ദൈവത്തെഅറിഞ്ഞു സ്നേഹിക്കുന്നതാണല്ലോ മതം.

C. ആദിമകാരണമായ ദൈവം നമ്മെ നിമ്മിച്ചതു് വല്ലതോ ഉദ്ദേശ്യത്തോടുകൂടിയായിരിക്കണം. ഉദ്ദേശ്യം കൂടാതെയുള്ള പ്രവൃത്തി മനുഷ്യർക്കു് യോജിച്ചതല്ലെങ്കിൽ മനുഷ്യന്റെ പരമകർത്താവും പരിപൂർണ്ണനും ആയ ദൈവത്തിനു് ഒട്ടും യോജിച്ചതല്ലെന്നു സ്പഷ്ടമാണു്. ദൈവത്തിന്റെ ഉദ്ദേശ്യം "താൻ തന്നെ" അഥവാ "തനിക്കുവേണ്ടിത്തന്നെ"എന്നതല്ലെങ്കിൽ വേറെ ഏതിനോവേണ്ടി ദൈവം മനുഷ്യനെ നിമ്മിച്ചു എന്നുവരുന്നു. ആ "വേറെ ഏതോ" ദൈവത്തിനില്ലായിരുന്നതു നിമിത്തമാണു് മനുഷ്യനെ ദൈവം നിമ്മിച്ചതെന്നും സമ്മതിക്കുന്നമല്ലൊ. ഇങ്ങനെയാണെങ്കിൽ, ദൈവം ആ "വേറെ ഏതോ" എന്നതിനാൽ നിയന്ത്രിക്കപ്പെട്ടുന്നു എന്നു പറയേണ്ടതാണു്. പക്ഷെ, ആദിമകാരണമാകയാൽ വേറെ യാതൊന്നിനാലും ദൈവം നിയന്ത്രിക്കപ്പെട്ടുവാൻ പാടില്ല. ഈ കാരണത്താൽ ദൈവം തനിക്കായിത്തന്നെ മനുഷ്യനെ നിർമ്മിച്ചെന്നു സമ്മതിക്കണം. മനുഷ്യന്റെ പരമകർത്താവു മനുഷ്യനെ തനിക്കായി നിർമ്മിച്ചിരിക്കെ മനുഷ്യൻ എങ്ങനെ ആ പരമകർത്താവിനെ ഉപേക്ഷിച്ചു ദൂരെ മാറിനില്ക്കും?

മനുഷ്യൻ ദൈവത്തിനുവേണ്ടി ജീവിക്കേണ്ടവനും പ്രവർത്തിക്കേണ്ടവനും ആണെന്നല്ലയോ ഇതിൽനിന്നെല്ലാമുള്ള അനുമാനം? ആത്മീയവും ശാരീരികവുമായി അവനുള്ള സകല ശക്തികളും ദൈവത്തിനു പ്രതിഷ്ഠിച്ചു് അവയെ ദൈവത്തിനായി പ്രയോഗിക്കുമ്പോൾ മാത്രമേ മനുഷ്യൻ ദൈവത്തിനായി ജീവിക്കയും പ്രവർത്തിക്കയും ചെയ്യുകയുള്ളു. ഇ

താണ്. ആദിമകാരണമായ ദൈവം ഓരോരുത്തരിൽനിന്നും അവശ്യപ്പെടുന്നതു്.

d. അധമവസ്തുക്കൾ ശ്രേഷ്ഠവസ്തുക്കൾക്കു് അധീനങ്ങളായിരിക്കണം എന്നതു പ്രകൃതിനിയമമാണു്. ദൈവത്തേക്കാൾ ശ്രേഷ്ഠതരമായി വേറെയാതൊന്നുമില്ല. എന്തുകൊണ്ടെന്നാൽ ദൈവം ആദിമകാരണമാകുന്നു. മനുഷ്യൻ ദൈവത്തിനു് അധീനനായിരിക്കണമെന്നല്ലയോ ഇതിൽനിന്നുള്ള അനുമാനം? തന്റെ ബുദ്ധിയേയും മനസ്സിനേയും ദൈവത്തിനു വിധേയമാക്കുമ്പോൾ മാത്രമേ മനുഷ്യൻ ദൈവത്തിനു് അധീനനായിത്തീരുന്നുള്ളു.

ഇങ്ങനെ ആലോചിക്കുന്നതിൽനിന്നു്, ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും സേവിക്കുവാനുംവേണ്ടി മനുഷ്യൻ നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്നു പ്രകൃതിതന്നെ നമ്മെ വിളിച്ചറിയിക്കുന്നതായി കാണാവുന്നതാണു്. ഇതാകുന്നു മനുഷ്യനു ദൈവവുമായുള്ള പ്രത്യേകബന്ധം. വിശേഷബുദ്ധിയില്ലാത്ത മറ്റവസ്തുക്കൾ ദൈവത്താൽ നിർമ്മിക്കപ്പെട്ടവ എന്നു കാരണത്താൽ ദൈവത്തോടു ബന്ധപ്പെട്ടാണു് നില്ക്കുന്നതു്. എന്നാൽ വിശേഷബുദ്ധിയില്ലാത്തതിനാൽ അവയ്ക്കു് ആ ബന്ധം ഗ്രഹിക്കുവാനോ തദനുസരണം ബുദ്ധിപൂർവ്വം പ്രവർത്തിക്കുവാനോ സാധിക്കുന്നില്ല. മനുഷ്യനാകട്ടെ ഇപ്രകാരം ചെയ്യുവാൻ ശക്തനെന്നു തന്നെയല്ല അതിനു് പ്രകൃത്യാതന്നെ നിർബന്ധിതനും ആകുന്നു. മനുഷ്യനു ദൈവത്തോടുള്ള ഈ പ്രത്യേകതരം ബന്ധത്തിനാണു് "മതം" എന്നു പറയുന്നതു്. മതം മനുഷ്യനു് അത്യന്താപേക്ഷിതമാണെന്നും യാതൊരുവിധത്തിലും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണെന്നും മുകളിൽപ്രസ്താവിച്ചവ മുഖാന്തരം ഘോഷിക്കുകതന്നെ ചെയ്യുന്നു. മനുഷ്യൻ മതത്തെ മനഃപൂർവ്വം

തിരസ്കരിച്ചാലും ദൈവാസ്തിക്യത്തെ ഉന്മൂലനം ചെയ്യുവാനോ ദൈവത്തോട് അവനുള്ള മേൽപ്രസ്താവിച്ച ബന്ധത്തെ ഇല്ലാതാക്കുവാനോ അവനു സാധിക്കയില്ല. മതനിഷ്പക്ഷത, നിർമ്മതപ്രസ്ഥാനം ആദിയായവയിൽ ഉൾപ്പെട്ടിരിക്കുന്നവർ പ്രകൃത്യാതന്നെ തങ്ങൾ അനുഷ്ഠിക്കേണ്ട കർമ്മകളെ അനുഷ്ഠിക്കാതെ പ്രകൃതിവിരുദ്ധമായി ജീവിതം നയിക്കുന്നവരാണെന്നു് ഇതിൽനിന്നെല്ലാം വ്യക്തമാകുന്നുണ്ടല്ലൊ. തങ്ങളുടെ ആദിമകാരണവും അസ്തിക്യകർത്താവും ആയ ദൈവത്തെ മനഃപൂർവം വിസ്മരിക്കുന്നു എന്നതിൽ കുറ്റത്തിലായ ഒരപരാധം അവരുടെ ഭാഗത്തുനിന്നു വേറെ ഉണ്ടാകുവാനില്ലതന്നെ. അത്രയ്ക്കു വിലക്ഷണങ്ങളാണു് മതനിഷ്പക്ഷതയും നിർമ്മതപ്രസ്ഥാനവും. മനുഷ്യൻ അവന്റെ ഉടയനാഥനെ മനഃപൂർവം തിരസ്കരിച്ചുകൊണ്ടു് ഏതെല്ലാം വൻകാര്യങ്ങളിൽ ഏർപ്പെട്ടാലും അതുകൊണ്ടെന്തു പ്രയോജനം? അതേ, സകലോദ്യമങ്ങളിലുംവച്ചു് ഏറ്റവും അവശ്യകവും, ഏറ്റവും പ്രധാനപ്പെട്ടതും ഒഴിച്ചുകൂടാൻ പാടില്ലാത്തതും ആകുന്നു മതാനുഷ്ഠാനം.

ആദിമകാരണമായ ദൈവമില്ലായിരുന്നു എങ്കിൽ മനുഷ്യൻ ഇന്നും ശൂന്യാവസ്ഥയിൽ സ്ഥിതി ചെയ്യുമായിരുന്നു. മനുഷ്യന്റെ എല്ലാ ഉദ്യമങ്ങൾക്കും നിദാനം അവന്റെ അസ്തിക്യമാണല്ലൊ. ആ അസ്തിക്യമാകട്ടെ ദൈവത്തെ പൂർണ്ണമായി ആശ്രയിച്ചു നില്ക്കുന്നു. ഈ ആശ്രയം അഥവാ ബന്ധം അഥവാ "മതം" ഏതു തരത്തിലുള്ളതായിരിക്കണമെന്നു മുകളിൽ പ്രസ്താവിച്ചുകഴിഞ്ഞു. അതുകയാൽ മനുഷ്യന്റെ എല്ലാ ഉദ്യമങ്ങളുടേയും നിദാനം മതാനുഷ്ഠാനമായിരിക്കണമെന്നു സിദ്ധിക്കുന്നു. മനുഷ്യാസ്തിക്യം മതപരമായ ഒരു നിലയെ അവലംബിച്ചിരിക്കേണ്ടതു് ആവശ്യമാകയാൽ

തദാസ്തിക്യത്തെ ആശ്രയിച്ചു നില്ക്കുന്ന സകലോദ്യമങ്ങളും മതപരങ്ങളായിരിക്കണം. അവ മതപരങ്ങളല്ലെങ്കിൽ മനുഷ്യൻ പ്രകൃതിവിരുദ്ധമായി പ്രവർത്തിക്കയും തദ്വാരാ അധഃപതിക്കയും ചെയ്യുന്ന സകലതും, അവ എത്രതന്നെ ശ്രേഷ്ഠങ്ങളായാലും, അത്ഥശൂന്യങ്ങളായി പരിണമിക്കയും ചെയ്യുന്നു. പ്രകൃതിവിരുദ്ധങ്ങളായ പ്രവൃത്തികളെ ശ്ലാഘിക്കുന്നവർ അധർമ്മികളാകയാൽ, മതനിഷ്ഠക്ഷത, നിർമ്മതപ്രസ്ഥാനം ആദിയായവയിൽ ആസക്തിയുള്ളവർ സാക്ഷാൽ അധർമ്മികളും ശാപാർഹരും ആകുന്നു.

മതം മനുഷ്യനു് അത്യന്താപേക്ഷിതമാണെന്നു സമ്മതിച്ചാൽ തന്നെപോരാ, ആ സമ്മതത്തിനു് അനുസരണമായി നാം പ്രവർത്തിക്കുകകൂടെയുംവേണം. അതുകയാൽ മനുഷ്യനു ദൈവത്തോടുള്ള പ്രവൃത്തിപരമായ ഒരു ബന്ധമാണു് മതം എന്നു മുകളിൽ പ്രസ്താവിച്ചുവ വിശദമാക്കേണ്ടല്ലോ.

ആന്തരികമായിത്തന്നെയല്ല, ബാഹ്യമായിക്കൂടെയും മനുഷ്യൻ മതാനുഷ്ഠാനം ചെയ്യേണ്ടതായുണ്ടു്. എന്തുകൊണ്ടെന്നാൽ അവന്റെ ബാഹ്യേന്ദ്രിയങ്ങളുടേയും പരമകർത്താവു് ദൈവമാകുന്നു. മനുഷ്യൻ അവന്റെ പൂർണ്ണതയിൽ ദൈവത്തിൽ നിന്നുള്ളവനാകയാൽ, അവന്റെ പൂർണ്ണതയിൽ ദൈവത്തിനു സേവനം ചെയ്യേണ്ടവനാണു്. മനുഷ്യപൂർണ്ണതയിലുള്ള ദൈവസേവനത്തിനു് ആത്മീയങ്ങളും ശാരീരികങ്ങളും അഥവാ ആന്തരികങ്ങളും ബാഹ്യങ്ങളും ആയ പ്രവൃത്തികളും അവശ്യാവശ്യകങ്ങളാകുന്നു.

വ്യക്തികർത്തന്നെയല്ല, സമുദായങ്ങളും രാഷ്ട്രങ്ങളും മതാനുഷ്ഠാനത്തിനു കടപ്പെട്ടവയാകുന്നു. എന്തുകൊണ്ടെന്നാൽ സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും കാരണഭൂത

നും പരമകർത്താവും ദൈവം തന്നെയത്രെ. സഹജമായി മനുഷ്യനു സിദ്ധിച്ചിരിക്കുന്ന സാമുദായികമനഃസ്ഥിതി ദൈവത്തിന്റെ പ്രവൃത്തിയാണു്. ആ മനഃസ്ഥിതിയാണു് സമുദായങ്ങൾക്കും രാഷ്ട്രങ്ങൾക്കും നിദാനമായി നില്ക്കുന്നതു്. വ്യക്തികൾ എന്നനിലയിലല്ലാതെ സമുദായാംഗങ്ങൾ എന്ന നിലയിലോ സമുദായനേതാക്കന്മാരെന്ന നിലയിലോ മനുഷ്യർ മതനിഷ്ഠയുള്ളവരായിരിക്കേണ്ട ആവശ്യമില്ലെന്നു പറയുക അബദ്ധമാണു്. സമുദായങ്ങളും രാഷ്ട്രങ്ങളും മനുഷ്യാസ്തിക്യത്തെ അടിസ്ഥാനപ്പെടുത്തുണ്ടായിട്ടുള്ളവയും മനുഷ്യാസ്തിക്യം ദൈവത്തിൽ നിന്നുള്ളതും ആണെന്നുള്ള സത്യം സമുദായങ്ങൾക്കും രാഷ്ട്രങ്ങൾക്കും മതം അത്യന്താപേക്ഷിതമാണെന്നതെളിയിക്കുകതന്നെചെയ്യുന്നു. ആകയാൽ സമുദായാംഗങ്ങളും രാഷ്ട്രാംഗങ്ങളും അവരുടെ നേതാക്കന്മാരും അവരുടെ ഔദ്യോഗിക നിലകളിൽക്കൂടെയും മതനിഷ്ഠയുള്ളവരായി പരിലസിക്കേണ്ടതു് അത്യന്താപേക്ഷിതമാകുന്നു.

രണ്ടാം അദ്ധ്യായം

സ്വാഭാവികവും അതിസ്വാഭാവികവും ആയ മതങ്ങൾ.

മനുഷ്യൻ ദൈവത്തോട് സർവ്വപ്രകാരേണയും കടപ്പെട്ടവനാകയാൽ അവൻ ദൈവത്തെ സേവിച്ചു മതാനുഷ്ഠാനം നടത്തേണ്ടവനാണെന്നു പ്രസ്താവിച്ചുകഴിഞ്ഞു. മതാനുഷ്ഠാനവിഷയത്തിൽ മനുഷ്യബുദ്ധിക്കും മനസ്സിനും പ്രത്യേകസ്ഥാനമുണ്ടെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിക്കയുണ്ടായല്ലൊ. ബുദ്ധിയുടെ പ്രയോഗംവഴിയായി ദൈവത്തേയും ദൈവപ്രമാണങ്ങളേയും പറ്റിയുള്ള ജ്ഞാനം സമ്പാദിക്കുവാൻ മനുഷ്യൻ കടപ്പെട്ടിരിക്കുന്നു. മനസ്സുകൊണ്ട് അവൻ ദൈവത്തേയും ദൈവപ്രമാണങ്ങളേയും സ്നേഹിക്കുകയും, തൽഫലമായി ദൈവഹിതാനുസരണം വ്യാപരിക്കുകയും ചെയ്യണം. ദൈവത്തേയും ദൈവപ്രമാണങ്ങളേയും പറ്റിയുള്ള ജ്ഞാനസമ്പാദനത്തിനു് ആസ്പദമായിനില്ക്കുന്ന വിഷയങ്ങളുടെ സ്വഭാവം, അവയറിയുവാനുള്ള മാർഗ്ഗം, എന്നിവയെ മുൻനിറുത്തിക്കൊണ്ടു മതത്തെ സ്വാഭാവികം അതിസ്വാഭാവികം എന്നു രണ്ടായി വിഭജിക്കാം. ഈ രണ്ടു വിഭാഗങ്ങളും അവയുടെ ചില ലക്ഷണങ്ങളും ആണ് ഈ അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയങ്ങൾ.

I

പ്രകൃതിനിയമങ്ങൾക്കനുസരണമായി മാത്രം ഒരാൾ ദൈവത്തിനു സേവനം ചെയ്യുന്നെങ്കിൽ അയാൾ അനുഷ്ഠി

ക്കുന്ന മതം സ്വാഭാവികമതമായിരിക്കും (Natural Religion.) മനുഷ്യബുദ്ധി പ്രകൃതിഭേദമായ അതിന്റെ ശക്തിയുപയോഗിച്ച് സ്വപ്രയത്നഫലമായി കണ്ടു ഗ്രഹിക്കുന്നവയും പ്രകൃതിയുടെ സീമയെ അതിശയിക്കാത്തവയും ആയ സത്യങ്ങളാണ് സ്വാഭാവികമതത്തിന്റെ അടിസ്ഥാനം.

എന്നാൽ ചില സത്യങ്ങളും മനുഷ്യനു വെളിപ്പെടുത്തികൊടുക്കുവാൻ ദൈവത്തിനു പാടുണ്ട്. മനുഷ്യബുദ്ധിക്കു സ്വാഭാവികമായി ഗോചരങ്ങളോ അഗോചരങ്ങളോ ആയ സത്യങ്ങളും മനുഷ്യനെ അറിയിച്ചുകൊടുക്കുവാനുള്ള ശക്തി ദൈവത്തിനുണ്ടെന്നു സമ്മതിക്കണം. മനുഷ്യനെ നിർമ്മിക്കുക ദൈവമഹത്വത്തിനു യോജിച്ചതാകയാൽ അവനെ പഠിപ്പിക്കുകയെന്നതും അപ്രകാരംതന്നെയായിരിക്കണം. അറിവുള്ളവർ അറിവില്ലാത്തവരെ പഠിപ്പിക്കുന്നതായി നാം കണ്ടുവരുന്നുണ്ടല്ലോ. ദൈവം സർവ്വജ്ഞനും അപരിമിതനും ആകയാൽ മനുഷ്യരുടെ അറിവിൽപ്പെടാത്ത അസംഖ്യംസംഗതികളും ദൈവത്തിലുണ്ടായിരിക്കണം. അവയിൽ ചിലവയെപ്പറ്റിയുള്ള ജ്ഞാനം മനുഷ്യനു പ്രദാനംചെയ്യുവാൻ സർവ്വശക്തനായ ദൈവത്തിനു ശക്തിയില്ലെന്നു പറഞ്ഞുകൂടല്ലോ. ഇപ്രകാരമുള്ളസംഗതികൾ പ്രകൃത്യാ മഹാരഹസ്യങ്ങളും തന്നെയായിരുന്നാലും "ഇന്ന ഇന്ന സംഗതികൾ ദൈവത്തിലുണ്ട്" എന്നൊരു സ്ഥൂലജ്ഞാനം അവയെപ്പറ്റിപ്രാപിക്കുവാൻ മനുഷ്യൻ അശക്തനല്ല. മഹാരഹസ്യങ്ങളുടെ ആന്തരികപ്രകൃതി ഗ്രഹിക്കുവാൻ മനുഷ്യൻ അശക്തനാണെങ്കിലും അവയുടെ അസ്തിക്യത്തെപ്പറ്റിയുള്ള ജ്ഞാനം സംഗ്രഹിക്കുവാനുള്ള ശക്തി അവനുണ്ട്. നമ്മുടെചുറ്റുപ്രതിദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന പല സംഗതികളുടേയും ആന്തരികപ്രകൃതി നമുക്കിന്നു അഗ്രാഹ്യമായിട്ടല്ലയോ ഇരിക്കുന്നതു? മനുഷ്യനു

ദൈവത്തിലുള്ള വിശ്വാസവും ദൈവത്തോടുള്ള സ്നേഹവും വർദ്ധമാനമാക്കുവാൻ മഹാരഹസ്യങ്ങളുടെ അവിഷ്കരണം അത്യധികം സഹായിക്കുന്നതാണു്.

മനുഷ്യബുദ്ധിക്കു പ്രകൃത്യാഗ്രാഹ്യങ്ങളായവയും മനുഷ്യനു വെളിപ്പെടുത്തിക്കൊടുക്കുവാൻ സർവ്വല്ലനു പാടുള്ളതാണു്. നമ്മുടെ പരിശ്രമഫലമായി കണ്ടുപിടിക്കത്തക്ക പലതും അന്യരുടെ സഹായത്താൽ നിഷ്പ്രയാസം ഗ്രഹിക്കാമെങ്കിൽ ചിലപ്പോഴെല്ലാം നാം അവരെ ആശ്രയിക്കേണ്ടല്ലൊ. ഇപ്രകാരം അന്യരെ ആശ്രയിക്കുക പ്രകൃതിവിരുദ്ധമാണെന്നോ, യാതൊരു സാഹചര്യത്തിലും അഭിമാനകരമല്ലെന്നോ സുബുദ്ധികൾ അഭിപ്രായപ്പെടുകയില്ല. ഈ സ്ഥിതിക്കു്, കുറെ പ്രയാസപ്പെട്ടുമാത്രം മനുഷ്യനു ഗ്രഹിക്കുവാൻ പാടുള്ള ചില സംഗതികളെ ദൈവം അവനു വെളിപ്പെടുത്തിക്കൊടുക്കുന്നുവെങ്കിൽ, അതു ദൈവത്തിന്റെ കാരുണ്യം നിമിത്തമാണെന്നല്ലയോ നാം കരുതേണ്ടതു്?

നാം സ്വീകരിച്ചു വിശ്വസിക്കുവാൻ ചില സത്യങ്ങൾ വെളിപ്പെടുത്തുന്നതുപോലെനാം സ്വീകരിച്ചു് തദനുസരണം പ്രവർത്തിക്കുവാൻ ചില പ്രമാണങ്ങളും ദൈവത്തിനു വെളിപ്പെടുത്തുവാൻ പാടുണ്ടു്.

ദൈവം എന്തെങ്കിലും വെളിപ്പെടുത്തുന്നതു നേരിട്ടോ അന്യന്മുഖകം മുഖേനയൊ ആകാം. നമ്മെ ഉദ്ദേശിച്ചു് ദൈവം എന്തെങ്കിലും വെളിപ്പെടുത്തുന്നപക്ഷം അതു സ്വീകരിക്കുവാനും അതിൻപ്രകാരം വർത്തിക്കുവാനും നാം നിർബന്ധിതരായിത്തീരുന്നു. എന്തുകൊണ്ടെന്നാൽ ദൈവം നമ്മുടെ പരമകർത്താവും നാം ദൈവത്തിന്റെ ദാസന്മാരും അത്രെ. ദൈവത്തിന്റെ 'വെളിപ്പെടുത്തൽ' 'സ്വാഭാവികമ' ല്ലാത്തതിനാൽ, അതുപ്രകാരം നാം ജീവിക്കുമ്പോൾ സ്വാഭാ

വികമതമല്ല, അതിസ്വാഭാവികമതമാണു നാം അനുശീലിക്കുന്നതു് (Revealed Religion—Supernatural Religion).

II

ദൈവത്തിന്റെ "വെളിപ്പെടുത്തൽ" അഥവാ ആവിഷ്കരണം സ്വാഭാവികമതത്തെ പൂർത്തിയാക്കിച്ചെയ്യുന്നു. സ്വാഭാവികമത സിദ്ധാന്തങ്ങളൊന്നും "വെളിപ്പെടുത്തൽ" Revelation) നിമിത്തം തിരസ്കരിക്കപ്പെടുന്നില്ല; പ്രത്യുത, അവയോടു വേറെ സിദ്ധാന്തങ്ങൾ അതുനിമിത്തം ചേർക്കപ്പെടുകയാണു ചെയ്യുന്നതു്. സ്വാഭാവികമതസിദ്ധാന്തങ്ങൾ ദൈവത്തിൽനിന്നുള്ളവയാകയാൽ ദൈവം വെളിപ്പെടുത്തുന്നവ അവയുടെ വിരുദ്ധങ്ങളാകുവാൻ പാടില്ല. അപ്രകാരംതന്നെ അവ പ്രകൃതിനിയമങ്ങളിൽ അടിസ്ഥാനപ്പെടുനിൽക്കുകനിമിത്തം തിരസ്കരിക്കപ്പെടുവാനും പാടുള്ളവയല്ല. "വെളിപ്പെടുത്തൽ"മൂലം ഒരു മതം സംജാതമാകുന്നപക്ഷം സ്വാഭാവികമതസിദ്ധാന്തങ്ങളെല്ലാം അതിലുണ്ടായിരിക്കുമെന്നാണല്ലൊ ഇതുയും പ്രസ്താവിച്ചതിന്റെ സാരം. മനുഷ്യർക്കു് അറിയപ്പെടാതെകിടന്ന സത്യങ്ങൾ പുതുതായി വെളിപ്പെടുത്തിക്കൊണ്ടു്, ഒരിക്കൽ വെളിപ്പെടുത്തപ്പെട്ട മതം ക്രമേണ പരിപൂർണ്ണമാക്കപ്പെടുമെന്നും സമ്മതിക്കേണ്ടതാണു്.

ദൈവം ഒരു മതം വെളിപ്പെടുത്തുകയും അതെല്ലാവരും സ്വീകരിക്കണമെന്നു തിരുമനസ്സാകുകയും ചെയ്യുന്നപക്ഷം സ്വാഭാവികമതത്തിനു് "സ്വാഭാവികമതം" എന്നനാമം പിന്നീടു ഭ്രമുഖത്തുണ്ടായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ വെളിപ്പെടുത്തപ്പെട്ടമതം എല്ലാവരും സ്വീകരിക്കണമെന്നാണു ദൈവനിശ്ചയം. അതിൽ സ്വാഭാവികമതവും അടങ്ങിയിട്ടുണ്ടു്. വെളിപ്പെടുത്തൽ നടന്നശേഷവും സ്വാഭാവി

കമതംമാത്രം മതിയെന്നു ശഠിക്കുന്നവർ ദൈവകല്പനയെ ലംഘിക്കുന്നു. ദൈവകല്പനയനുസരിക്കണമെന്നുള്ളതു സഹാഭാവികമതത്തിന്റെ മൌലികതത്വങ്ങളിൽ ഒന്നാകയാൽ വെളിപ്പെടുത്തപ്പെടുന്ന മതം സ്വീകരിക്കാത്തവർ സഹാഭാവികമതംപോലും അനുഷ്ഠിക്കാത്തവരാണു്.

വെളിപ്പെടുത്തപ്പെട്ടമതം പുതിയ വെളിപ്പെടുത്തൽ വഴിയായി പൂർത്തിയാക്കപ്പെടുന്നപക്ഷം പൂർത്തിയാക്കപ്പെട്ട വിധത്തിൽ അതു സ്വീകരിക്കുവാൻ എല്ലാവരും നിർബന്ധിതരാകുന്നു. അപ്രകാരം അതു സ്വീകരിക്കാത്തവരും ദൈവകല്പന ലംഘിക്കുന്നവരായിരിക്കും.

III

ദൈവം ഒരു മതം വെളിപ്പെടുത്തുകയും ആ മതം ഏതെങ്കിലും സ്വീകരിക്കണമെന്നു തിരുമനസ്സാകുകയും ചെയ്യുന്നപക്ഷം അതു ദൈവികമാണെന്നു നിശ്ചയമായിമനസ്സിലാക്കുവാനുള്ള ലക്ഷണങ്ങളും ദൈവം തന്നെ അതിനു നൽകാതിരിക്കയില്ല. ഇപ്രകാരമുള്ള മതം ദൈവം വെളിപ്പെടുത്തി സ്ഥാപിച്ചിട്ടുള്ളതാണെന്നു ഗ്രഹിക്കുവാൻതക്ക ലക്ഷണങ്ങളും അതിനോടനുബന്ധപ്പെട്ട കാണാത്തപക്ഷം ആരും അതു സ്വീകരിക്കുന്നതല്ലല്ലൊ. ഈ ലക്ഷണങ്ങളും പ്രസ്താവിതമതം ദൈവസ്ഥാപിതമാണെന്നു തെളിയിക്കുവാനുള്ളവയാകയാൽ അവ ദൈവത്തിനു മാത്രം പറ്റിയവയായിരിക്കണം. അല്ലാത്തപക്ഷം മതത്തിന്റെ ദൈവികോത്ഭവം സ്ഥാപിക്കപ്പെടുകയില്ല. ദൈവത്തിനുമാത്രം പറ്റിയ ചില ലക്ഷണങ്ങളെപ്പറ്റിയാണു താഴെ പ്രസ്താവിക്കുവാൻ പോകുന്നതു്. ആ ലക്ഷണങ്ങളിൽ ഏതെങ്കിലും ഒന്നു് ഒരു മതത്തിൽ അനിഷേധ്യമായവിധം പ്രത്യക്ഷമാകുന്നെങ്കിൽ ആ മതം ദൈവസ്ഥാപിതമായിരിക്കണമെന്നു് അതാ

ലെ തന്നേ ഗ്രഹിക്കാവുന്നതാണു്. എന്നാൽ ആ മത ത്തെ പൊതുവായോ, അതിനുമാത്രം സ്വന്തമായ ഏതെങ്കി ലും ഒരുസിദ്ധാന്തത്തെ പ്രത്യേകമായൊ പ്രസ്തുത ലക്ഷണ ങ്ങളും ലക്ഷ്യമാക്കാത്ത പക്ഷം, ആ മതത്തിന്റെ ദൈവി കോത്ഭവം പ്രസ്തുതലക്ഷണങ്ങളാൽസ്ഥാപിക്കപ്പെടുകയില്ല.

(a)

പ്രകൃതി നിയമങ്ങളെ പാടേ ഉല്ലംഘിക്കുന്ന സംഭവ ങ്ങളും പ്രകൃതിനാഥനായ ദൈവത്തിൽ നിന്നു മാത്രമേ പുറ പ്പെടുവാൻ പാടുള്ളൂ എന്നു സമ്മതിക്കണം. ദൈവം പ്ര കൃതിനാഥനാകയാൽ പ്രകൃതിയെ ഉല്ലംഘിക്കുന്ന പ്രവൃത്തി കളും സാധിക്കുവാനുള്ള ശക്തിയും അവകാശവും ദൈവത്തി നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ഉദാഹരണമായി മരി ച്ചുവരെ പുനർജ്ജീവിപ്പിക്കുക എന്ന പ്രവൃത്തി പ്രകൃതി ശ ക്തികളെ അതിശയിക്കുന്ന ഒന്നാകയാൽ ദൈവത്തിനുമാത്ര മേ അതിന്റെ കാരണഭൂതനാകുവാൻ പാടുള്ളൂ.

പ്രകൃതിയിൽ നാം ജീവൻ കാണുന്നുണ്ട്. ആന്തരിക മായ ഒരു ചലനമാണല്ലൊ ജീവൻ. ബാഹ്യവസ്തുക്കളെ സ്വീയമായി പകർത്തുവാനുള്ള ഒരു വിശേഷത ജീവനുള്ള വ സ്തുക്കളിൽ നാം കണ്ടുവരുന്നു. നമ്മുടെ സമീപത്തു കാണു ന്ന ജീവനുള്ള ഏതെങ്കിലും ഒരു വസ്തുവിനെപരിശോധിക്കുന്ന പക്ഷം അതിന്റെ ആരംഭം ബീജത്തിൽ നിന്നാണെന്നു വിശ ദമാകും. ബാഹ്യശക്തികളുടെ സഹായത്താൽ ബീജം വിക സിച്ചു്, ബാഹ്യവസ്തുക്കളെസ്വീയമായിപ്പകർത്തി ആന്തരിക മായ ചലനം പ്രദർശിപ്പിച്ചുതുടങ്ങുമ്പോഴാണു് അതിനെ ഒരു സജീവവസ്തുവായി നാം പരിഗണിക്കുന്നതു്. ഇപ്രകാരം വി കസിക്കുവാനുള്ള ആന്തരികശക്തി ബീജത്തിൽ നിക്ഷിപ്തമാ

യിട്ടുള്ളതിനാലത്രെ അതിന്റെ വികാസഫലമായി ജീവൻ പ്രത്യക്ഷപ്പെടുന്നതു്.

പ്രകൃതിശക്തികൾക്കു് ഈദൃശലക്ഷണമുള്ള ബീജത്തെ നിർമ്മിക്കുവാനുള്ള ശക്തിയില്ല. സജീവവസ്തുക്കളുടെ അംശമായിമാത്രമേ സജീവവസ്തുക്കളിൽനിന്നു ബീജം ഉത്ഭവിക്കുന്നതായി നാം കാണുന്നുള്ളൂ. ബീജോല്പാദനശക്തി ദൈവംതന്നെ സജീവ വസ്തുക്കളിൽ നിക്ഷേപിച്ചിരിക്കുന്നു എന്നതാണു് ഇതിന്റെ കാരണം. ഒരു നിർജ്ജീവ വസ്തുവിൽ നിന്നാകട്ടെ യാതൊന്നിന്റേയും സഹായംകൂടാതെ ബീജമോ, ജീവൻതന്നെയൊ പുറപ്പെടുക അസാദ്ധ്യമാണു്. സജീവാവസ്ഥ നിർജ്ജീവാവസ്ഥയെ അതിശയിക്കുന്ന ഒന്നാകയാൽ ജീവൻ നിർജ്ജീവവസ്തുവിന്റെ ഫലമായി പ്രത്യക്ഷപ്പെടുവാൻ പാടുള്ളതല്ല. കാര്യം കാരണത്തേക്കാൾ ശ്രേഷ്ഠതരമായിക്കൂടല്ലൊ. അപ്രകാരംതന്നെ നിർജ്ജീവവസ്തുക്കളിൽ നിന്നു ബീജമോ ജീവൻതന്നെയൊ പുറപ്പെടുവിക്കുവാൻ പ്രകൃതിശക്തികൾക്കു സാധിക്കുകയില്ല. പ്രകൃതിശക്തികൾ എത്രതന്നെ ഉഗ്രമായി നിർജ്ജീവവസ്തുവിൽ പ്രവർത്തിച്ചാലും, ആ വസ്തുവിനെ സംബന്ധിച്ചിടത്തോളം പ്രസ്തുതപ്രവൃത്തി ബാഹ്യമായിരിക്കയേയുള്ളൂ. ജീവനില്ലാത്ത പ്രസ്താവിതവസ്തു ജീവനുള്ളയാതൊന്നിന്റേയും അംശമല്ലാത്തതിനാൽ ജീവനുള്ള ഏതെങ്കിലും ഒന്നിൽനിന്നു ജീവൻ അതിൽ പ്രവേശിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ജീവൻ അത്യധികമായ ഒരു ചലനമാണു്. അതു സജീവവസ്തുവിൽനിന്നു പോർപെടുകയാണെങ്കിൽ ജീവനില്ലാത്ത വേറേ ഏതോ ശക്തിയായി പരിണമിക്കുന്നു. ഈ സ്ഥിതിക്കു നിർജ്ജീവവസ്തുവിൽ പ്രവർത്തിക്കുന്ന പ്രകൃതിശക്തികളെല്ലാം അതിനെ സംബന്ധിച്ചിടത്തോളം ബാഹ്യങ്ങളാകുവാനേ തരമുള്ളൂ.

ജീവനാകട്ടെ ആന്തരികമാണു്. ബാഹ്യശക്തികളെ സ്വീകരിയും ആന്തരികവും ആയിപ്പുകത്തുവാനുള്ളശക്തി നിർജ്ജീവവസ്തുവിൽ ഉണ്ടാകുവാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ ഏതാട്ടുശമായ ശക്തി ജീവനേയോ ജീവബീജത്തേയോ മാത്രം ആശ്രയിച്ചുനില്ക്കുന്ന ഒന്നാകുന്നു. നിർജ്ജീവവസ്തുവിൽ ജീവബീജം പോലുമില്ലാത്തതിനാൽപ്രസ്തുതശക്തി അതിൽ നിക്ഷിപ്തമായി സ്ഥിതിചെയ്യുന്നില്ല. അതുകയാൽനിർജ്ജീവവസ്തുവിൽ ജീവനോ ജീവബീജമോ സൃഷ്ടിക്കുവാൻ പ്രകൃതിക്കു സാധിക്കയില്ലെന്നു സിദ്ധിക്കുന്നു. ആദിമ ജീവനെ അഥവാജീവബീജത്തെ സൃഷ്ടിച്ചതു് പ്രകൃതിനാഥനായ ദൈവംതന്നേയാണെന്നല്ലയൊ ഇതിൽനിന്നുള്ള അനുമാനം? നിർജ്ജീവവസ്തുവിനേ ഉജ്ജീവിപ്പിക്കുവാനുള്ള ശക്തിയും പ്രകൃതിനാഥനിൽ മാത്രമേ ഉണ്ടാകുവാൻ പാടുള്ളു.

ആന്തരികചലനമായ ജീവനെസംഭരിക്കുവാനുള്ള ശക്തി സജീവവസ്തുവിൽ ഇല്ലാതാകുമ്പോൾ മരണംസംഭവിക്കുന്നു. ആന്തരികമായ ചലനം ആന്തരികമായിക്ഷയിക്കുന്നതാണുമരണം. ജീവബീജം വികസിച്ചുകഴിയുമ്പോൾ ബീജമില്ലാജീവനാണു്പ്രത്യക്ഷപ്പെടുന്നതു്. ഇപ്രകാരംജീവൻപ്രത്യക്ഷപ്പെടുന്നതോടേ ബീജം സജീവവസ്തുവായി പരിണമിക്കുന്നു. തന്നിമിത്തം മരണം സംഭവിക്കുമ്പോൾ ജീവബീജംപോലും മൃതവസ്തുവിൽ അവശേഷിക്കുന്നില്ല ഇങ്ങനെ ജീവനൊ ജീവബീജമൊ ഇല്ലാത്ത മൃതവസ്തു മുൻപ്രസ്താവിച്ച നിർജ്ജീവവസ്തുവിനു തുല്യമാകയാൽ അതിനെ പുനർജ്ജീവിപ്പിക്കുവാൻദൈവത്തിനുമാത്രമേ സാധിക്കുകയുള്ളു.

ശരീരവും ആത്മാവും കൂടിയോജിച്ചു് ഏകവസ്തുവായി സ്ഥിതിചെയ്യുന്നതാണു മനുഷ്യൻ. മരണം നിമിത്തം ആത്മാവു ശരീരത്തിൽ നിന്നു വേർപെടുന്നു. മരണശേഷം

ആത്മാവു ശരീരത്തെ അതിജീവിക്കുന്നുണ്ടെങ്കിലും മൃതശരീരത്തോടുകൂടിയാജിക്കുവാൻ പ്രകൃതി അതിനെ അനുവദിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ജീവൻ സംരക്ഷിക്കുവാനുള്ള ശക്തി ശരീരത്തിനുണ്ടെങ്കിൽ മാത്രമേ ആത്മാവു് അതോടുകൂടിയോജിച്ചു നില്ക്കുകയുള്ളു. ആ ശക്തി ശരീരത്തിനു നഷ്ടീഭവിക്കുക നിമിത്തമത്രെ ആത്മാവു് അതിൽനിന്നു വേർപെട്ടതു്. ആത്മാവു വേർപെടുന്നതോടേ ജീവനോ ജീവബീജമോ ഇല്ലാത്ത ഒരവസ്ഥ ശരീരത്തിനു സംഭവിക്കുന്നു. ശരീരത്തിൽ നിന്നു വേർപെട്ടുനില്ക്കുന്ന ആത്മാവിനുപോലും ജീവനെസംരക്ഷിക്കുവാനുള്ള ആന്തരികശക്തി മൃതശരീരത്തിനു പ്രദാനം ചെയ്യുവാൻ സാധിക്കുകയില്ല. ആത്മാവു ശരീരത്തിൽനിന്നു പുറത്തു സ്ഥിതിചെയ്യുക നിമിത്തം അതിന്റെ പ്രവൃത്തി മൃതശരീരത്തെ സംബന്ധിച്ചിടത്തോളം ബാഹ്യമായി മാത്രമേ പരിണമിക്കുകയുള്ളു. തന്നിമിത്തം ജീവനെ സംരക്ഷിക്കുവാൻ ആവശ്യമായ ആന്തരിക ശക്തിയെ മൃതശരീരത്തിൽ നിക്ഷേപിക്കുവാൻ അതു പര്യാപ്തമാകുന്നില്ല. മൃതശരീരത്തിനു ജീവൻ നൽകി മരിച്ച ഒരാളെ പുനർജ്ജീവിപ്പിക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളു എന്നുണ്ടല്ലൊ ഇതുകൊണ്ടു പ്രസ്താവിച്ചുവയിൽ നിന്നുള്ള അനുമാനം.

സാക്ഷാൽ മരിച്ച ഒരാൾ പുനർജ്ജീവിക്കുന്നപക്ഷം പ്രകൃതിനാഥനായ ദൈവം അവിടെ തന്റെ പ്രകൃത്യതീതമായ ശക്തി പ്രയോഗിച്ചിട്ടുണ്ടെന്നു സ്പഷ്ടമാണു്. ഏതെങ്കിലും ഒരുമതം ദൈവസ്ഥാപിതമാണെന്നു തെളിയിക്കുവാൻ ഇപ്രകാരമൊരു സംഭവം നടന്നാൽ, ദൈവത്തിനുമാത്രം സ്വന്തമായ ഒരടയാളമായിരിക്കും അതിൽ നാം കാണുന്നതു്. ഈ അടയാളത്തിൽനിന്നു പ്രസ്തുതമതം ദൈവ

സ്ഥാപിതമാണെന്നനുമാനിക്കുവാൻ നിഷ്പ്രയാസം നമുക്കു സാധിക്കുന്നു.

മരിച്ചവരെ പുനർജ്ജീവിപ്പിക്കുക, ഒടിവു്, മുറിവു്, കരുടപ്പു് ആദിയായവ ഒരു ക്ഷണത്തിൽ സുഖമാക്കുക, ഭക്ഷ്യപദാർത്ഥങ്ങൾ അത്യധികമായി യാതൊരു സാമഗ്രികയും കൂടാതെ വർദ്ധിപ്പിക്കുക, ആദിയായ പ്രകൃത്യതീത സംഭവങ്ങൾക്കാണു് അത്ഭുതങ്ങൾ എന്നു പേരു പറയുന്നതു്. ഒടിവു്, ചതവു്, കരുടപ്പു് മുതലായവ ഒരു ക്ഷണംകൊണ്ടു് സുഖമാക്കുവാനോ, യാതൊരു സാമഗ്രികയും കൂടാതെ ഭക്ഷ്യപദാർത്ഥങ്ങളെ വർദ്ധിപ്പിക്കുവാനോ, പ്രകൃതിക്കു സാധിക്കുകയില്ല. കാരണം, വ്യവസ്ഥാപിതരീതിയിൽ സമയത്തിലും സ്ഥലത്തിലും (in time and space) മാത്രം പ്രവർത്തിക്കുന്നതാണു് പ്രകൃതി. അതുകയാൽ ഒടിവു്, ചതവു്, മുതലായവയെ ഒരു ക്ഷണംകൊണ്ടു്, ഒട്ടും സമയം വിനിയോഗിക്കാതെ പ്രകൃതി സുഖമാക്കുന്ന പക്ഷം, പ്രകൃതി പ്രകൃതിയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്നതായിരിക്കും! ഇതു സംബന്ധിക്കുന്നതു യോജിക്കാത്തതും തദ്വാരാ അസംഭാവ്യവും ആണു്.

മരണം സംഭവിച്ചെന്നും, കരുടൻകാഴ്ച പ്രാപിച്ചെന്നും അതു് ഒരു ക്ഷണംകൊണ്ടാണെന്നുമറിയുന്നതുകൊണ്ടു നിശ്ചയപ്പെടുത്താവുന്നതാണു്. ഇപ്രകാരം അത്ഭുതങ്ങളുടെയാഥാർത്ഥ്യം ഗ്രാഹ്യമായിതീരുന്നു. പ്രകൃതിയുടെ ശക്തി എത്രമാത്രമുണ്ടെന്നു് നമുക്കു് അജ്ഞാതമാകയാൽ ഒരു സംഭവം അത്ഭുതകരമാണെന്നു് നിശ്ചയം പറയുക സാദ്ധ്യമല്ലെന്നു വല്ലവരും വിചാരിച്ചേക്കാം. പ്രകൃതിയുടെ ശക്തി എത്രമാത്രമാണെന്നു പൂർണ്ണമായി നമുക്കറിഞ്ഞുകൂടെങ്കിലും, പ്രകൃതിക്കു് ഇന്നതു സാധിക്കാവുന്നതല്ലെന്നു് നമുക്കു നിശ്ചയം പറയാം. ഇങ്ങനെ പ്രകൃതിക്കു അസാദ്ധ്യമായ ഒന്നാണു് മരിച്ചവരെ

പുനർജ്ജീവിപ്പിക്കുക എന്നതു്. പ്രകൃതി എത്രതന്നെ ഉയർന്നാലും ജീവൻ നഷ്ടീഭവിച്ച ഒരു വസ്തുവിൽ വീണ്ടും അതു നിക്ഷേപിക്കുവാൻ പ്രകൃതിക്കു സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ പ്രകൃതിയുപയോഗിക്കുന്ന ശക്തികളും ബാഹ്യങ്ങളും ജീവൻ അന്തരികവും അകുന്നു.

അത്ഭുതങ്ങളും പ്രകൃതിനിയമങ്ങളുടെ വിരുദ്ധങ്ങളാകയാൽ സംഭാവ്യങ്ങളല്ലെന്നു ചിലർ വാദിക്കുന്നു. പ്രകൃതിയും തന്നിയമങ്ങളും ദൈവത്തിൽ നിന്നുള്ളവയാണു്. പ്രകൃതിയുടെ പരമകർത്താവായ ദൈവത്തിനു പ്രകൃതിയിൽ യഥേഷ്ടം പ്രവർത്തിക്കയും, സാധാരണമായി അതിൽ നടന്നുവരുന്ന നിയമങ്ങളിൽ വ്യതിയാനം വരുത്തുകയും ചെയ്യാം എന്നുള്ള മൌലികതത്വത്തിലാണു പ്രകൃതിയും പ്രകൃതിനിയമങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നതു്. മൌലികമായ ഈ തത്വം അത്ഭുതപ്രവൃത്തിയിൽ പ്രായോഗികമാക്കുക മാത്രമാണു് ദൈവം ചെയ്യുന്നതു്. അലംഘനീയമായ പ്രകൃതിനിയമം അത്ഭുതപ്രവർത്തനത്താൽ ലംഘിക്കപ്പെടുന്നു എന്നുള്ള അവഹേളനം അടിസ്ഥാനശൂന്യമാണെന്നു് ഇതിൽ നിന്നു മനസ്സിലാക്കാമല്ലൊ. ഭാരമുള്ള വസ്തുക്കൾ കീഴ്പോട്ടു വീഴണമെന്നാണല്ലൊ പ്രകൃതിനിയമം. ഈ നിയമത്തെ നാം നിത്യം ലംഘിക്കുകയും ഭാരമുള്ള വസ്തുക്കളുടെ സ്വാഭാവികഗതിയെ തടയുകയും ചെയ്യുന്നില്ലയോ? എന്നാൽ നമ്മുടെ ഈ പ്രവൃത്തി സാക്ഷാൽ പ്രകൃതിനിയമലംഘനമാണെന്നു് ആരെങ്കിലും വിചാരിക്കുന്നുണ്ടോ? വേറെ പ്രതിബന്ധമൊന്നുമില്ലെങ്കിൽ ഭാരമുള്ള വസ്തുക്കൾ കീഴ്പ്പോട്ടു വീഴണമെന്നാണു പ്രകൃതിനിയമം. പ്രതിബന്ധം ചെയ്യുന്ന നാം ഈ നിയമത്തെ പ്രായോഗികമാക്കുകയത്രെ ചെയ്യുന്നതു്. അപ്രകാരംതന്നേ ദൈവം സ്വഭാവാതീതമായി പ്രവർത്തി

ച്ചില്ലെങ്കിൽ പ്രകൃതിയിൽ ഇപ്പോഴും കാണുന്ന നിയമങ്ങൾ അലംഘനീയങ്ങളായിരിക്കും എന്നുള്ളതാണു സാക്ഷാൽ പ്രകൃതിനിയമം. അത്ഭുതം പ്രവർത്തിക്കുമ്പോൾ ദൈവം ഈ നിയമം പ്രായോഗികമാക്കുകയല്ലയോ ചെയ്യുന്നതു്? പ്രകൃതിനിയമങ്ങളുടെ ആന്തരിക സ്വഭാവം മാറാതെതന്നെ അത്ഭുതപരമായി ദൈവത്തിനു് അവയിൽ പ്രവർത്തിക്കാമെന്നു് ഇതുമുഖേന പ്രസ്താവിച്ചുവെന്നു തെളിയിക്കുന്നുണ്ടു്.

അത്ഭുതങ്ങൾ സംഭവ്യങ്ങളാണെങ്കിൽ, ദൈവം തന്റെ മുൻനിശ്ചയങ്ങളെ പിൻവലിച്ചു് സ്വയം തിരുത്തുന്നു എന്നൊരാക്ഷേപം ദൈവത്തെ സംബന്ധിച്ചുണ്ടാകുന്നതല്ലയോ എന്നു ചോദിച്ചേക്കാം. ഈ ആക്ഷേപം അടിസ്ഥാനരഹിതമാണു്. ബുദ്ധിമാനായ ഒരു നിയമകർത്താവു് നിയമങ്ങൾക്കുണ്ടാകാവുന്ന അപവാദങ്ങളേയും മുമ്പുകൂട്ടി നിശ്ചയിക്കാറില്ലയോ? ഇപ്രകാരംതന്നെ, പ്രകൃതിനിയമങ്ങളെ ഏർപ്പെടുത്തിയതോടേ ഏതെല്ലാം അത്ഭുതങ്ങൾകൂടി ചെയ്യേണ്ടതാണെന്നു ദൈവം കണ്ടറിഞ്ഞിട്ടുണ്ടു്. ഈ കാരണത്താൽ അത്ഭുതപ്രവർത്തനത്താൽ ദൈവം സ്വയം തിരുത്തുന്നില്ല.

അത്ഭുതങ്ങൾ പ്രകൃതിനിയമങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തെ നശിപ്പിച്ചു പ്രകൃതിയെ ആകമാനം അലങ്കോലപ്പെടുത്തുമെന്നുള്ള ഭയവും കഥയില്ലാത്തതാണു്. പ്രകൃതിയെ അലങ്കോലപ്പെടുത്താതെ പ്രതിക്ഷണമെന്നോണം പ്രകൃതി നിയമങ്ങളെ നാം "ലംഘി"ക്കാറില്ലയോ? ഭാരമുള്ള വസ്തുക്കൾ കീഴ്പോട്ടുവീഴണമെന്നുള്ള പ്രകൃതിനിയമത്തെ എത്രപ്രാവശ്യം മനുഷ്യർ "ലംഘിക്കുന്നു!" എങ്കിലും പ്രകൃതി അലങ്കോലപ്പെടുന്നില്ലല്ലൊ. ഇങ്ങനെയെങ്കിൽ പ്രകൃത്യതീതമായി ദൈവത്തിനു പ്രകൃതിയിൽ പ്രവർത്തിക്കേ

യും പ്രകൃതിയെ അവഗണിച്ചുപോലുമെട്ടുത്താതിരിക്കുകയും ചെയ്യുമോ?

പ്രകൃതിശക്തികളുടെ പരിമാണം (The sum total of energies) ക്ലിപ്തമാണെന്നും തന്നിമിത്തം ദൈവം അത്ഭുതം പ്രവർത്തിക്കുകയില്ലെന്നും ചിലർ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ പ്രകൃതിശക്തികളുടെ പരിമാണത്തിൽ ഭേദം വരുത്താതെ, അവയുടെ ഗതി വ്യത്യാസപ്പെടുത്തി ദൈവത്തിനു അത്ഭുതം പ്രവർത്തിക്കരുതോ? ഭാരമുള്ള വസ്തുക്കളെ തടഞ്ഞുനിറുത്തുമ്പോൾ പ്രകൃതിശക്തിയുടെ ഗതിയെ വ്യത്യാസപ്പെടുത്തുകയല്ലയോ നാം ചെയ്യുന്നതു്. അതിസ്വാഭാവികമായി ദൈവത്തിനു് ഇങ്ങനെ ചെയ്യുകൂടെന്നോ? എന്നാൽ, പ്രകൃതിശക്തികളുടെ പരിമാണം ക്ലിപ്തമാണെന്നു ശാസ്ത്രജ്ഞന്മാർ ഇതേവരെ തെളിയിച്ചിട്ടില്ല എന്നുകൂടി പ്രസ്താവ്യമാണു്.

ദൈവമാഗതപ്രത്തെ വെളിപ്പെടുത്തുവാനാണു് ദൈവം അത്ഭുതങ്ങളും പ്രവർത്തിക്കുന്നതെന്നു് നാം മനസ്സിലാക്കുകയും വേണം. നേരിട്ടോ, അനുർ മുഖേനയോ ദൈവത്തിനു് അത്ഭുതങ്ങളും പ്രവർത്തിക്കാവുന്നതാണു്. എന്നാൽ അനുർ മുഖേന നടക്കുന്ന അത്ഭുതങ്ങളിൽ ദൈവമാണു് പ്രധാനപ്രവർത്തകൻ.

b

മനുഷ്യരുടെ സ്വതന്ത്രമനസ്സിനെ ആശ്രയിച്ചു നില്ക്കുന്നവയും ഭാവിയിൽ സംഭവിക്കുവാനിരിക്കുന്നവയും ആയ സംഗതികളെപ്പറ്റി വളരെ മുമ്പുകൂട്ടി നിശ്ചയമായി ആരെങ്കിലും പ്രവചിക്കുന്നപക്ഷം അവിടെ ദൈവശക്തിപ്രവർത്തിക്കുന്നുഎന്നു സമ്മതിക്കണം.

നമ്മുടെ സ്വതന്ത്രമനസ്സിൽ നിന്നു ഭാവിയിൽ എന്തെല്ലാം പുറപ്പെട്ടുമെന്നു നിശ്ചയം പറയുവാൻ നമുക്കുത

ന്നെ സാധിക്കുന്നില്ല. നമ്മുടെ സ്വതന്ത്രമനസ്സിന്റെ പരിപൂർണ്ണകർതൃത്വം ആക്കുണ്ടോ ആ ദൈവത്തിനു മാത്രമേ അതിന്റെ സ്വതന്ത്രപ്രവൃത്തികളെപ്പറ്റിയുള്ള സൂക്ഷ്മജ്ഞാനമുണ്ടാകുവാൻ പാടുള്ളൂ. മറ്റാളുകൾക്കു പലതും ഊഹിച്ചു പറയുവാൻ സാധിക്കുമെങ്കിലും ക്ലിപ്തമായി യാതൊന്നും അവരുടെ അറിവിൽ പെടുന്നില്ല. ദൈവമാകട്ടെ നമ്മുടെ സ്വാതന്ത്ര്യത്തിന്റെപോലും പരമകർത്താവും ആദിമകാരണവും ആകുന്നു. ഈ കാരണത്താൽ നമ്മുടെ സ്വതന്ത്രപ്രവൃത്തികളും ദൈവം നിതൃതമുതൽ തന്നെ ഗ്രഹിച്ചിരിക്കുന്നു.

ഇപ്രകാരം തന്നെ മരിച്ചു ഒരാൾ പുനർജ്ജീവിക്കുമെന്നു ദൈവത്തിനുമാത്രമേ പ്രവചിക്കുവാൻ സാധിക്കുകയുള്ളൂ. മരിച്ചയാളെ പുനർജ്ജീവിപ്പിക്കുക എന്നതു ദൈവത്തിനുമാത്രം സ്വന്തമാണെന്നു മുകളിൽ പ്രസ്താവിച്ചുല്ലൊ. അതുകയാൽ അതു സംബന്ധമായുള്ള പ്രവചനം ദൈവത്തിനു മാത്രം സ്വന്തമായിരിക്കണം.

അനേകായിരം സംവത്സരങ്ങൾക്കു മുമ്പു്, പിന്നീടുണ്ടാകുവാനിരിക്കുന്ന ഒരാളിൽ സ്വതന്ത്രമനസ്സിന്റെ ഫലമായി സംഭവിക്കുവാനിരിക്കുന്ന നിരവധി സംഗതികളെപ്പറ്റിയോ, ദൈവശക്തിയെ മാത്രം ആശ്രയിച്ചു നില്ക്കുന്ന ഏതെങ്കിലും കാര്യങ്ങളെപ്പറ്റിയോ ക്ലിപ്തങ്ങളായ പ്രവചനങ്ങളുണ്ടായിരിക്കുകയും, അവ അക്ഷരാർത്ഥം പൂർത്തിയായെന്നുചിന്നീട് അനിഷേധ്യമായ വിധത്തിൽ തെളിയുകയും ചെയ്താൽ, ദൈവശക്തി അവിടെ പ്രവർത്തിച്ചിട്ടുണ്ടെന്നു യാതൊരു പരിശോധനയും കൂടാതെ നമുക്കുറപ്പു പറയാവുന്നതാണു്.

ഇപ്രകാരമുള്ള പ്രവചനങ്ങൾ ഒരു മതസ്ഥാപനത്തെയുദ്ദേശിച്ചു നടക്കുന്ന പക്ഷം ആ മതം ദൈവികമാണെന്നു് അനുമാനിക്കേണ്ടതല്ലയോ?

C

ബുദ്ധിയെ ഉല്ലംഘിക്കുന്നവയും എന്നാൽ ബുദ്ധിക്കു വിരുദ്ധാംശങ്ങളില്ലാത്തവയും ആയ തത്വങ്ങളും വിശ്വസിക്കുവാൻ ഒരു മതം നമ്മോടാവശ്യപ്പെടുന്നു എന്നു നമുക്കു വിചാരിക്കാം. പ്രവർത്തിക്കുവാൻ ആ മതം ആവശ്യപ്പെടുന്നവ ദോഷരഹിതങ്ങളും എന്നാൽ മനുഷ്യസ്വഭാവത്തിനു് ഏറ്റവും പ്രയാസമേറിയവയും ആണെന്നു സങ്കല്പിക്കുക. ആ മതമാകട്ടെ ശാന്തമായി മാത്രം അതിന്റെ പ്രചാരണവേല നടത്തുന്നു. പ്രചാരകന്മാരാകട്ടെ, വിദ്യാവിഹീനരും ലൌകികമായ യാതൊരു സ്വാധീനമോ പ്രാബല്യമോ ഇല്ലാത്തവരും ആയ സാധുജനങ്ങളും. പ്രചാരകന്മാരെയും തദനുയായികളെയും രാജാക്കന്മാരും ചക്രവർത്തികളും, പ്രഭുജനസമക്ഷം എന്തെങ്കിലും സ്ഥാനമുള്ളവരും, അപഹസിക്കമാത്രമല്ല, നിർദ്ദയം ഹിംസിക്കുകയും ചെയ്യുന്നു. ലൌകികഭാഗ്യമോ, സ്ഥാനമാനങ്ങളോ, യാതൊന്നും പ്രസ്തുത മതാനുയായികൾക്കു് ആ മതം അവലംബിച്ചു എന്ന ന്യായത്താൽ ലഭ്യമാകുന്നില്ല. സകലവിധ കഷ്ടതകളും ഏതൽഫലമായി അവർക്കു നേരിടുന്നതേയുള്ളൂ. മതസ്ഥാപകനാകട്ടെ, ശാസ്ത്രികളുടെയും, ധനാഢ്യന്മാരുടെയും പരിഷ്കൃതാശയന്മാരുടെയും ദൃഷ്ടിയിൽ നീചനും നിന്ദ്യനും ആയി പരിഗണിക്കപ്പെടുന്നു. ഇപ്രകാരം നിന്ദ്യനായി കരുതപ്പെടുന്നവനെ ദൈവമായി ആരാധിക്കണമെന്നാണു പ്രസ്തുത മതാനുയായികളുടെ സിദ്ധാന്തം. മതസ്ഥാപകൻ ലൌകികമായ യാതൊരു പ്രശസ്തിയുംകൂടാതെ ജീവിച്ചവനും താല്പര്യമായ ഒരു മതം സ്ഥാപിച്ചു എന്ന കാരണത്താൽ പരിഷ്കൃതമാനസന്മാരാൽ നീചനീചമാംവണ്ണം നിഗ്രഹിക്കപ്പെട്ടവനും ആണു്.

ഇപ്രകാരമുള്ള പ്രാതികൂല്യങ്ങളുടെമദ്ധ്യേ പ്രസ്തുതമതം

പടർന്നു വ്യാപിക്കയാണു് ചെയ്യുന്നതു്. തദനുയായികൾ ക്രൂട്ടാക്രൂട്ടമായി കൊല്ലപ്പെട്ടുമ്പോൾ ആയിരമായിരമായി നവീനാനുഗാമികൾ അതിനുണ്ടാകുന്നു. ശത്രുപക്ഷത്തുനിന്നുപോലും ധാരാളമാളുകൾ അതിനു വിധേയരാകുന്നുണ്ടു്. അതിനെ നിന്ദിച്ചിരുന്ന ശാസ്ത്രജ്ഞന്മാരും പ്രബലന്മാരും അതിനധീനപ്പെട്ടുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്നില്ല. ലോകം മുഴുവനിലും പടർന്നുപിടിച്ചു് അനുയായികളുടെ സംഖ്യ ദിനേന അതു വർദ്ധമാനമാക്കുന്നു. ലോകത്തെ അതു സംസ്കരിക്കുന്നു. ലോകത്തിന്റെ ആശയഗതിയെ പാടേ അതു മാറ്റുന്നു. സാമ്രാജ്യങ്ങളും സമ്രാട്ടുകളും അതിന്റെ അംഗങ്ങളാകുന്നു. അതിന്റെ ഉൽകൃഷ്ടാദർശങ്ങൾക്കനുസരണമായി രാഷ്ട്രീയനിയമങ്ങൾ നിർമ്മിക്കപ്പെടുന്നു. എവിടെ അതു പീഡിപ്പിക്കപ്പെടുന്നുവോ അവിടെ അതു ബലപ്രാപിക്കുന്നു. പീഡനങ്ങളും പ്രതിക്രുദ്ധവിപ്ലവങ്ങളും അതിനെതിരായിവർദ്ധിക്കുമ്പോൾ അതിന്റെ സ്ഥൈര്യം വർദ്ധിക്കയും അതിന്റെ സിദ്ധാന്തങ്ങൾ പൂർവ്വാധികം വിശദീകൃതങ്ങളാകയും ആണു ചെയ്യുന്നതു്. ലോകത്തിനു നേരിട്ടുള്ള സകല വിപത്തുകൾക്കും സിദ്ധൗഷധമാണു് ആ മതം.

ഈദൃശലക്ഷണങ്ങളുള്ള ഒരു മതം പ്രത്യക്ഷപ്പെട്ടാൽ അതു ദൈവികമായിരിക്കണമെന്നു അനുമിക്കുന്നതിൽ യാതൊരബദ്ധവും ഉണ്ടായിരിക്കയില്ല. ശാശ്വതങ്ങളും, നന്മസമ്പൂർണ്ണങ്ങളും ആയ പ്രസ്തുതസംഭവങ്ങൾ ദൈവശത്രുവും തിന്മയെ ആഗ്രഹിക്കുന്നവനും ആയ പിശാചിന്റെ പ്രവൃത്തിഫലങ്ങളാണെന്നു പറയുക പരമാബദ്ധമാണു്. അവ അമാനുഷികങ്ങളാണെന്നു സമ്മതിക്കാതെ ഗത്യന്തരവുമില്ല. ആകയാൽ അവ ദൈവികങ്ങളും അവയുടെ കാരണമാകുന്ന മതം ദൈവസ്ഥാപിതവുമാണെന്നു സമ്മതിക്കണം.

d

മേൽ പ്രസ്താവിച്ച മതത്തെപ്രതി മനുഷ്യസമുദായത്തിലെ ഓരോ സ്ഥിതിക്കാരും അനേകായിരമായി കഠിനപീഡകം സഹിക്കയും മരണംതന്നെയും ക്രൂസ്ക്രൂടാതെ അനുഭവിക്കയും ചെയ്യുന്നതായി നമുക്കു സങ്കല്പിക്കാം. ഈ മതം ഉപേക്ഷിക്കുക മഹാപാപമാണെന്നും, മരണമനുഭവിച്ചാലും ഇപ്രകാരമുള്ള മഹാപാപത്താൽ ദൈവത്തെ ഉപദ്രവിക്കുവാൻ പാടില്ലെന്നും ഉള്ള പൂർണ്ണബോധത്തോടെ പുരുഷന്മാരും, സ്ത്രീകളും, വൃദ്ധന്മാരും, യുവാക്കളും, ധനികന്മാരും, ദരിദ്രരും, വിദ്വാന്മാരും വിദ്യാവിഹീനരും ആയിരക്കണക്കിനു് ഉഗ്രപീഡകം സഹിച്ചു മരണത്തെ സസന്തോഷം കൈവരിക്കുകയാണു ചെയ്യുന്നതു്. അവർ സഹിക്കുന്ന പീഡകം വിവിധങ്ങളും അത്യുഗ്രങ്ങളും ആണു്. ചക്രവർത്തികളിൽനിന്നും അവക്കു് ഏറ്റവുമടുത്ത ബന്ധുമിത്രാദികളിൽനിന്നും ആണു് ഇപ്രകാരമുള്ള പീഡകം അവർ സഹിക്കുന്നതു്. പീഡകളുടെ ഉഗ്രതയേപ്പറ്റിയും സ്വല്പം ചിന്തിക്കാം. ചിലർ അഗ്നിക്കിരയാക്കപ്പെടുന്നു. ചിലർ വെള്ളത്തിൽ കെട്ടിത്താഴ്ത്തപ്പെടുന്നു. വേറേ ചിലരുടെ തോൽ ഉരിയപ്പെടുന്നു. ശരീരാവയവങ്ങളും തുണ്ടുതുണ്ടായി ഛേദിക്കപ്പെടുന്നവർ ധാരാളം. സിംഹം കരടി ആദിയായ ക്രൂരമൃഗങ്ങൾക്കു് അനേകർ ഇരയാകുന്നുണ്ടു്. തിളച്ച എണ്ണയിൽ മുക്കപ്പെടുകയാണു മറ്റു ചിലരുടെ അനുഭവം. ഇന്നിയും ചിലർ കാളകുതിര മുതലായ മൃഗങ്ങളുടെ കാലുകളിൽ ബന്ധിക്കപ്പെട്ടു കാടുകളിലും മലകളിലും മുള്ളുകളിലും പാറകളിലും ക്രൂരവലച്ചു വീഴ്ത്തപ്പെടുന്നു. ക്രൂരമുനയുള്ള ഇരുമ്പുചീപ്പുകളാൽ ചിലരുടെ മാംസം വാരിയെടുക്കപ്പെടുന്നുണ്ടു് അടിയിൽ ആണി തറച്ചശേഷം അവ ശരീരത്തിൽ കൊള്ളത്തക്കവണ്ണം

ചക്രങ്ങളോട് ബന്ധിക്കപ്പെട്ട് ചുറ്റിക്കപ്പെടുന്നവരുടെ സംഖ്യ ഒട്ടും കുറവല്ല. വേറേ ചിലരെ ഇരുമ്പുകട്ടിലുകളിൽ കിടത്തി ശത്രുക്കൾ അടിയിൽ തീ കൊടുക്കുകയാണു ചെയ്യുന്നതു്. അനേകരുടെ കൈകാലുകൾ നിർദ്ദയം ഛേദിക്കപ്പെടുന്നു. വിഷസർപ്പങ്ങളുടെ കൂടുകളിൽ അടക്കം ചെയ്യപ്പെടുന്നവരും കുറവല്ല. ശവസംസ്കാരം മരിക്കാനാണു ചിലർ നിയുക്തരാകുന്നതു്. വാണംകെട്ടി പറപ്പിക്കപ്പെടുന്നവരും ധാരാളമുണ്ടു്. ചീഞ്ഞഴിഞ്ഞ മൃഗശരീരങ്ങൾകൊണ്ടു നിറഞ്ഞ സ്ഥലങ്ങളിൽ ബന്ധിക്കപ്പെടുന്നവർ അനേകരാണു്. അനേകരുടെ കീറിമുറിഞ്ഞ ശരീരത്തിൽ തിളച്ച എണ്ണയും എരിവുള്ള ദ്രവങ്ങളുമാണു കോരിച്ചൊരിയപ്പെടുന്നതു്. കണ്ണുകൊണ്ടു കുഴഞ്ഞുനോക്കുന്നവരും ധാരാളം. ഇപ്രകാരം മനുഷ്യന്റെ ക്രൂരതയ്ക്കു് ഏതെല്ലാംതരം പീഡനാസന്ദർഭങ്ങൾ കണ്ടെത്തുവാൻ സാധിക്കുമോ ആ സന്ദർഭങ്ങളിലെല്ലാമാണു പ്രസ്തുത മതാനുയായികൾ പീഡിപ്പിക്കപ്പെടുന്നതു്.

പീഡിതർക്കു് ലൌകികമായ യാതൊരു സന്തോഷമോ സദ്ഭാഗ്യമോ പ്രസ്തുതമതം പ്രദാനംചെയ്യുന്നില്ല. അവരുടെ സംഖ്യ ക്ലിപ്തപ്പെടുത്തുക അസാധ്യം- അവർ എല്ലാ സമുദായത്തിൽപ്പെട്ടവരും ലോകത്തിന്റെ നാനാഭാഗത്തും ചിതറിക്കിടക്കുന്നവരും പലതരം ജീവിതസ്ഥിതിക്കാരുമാകുന്നു. ശാന്തതയോടും, സന്തോഷത്തോടും, ദൈവത്തെപ്രതിയും, പരിപൂർണ്ണസ്വാതന്ത്ര്യത്തോടും, സമാധാനചിത്തരായുമാണു പീഡിതർ കഷ്ടതകളും മരണംതന്നെയും കൈവരിക്കുന്നതെന്നു് പ്രത്യേകം എടുത്തു പറയേണ്ടതായുണ്ടു്. അവരെ പീഡിപ്പിക്കുന്നവർതന്നെയും പലപ്പോഴും കൊലക്കളത്തിൽവച്ചു പീഡിതരുടെ മതമവലംബിക്കുന്നതും അവരുടെ ഗണത്തിൽച്ചേർന്നു പീഡസഹിച്ചു മരിക്കുന്നതും അപൂ

വ്മല്ല. പീഡനം വർദ്ധിക്കുംതോറും പീഡിതരുടെ സംഖ്യ വർദ്ധിക്കയും അവർ ഏതുമതത്തെപ്രതി പീഡിപ്പിക്കപ്പെട്ടുന്നുവോ ആ മതം പൂർവ്വാധികം പ്രചാരത്തിൽ വരികയും ചെയ്യുന്നു.

മേൽ പ്രസ്താവിച്ച സാഹചര്യങ്ങളെല്ലാം ആലോചിക്കുന്നതായാൽ പ്രസ്തുതമതം ദൈവികമാണെന്നു നിഷ്പ്രയാസം നമുക്കനുമാനിക്കാവുന്നതാണ്. നിമ്മലോപദേശങ്ങളുടെ ഒരു സംഹിതയും പൈശാചികങ്ങളായ സകലത്തെയും വിരോധിക്കുന്നതുമാകുന്നു പ്രസ്തുത മതമെന്നു പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്. വിശ്വസിക്കുവാൻ ആ മതം ആവശ്യപ്പെടുന്ന തത്വങ്ങൾ മാനുഷികബുദ്ധിശക്തിയെ ഉല്ലംഘിക്കുന്നതാണെന്നും നാം മനസ്സിലാക്കണം. ഈ ലക്ഷണങ്ങളെല്ലാമുള്ള ഒരു മതത്തെപ്രതി മേൽ വിവരിച്ച തരങ്ങളിലുള്ള പീഡനങ്ങൾ ശാന്തമായും സന്തോഷത്തോടും സഹിക്കുവാൻ മനുഷ്യകുലത്തിൽപ്പെട്ട പലതരക്കാരായ അനേകസഹസ്രം ആളുകളെ പ്രേരിപ്പിക്കുന്ന ശക്തി ദൈവികം തന്നെയല്ലാതെ മാനുഷികമോ പൈശാചികമോ ആയിക്കൂടാ.

e

ഇതുവരെ വിവരിച്ച ലക്ഷണങ്ങളിൽ ഒന്നോ രണ്ടോ മാത്രമല്ല, പ്രത്യുത, അവയെല്ലാം ഒരേ ഒരു മതത്തിൽ പ്രത്യക്ഷപ്പെട്ടുന്നതായി നമുക്കു സങ്കല്പിക്കാം. ആ മതം സ്വാനുഗ്രാഹികളെ സർവപ്രകാരേണയും സംസ്കരിക്കുന്നതാകുന്നു. മനുഷ്യരുടെ സ്വാഭാവിക ദുർവ്വാസനകളോടു് അതു് നിർദ്ദയം പോരാടുന്നുണ്ടെങ്കിലും, അവരുടെ ന്യായപൂർവ്വമായ എല്ലാ ആഗ്രഹങ്ങളും ആശകളും സാധിക്കുവാൻ തക്ക മാർഗ്ഗങ്ങളെ അതു നിർദ്ദേശിക്കാതിരിക്കുന്നില്ല. ലൌകിക ദൈവർ

ഭോഗൃങ്ങളിൽ മനുഷ്യനു് ആശ്വാസവും സമാധാനവും, സൌഭാഗൃങ്ങളിൽമിതത്വവുംപാകതയും പ്രദാനം ചെയ്യുന്നതാണു് ആ മതം. അതിന്റെ സിദ്ധാന്തങ്ങളും അതിഗഹനങ്ങളും സൂഷ്മബുദ്ധിയെ അതിശയിക്കുന്നവയും ആണെങ്കിലും അവയിൽ പരസ്പരവിരുദ്ധതയോ അബദ്ധാലോചനപോലുമോ അശേഷമില്ല. മഹാശാസ്ത്രജ്ഞന്മാക്കും കൊച്ചുകുട്ടികൾക്കും ഒന്നുപോലെ ആശ്രയവും ആലംബവും നൽകുന്നവയാണു് ആ സിദ്ധാന്തങ്ങളും. അവ വിശ്വാസങ്ങളും വിശ്വാസികൾക്കു കാരണഭൂതങ്ങളും ആകുന്നു. ദൈവത്തേയും, മനുഷ്യാത്മാവിനേയും, മരണാനന്തരാവസ്ഥയേയും, പ്രപഞ്ചത്തേയും അതിലെ സകല ദുഃഖദുരിതങ്ങളേയും ബന്ധിക്കുന്നവയായ എല്ലാ പ്രാേദ്യങ്ങൾക്കും ക്ലിപ്തങ്ങളും, സംശയരഹിതങ്ങളും, ആശ്വാസപ്രദങ്ങളും ആയ സമാധാനങ്ങളാണു പ്രസ്താവിതമതം നൽകിക്കൊണ്ടിരിക്കുന്നതു്. മറു മതങ്ങളിലുള്ള എല്ലാ നന്മകളും അവയിൽക്കൂട്ടലും ആ മതത്തിലുണ്ടെങ്കിലും അവയിലുള്ള ദുഷിച്ചഭാഗങ്ങളൊന്നും അതിലില്ല. മനുഷ്യബുദ്ധിക്കു ശരിയായ വികാസവും മനസ്സിനു് വേണ്ടത്തക്ക ശിക്ഷണവും കൈവരുത്തുവാനാഗ്രഹിക്കുന്നവർ ആ മതാനുഗാമികളായാൽ മതിയാകുന്നതാണു്. മനുഷ്യനെ സംസ്കരിക്കുവാൻ ഇതരമതങ്ങൾക്കില്ലാത്ത ഏതോ ഒരു ദിവ്യശക്തി ആ മതത്തിനുണ്ടു്. ലോകത്തിലുണ്ടാകാവുന്ന ഏതുവിധ കഷ്ടതയ്ക്കും പ്രസ്തുത മതസിദ്ധാന്തങ്ങളിൽ പ്രതിവിധി കണ്ടെത്താവുന്നതുമാണു്.

ഏതാട്ടശ വിശേഷതകൾക്കു പുറമേ പ്രസ്താവിത മതസ്ഥാപകൻ ഒരു മഹാവിശ്വാസിയാണെന്നുകൂടി നമുക്കു സങ്കല്പിക്കാം. അദ്ദേഹത്തിൽ യാതൊരു കുറവുമില്ലെന്നും അദ്ദേഹം എല്ലാവരുടേയും വിസ്മയപാത്രമാണെന്നും ശത്രുക്കൾ

ക്കുടി സമ്മതിക്കുന്നു. എല്ലാവിധ സുകൃതങ്ങൾക്കും ഉത്തമ മാതൃകയാണു് അദ്ദേഹം. താൻ പഠിപ്പിച്ചുവയും ഉപദേശിച്ചുവയും അദ്ദേഹംതന്നെ പ്രവർത്തിച്ചിട്ടുണ്ടു്. എല്ലാവർക്കും എല്ലാമായ ആ മഹാപുരുഷൻ, അമാനുഷികമായ തന്റെ ജീവിതരീതിയും ഉപദേശവൈശിഷ്ട്യവും വഴിയായി സകലരേയും വിസ്മയിപ്പിക്കുതന്നെ ചെയ്യുന്നു. അദ്ദേഹത്തിന്റെ ശാന്തതയും വിനയവും അന്യാദൃശങ്ങൾതന്നെ. താൻ സ്ഥാപിക്കുന്ന മതം ദൈവികമാണെന്നു് തെളിയിക്കുവാൻ യഥാർത്ഥമായ അത്ഭുതങ്ങൾകൂടെയും അദ്ദേഹം പ്രവർത്തിക്കുന്നുണ്ടു്. അദ്ദേഹം ഒരു പ്രവചനകർത്താവു കൂടിയാണു്.

ഒരു സങ്കൽപമതത്തെപ്പറ്റിയാണല്ലൊ ഇതുവരെ നാം പ്രസ്താവിച്ചിരിക്കുന്നതു്. എന്നാൽ, നമ്മുടെ കല്പനാശക്തിയിൽ നിന്നു പുറപ്പെട്ട തരത്തിലുള്ള ഒരു മതം യഥാർത്ഥത്തിൽ ഭൂമുഖത്തു പ്രത്യക്ഷപ്പെടുന്നപക്ഷം, വേറെ യാതൊരു പര്യാലോചനയും കൂടാതെ അതു ദൈവികമാണെന്നു് തീർത്തു പറയുവാൻ നമുക്കു സാധിക്കും. എന്തുകൊണ്ടെന്നാൽ മേൽ പ്രസ്താവിച്ചലക്ഷണങ്ങൾ ഓരോന്നും ദൈവശക്തിയെ വെളിപ്പെടുത്തുന്നവയാണു്. അവയെല്ലാം ഒരു മതത്തിൽ കാണപ്പെടുന്നതായാൽ ആ മതം ദൈവികമല്ലെന്നു സുബുദ്ധികൾപറയുകയില്ല, നിശ്ചയം. ഇപ്രകാരമുള്ള ഒരു മതം വെറും സങ്കല്പിതമതം മാത്രമാകുവാനേ തരമുള്ളു എന്നു വിചാരിക്കുന്നവരും ഉണ്ടായേക്കാം.

IV

ദൈവസ്ഥാപിതമായ മതത്തിനു് അശേഷം യോജിക്കാത്ത ചില ലക്ഷണങ്ങളേപ്പറ്റിയും പ്രതിപാദിക്കേണ്ടതായുണ്ടു്. ഈ ലക്ഷണങ്ങളിൽ ഏതെങ്കിലും ഒന്നു് ഒരു മതത്തിന്റെ ഔദ്യോഗിക സിദ്ധാന്തസംഹിതയിൽ കാണപ്പെ

ട്ടുണ്ടെങ്കിൽ ആ മതം ദൈവികമല്ലെന്നു് അനുമാനിക്കുവാൻ ഇതു പരിശോധന ഉപകരിക്കുന്നതാണു്.

ഫ. ബുദ്ധിക്കു യോജിക്കാത്തതോ സന്മാർഗ്ഗവിരുദ്ധമോ ആയ ഏതെങ്കിലും ഒരു തത്വം സ്വീകരിച്ചിരിക്കുന്ന മതം ദൈവികമാകുവാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ ദൈവം സത്യവാനും നന്മസ്വരൂപനും ആയിരിക്കയാൽ അബന്ധവും ദുഷിച്ചതും ആയ തത്വങ്ങളടങ്ങിയ ഒരുമതം വെളിപ്പെടുത്തുകയില്ലതന്നെ.

ഫ. ആദിമകാരണം, അവശ്യസ്ഥിതൻ ആദിയായ കാരണങ്ങൾക്കുനിമിത്തം ദൈവത്തിനു് അവശ്യമുണ്ടായിരിക്കേണ്ടതായ ഏതെങ്കിലും ലക്ഷണത്തെ നിഷേധിക്കുന്ന മതം ദൈവികമാകുവാൻ പാടുള്ളതല്ലല്ലോ.

ന. മനുഷ്യരുടെ സന്മാർഗ്ഗവ്യാപാരത്തെ മലിനപ്പെടുത്തുന്നതും ദുർമ്മാർഗ്ഗത്തിലേയ്ക്കു് അവരെ ചായിക്കുന്നതും, അവരെ ക്രൂരഹൃദയന്മാരാക്കിത്തീർക്കുന്നതും, ദൈവത്തേയും മനുഷ്യനേയും മറ്റൊന്നന്തരാവസ്ഥയേയുംപറ്റി നിരാശാജനകങ്ങളായ ഉപദേശങ്ങൾ നൽകുന്നതുംആയ മതം ദൈവികമല്ലതന്നെ.

ര. മതസംബന്ധമായി കായ്യകാരണസഹിതം വിമർശനം ചെയ്യുവാൻ സ്വാതന്ത്ര്യമില്ലാതെ അനുവദിക്കാത്ത മതം എങ്ങനെ ദൈവികമാകും? ദൈവികമതം കായ്യകാരണസഹിതം അതിന്റെ ദൈവികത്വത്തെ സംസ്ഥാപിക്കുന്ന ഒന്നാകാതെ തരമില്ല.

ഭ. ബലപ്രയോഗത്താൽ മതപ്രചാരണം നടത്തുവാൻ ഔദ്യോഗികമായി കല്പിക്കയോ അനുവദിക്കയോ ചെയ്യുന്ന മതം ദൈവികമാകുവാൻ പാടില്ല. വിശേഷബുദ്ധിയും

സ്വതന്ത്രമനസ്സും ഉള്ളതുകൊണ്ടാണു് മതം മനുഷ്യനു് അ
വശ്യമായി തീർന്നിരിക്കുന്നതു്. മൃഗങ്ങൾക്കു് ഈ ഗുണങ്ങളി
ല്ലാത്തതിനാൽ അവയ്ക്കു മതമില്ല. ബാഹ്യപ്രയോഗത്താൽ മ
തപ്രചാരണം നടത്തുന്നവർ മനുഷ്യനെ മൃഗതുല്യമായി ഗ
ണിക്കുകയും, വിശേഷബുദ്ധിക്കും സ്വതന്ത്രമനസ്സിനും മത
ത്തോടുണ്ടായിരിക്കേണ്ട അവശ്യബന്ധത്തെ നശിപ്പിക്കുക
യുംചെയ്യുന്നു. ദൈവസ്ഥാപിതമായമതം ഇപ്രകാരം പ്ര
വർത്തിക്കുവാൻ സ്വാനുഗാമികളോടു കല്പിക്കയോ, അവരെ
അതിനു് അനുവദിക്കയോ ചെയ്യുവാൻ പാടുള്ളതല്ലല്ലൊ.

൩. സ്വസിദ്ധാന്തങ്ങൾക്കു വിരുദ്ധങ്ങളായവയെ ഉ
പദേശിക്കുന്ന ഇതര മതങ്ങൾ ദൈവഹിതാനുസരണമുള്ള
വയെന്ന ഭാവത്തിൽ ദൈവസ്ഥാപിതമായ മതത്താൽ അട
രിക്കപ്പെട്ടുകയില്ല. (അക്കം V കാണുക.)

൪. കാലോചിതമായ പരിഷ്കാരത്താൽ ശോഭയറവു
പോകേണ്ട ഒന്നല്ല ദൈവസ്ഥാപിതമായമതം. സ്വത്വം നി
ലയ്ക്കുയാതൊരു ഹാനിയും വരുത്താതെയും, തത്വങ്ങളെ
ഭേദപ്പെടുത്താതെയും എല്ലാ പരിഷ്കാരങ്ങളും സ്വീകരി
ച്ചു് അവയെ സ്വീയമായി പകർത്തുവാനുള്ള ശക്തി ദൈ
വസ്ഥാപിതമതത്തിനുണ്ടായിരിക്കേണ്ടതാണു്. എന്തുകൊ
ണ്ടെന്നാൽ മതത്തിന്റെയും പരിഷ്കാരത്തിന്റെയും
ഹേതുഭൂതൻ ദൈവംതന്നെയാണു്. അവ പരസ്പരം വി
ദ്വേഷമുള്ളവയാകുവാൻ പാടില്ലാത്തതാകുന്നു. കാലോചിത
ങ്ങളായ പരിഷ്കാരങ്ങളിൽ മതിമറന്നു്, അവയിൽ ലയി
ച്ചു്, സ്വസിദ്ധാന്തങ്ങളെ പരിത്യജിക്കയോ ഭേദപ്പെടുത്തുക
യോ ചെയ്യത്തക്ക തത്വസംഹിതയോടുകൂടിയ ഒരുമതം ദൈ
വികമാകുവാൻ പാടില്ലെന്നു് ഇതുയും പ്രസ്താവിച്ചതിൽ നി
ന്നു വിശദമാകുന്നുണ്ടല്ലൊ.

വ്യ. ദൈവമൊരു മതം വെളിപ്പെടുത്തുകയും, മനുഷ്യർ അതു സ്വീകരിക്കണമെന്നു തിരുമനസ്സാകുകയും അതിന്റെ പരിപാലനത്തേയും പ്രചാരത്തേയും ഉദ്ദേശിച്ചു് ഒരധികാരഘടന ഏർപ്പെടുത്തുകയും ചെയ്യുന്ന പക്ഷം ആ അധികാരഘടന, മതതത്ത്വങ്ങളും സംബന്ധമായുള്ള ഔദ്യോഗിക പ്രഖ്യാപനങ്ങളിൽ അബദ്ധത്തിൽ നിപതിക്കാതെസംരക്ഷിക്കപ്പെടേണ്ടതു് അത്യാവശ്യമാണു്. ദൈവം വെളിപ്പെടുത്തിയമതം പ്രസ്തുതാധികാരസ്ഥാനത്തുനിന്നു് എല്ലാവരും സ്വീകരിക്കണമെന്നാണല്ലൊ ദൈവനിശ്ചയം. അധികാരസ്ഥാനം മതസംബന്ധമായ തെറ്റിലുംപ്പെടുകയാണെങ്കിൽ ദൈവസ്ഥാപിതമായ മതത്തെ തദനുഗാമികൾക്കു പ്രദാനം ചെയ്യുവാൻ അതിനു സാദ്ധ്യമാകാതെവരും. എന്നാൽ എല്ലാവരും പ്രസ്തുതാധികാരസ്ഥാനത്തുനിന്നു തന്റെ മതം സ്വീകരിച്ചുകൊള്ളണമെന്നാണു് ദൈവനിശ്ചയം. ഈ സ്ഥിതിക്കു പ്രസ്തുതാധികാരഘടനയെ അബദ്ധത്തിൽനിന്നു ദൈവം സംരക്ഷിക്കുമെന്നു സമ്മതിക്കാതെ തരമില്ല. അതുകയാൽ ഇപ്പോൾ പ്രസ്താവിച്ചവിധമുള്ള അധികാരഘടനയെ ആശ്രയിച്ചു നില്ക്കുന്നഒരുമതം തദധികാരത്തിനു മതസംബന്ധമായ അപ്രമാദിത്വം ആവശ്യപ്പെട്ടുന്നില്ലെങ്കിൽ അതു ദൈവികമല്ലെന്നു നമുക്കു നിഷ്പ്രയാസം അനുമാനിക്കാവുന്നതാണു്.

V

മതത്തിന്റെ ഏകത്വംസംബന്ധമായും സ്വല്പം പ്രതിപാദിക്കേണ്ടതായിട്ടുണ്ടു്. ഏകത്വം സത്യമതത്തിന്റെ ഒരു പ്രധാനലക്ഷണമാണെന്നു താഴെ പറയുന്നവ വിശദമാക്കാതിരിക്കയില്ല.

എല്ലാ മനുഷ്യരേയും ഉദ്ദേശിച്ചു് ദൈവം വെളിപ്പെടുത്തുന്ന മതം ഏകമായിരിക്കണം. ദൈവം സത്യസ്വരൂപനാകയാൽ പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ വെളിപ്പെടുത്തുകയില്ല. എല്ലാമനുഷ്യരും സ്വീകരിക്കേണ്ടതിനായി ദൈവം ഒരു തത്വസംഹിത പ്രദാനം ചെയ്യുന്നതായാൽ അതിൽ ചിലതുകളെ സ്വീകരിക്കാതിരിക്കുവാനുള്ള സ്വാതന്ത്ര്യം ഒക്കും ഉണ്ടാകുവാൻ പാടില്ലല്ലൊ. ഈ കാരണത്താൽ എല്ലാവരേയും ഉദ്ദേശിച്ചു ദൈവം വെളിപ്പെടുത്തുന്ന മതം ഏകമായിരിക്കണമെന്നു സിദ്ധിക്കുന്നു. പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെ ഉപദേശിക്കുന്ന മതങ്ങളെല്ലാം ദൈവത്തിൽനിന്നുള്ളവയാകുവാൻ പാടില്ലെന്നും ഇത്തരുണത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. എല്ലാവർക്കുമായി പരസ്പരവിരുദ്ധങ്ങളായ മതങ്ങളും ഉണ്ടാകാവുന്നതല്ല. അതുകയാൽ എല്ലാവരേയും ഉദ്ദേശിച്ചു് ദൈവം ഒരുമതം വെളിപ്പെടുത്തുന്ന പക്ഷം അതല്ലാതെ വേറെ യാതൊരു മതവും ഭ്രമുഖത്തുണ്ടായിക്കൂടാ. അതിന്റെ തത്വങ്ങൾ ദൈവത്താൽത്തന്നെ വർദ്ധമാനമാക്കപ്പെടുന്നപക്ഷം വർദ്ധമാനമാക്കപ്പെട്ട തത്വസംഹിതയെ സ്വീകരിക്കുവാൻ എല്ലാവരും നിർബന്ധിതരാകുന്നു.

ദൈവപ്രകാശിതമായ മതം ഭ്രമുഖത്തില്ലെന്നു സങ്കല്പിക്കുന്നതായാൽ സ്വാഭാവികമതത്തിനു് എല്ലാവരും വിധേയരാകണമെന്നു സമ്മതിക്കണം. പ്രകൃതിനിയമങ്ങൾക്കനുസരണമായി ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ക്ലൃപ്തപ്പെടുത്തുന്ന ഒന്നാണു സ്വാഭാവികമതം. ഈ ബന്ധം എല്ലായിടത്തും ഒന്നുതന്നെയാകയാൽ സ്വാഭാവികമതം ഏകമാണെന്നു സിദ്ധിക്കുന്നു. എന്നാൽ എല്ലാ മനുഷ്യരേയും ഉദ്ദേശിച്ചു ദൈവം ഒരുമതം വെളിപ്പെടുത്തുന്നപക്ഷം സ്വാഭാവികമതം അതിൽ ലയിക്കയും, അതു് ലോകത്തിലെ ഏ

കസത്യമതമായിപരിണമിക്കയുംചെയ്യുമെന്ന് ഇതേവരെപ്ര സ്താവിച്ചുവ വിശദമാക്കുന്നുണ്ടല്ലൊ. ദൈവപ്രകാശിതമതം സ്വാഭാവികമതത്തെ പൂർത്തിയാക്കിച്ചെയ്യുന്നു എന്നതാണു് ഇതിന്റെ കാരണം. പരസ്പരവിരുദ്ധങ്ങളായ മതങ്ങളും ദൈവത്തിൽനിന്നോ, പ്രകൃതിയിൽനിന്നോ സംജാതങ്ങളാകുവാൻ പാടുള്ളതുമല്ല. സർവ്വമതാനുകൂലവാദം നിരർത്ഥകമാണെന്നല്ലയോ ഇതിൽനിന്നെല്ലാമുള്ള അനുമാനം?

ഭൂമുഖത്തു് ഇപ്പോഴുള്ള മതങ്ങളും അന്യോന്യം യോജിക്കാതെയാണു കാണപ്പെടുന്നതു്. അവതമ്മിലുള്ള വൈപരീത്യം ഏറ്റവും സാരമായ സംഗതികളിലും ആണു്. അതുകയാൽ ഏതെങ്കിലുമൊന്നു ശരിയായിട്ടുള്ളതാണെങ്കിൽ മറവുള്ളവയെല്ലാം അബദ്ധങ്ങളാകണം. അല്ലെങ്കിൽ എല്ലാം അബദ്ധങ്ങളായിരിക്കണം. ഈ സ്ഥിതിക്കു് എല്ലാം നല്ലവയാണെന്നോ, എല്ലാം ദൈവസ്ഥാപിതങ്ങളാണെന്നോ പറയുക അബദ്ധമാണു്.

മുകളിൽ വിവരിച്ച ലക്ഷണങ്ങളെ മുൻനിറുത്തിക്കൊണ്ടു പരിശോധിക്കുന്നതായാൽ ദൈവസ്ഥാപിതമായ മതമുണ്ടെങ്കിൽ അതിനെ കണ്ടെത്തുവാനും, ദൈവസ്ഥാപിതങ്ങളല്ലാത്തവയെ തിരിച്ചറിയുവാനും നമുക്കു സാധിക്കും.

മൂന്നാംഅദ്ധ്യായം.

ക്രിസ്തുമതപരിശോധനയ്ക്കുള്ള പ്രാരംഭം.

ദൈവസ്ഥാപിതമായ മതത്തിനുമാത്രം യോജിച്ച ചില ലക്ഷണങ്ങളെപ്പറ്റിയാണല്ലൊ കഴിഞ്ഞയദ്ധ്യായത്തിൽ പ്രതിപാദിച്ചതു്. അവ വെറും കല്പിതങ്ങളാം മാത്രമാണെന്നു വല്ലവരും വിചാരിച്ചേക്കാം. ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം അവ കല്പിതങ്ങളല്ല, യഥാർത്ഥങ്ങളാം തന്നേയാണു് എന്നതത്രെ ക്രിസ്തുമതാനുയായികളുടെ വാദം. കഴിഞ്ഞയദ്ധ്യായത്തിൽ വിവരിച്ച ലക്ഷണങ്ങളെല്ലാം സ്വമതത്തിനു മാത്രം സ്വന്തമാണെന്നു് അവർ വാദിക്കുന്നു. അക്രൈസ്തവർ സ്വമതത്തോടു് അത്യധികമായ പ്രതിപത്തിയുള്ളവരാണെങ്കിലും കഴിഞ്ഞയദ്ധ്യായത്തിൽ വിവരിച്ച അത്ഭുതകൃത്യലക്ഷണങ്ങളെല്ലാം സ്വമതത്തിനുണ്ടെന്നു് അവരാരും സിദ്ധാന്തിക്കുന്നില്ല. ക്രൈസ്തവരാകട്ടെ ഇപ്രകാരം സിദ്ധാന്തിക്കുകമാത്രമല്ല, പ്രമാണപരമായ യുക്തികളാലും, സംഭവങ്ങളാലും, സാക്ഷ്യങ്ങളാലും, സ്വസിദ്ധാന്തത്തെ തെളിയിക്കുവാൻ ഉദ്യമിക്കുകയും ചെയ്യുന്നു. ഈ ഒരു കാരണത്താൽതന്നെ ക്രിസ്തുമതസാക്ഷ്യങ്ങളും, ഇതരമതസാക്ഷ്യങ്ങളെ അപേക്ഷിച്ചു്, നമ്മുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കേണ്ടവയും നമ്മുടെ കർശനമായ പരിശോധനയ്ക്കു വിഷയമാകേണ്ടവയും ആണു്.

ക്രിസ്തുമതസാക്ഷ്യങ്ങളിൽ ചിലതിനു നിദാനമായി നില്ക്കുന്നതു് "പുതിയനിയമം" എന്നറിയപ്പെട്ടുന്ന ഗ്രന്ഥസഞ്ചയമാണു്. "സുവിശേഷങ്ങളാം" എന്നുപേരുള്ള നാലുപുസ്തകങ്ങളാം പുതിയനിയമഗ്രന്ഥസഞ്ചയത്തിൽപ്പെട്ടവയാകു

ന്നു. ശ്ലീഹന്മാരുടെ നടപടികൾ, പൌലോസു്, യാക്കോബു്, പത്രോസു്, യോഹന്നാൻ, യൂദാ എന്നിവരുടെ ലേഖനങ്ങൾ, യോഹന്നാനുണ്ടായ ദിവ്യദർശനം എന്നിവയാണു് "പുതിയനിയമ"ത്തിലേ മറ്റു പുസ്തകങ്ങൾ. ഈ പുസ്തകങ്ങൾ ദൈവികങ്ങളാണെന്നതു ക്രൈസ്തവരുടെ വിശ്വാസം. എന്നാൽ, ഇവ ദൈവികമാണോ എന്നല്ല നാമിവിടെയാലോചിക്കുന്നതു്. വെറും ചരിത്രരേഖകൾ എന്നനിലയിൽ ഇവ വിശ്വസനീയങ്ങളാണോ എന്നുമാത്രമേ ഇവിടെ പരിശോധിക്കുവാനുദ്ദേശിക്കുന്നുള്ളൂ.

ഏതെങ്കിലുമൊരു ഗ്രന്ഥം പ്രമാണപരമാണെന്നു സ്ഥാപിക്കുവാൻ, അതു് ആരുടെ നാമത്തിൽ അല്ലെങ്കിൽ ഏതുകാലത്തു് എഴുതപ്പെട്ടതായി അറിയപ്പെടുന്നുവോ ആ ആളും തന്നേയാണു് അതിന്റെ രചിതാവു് അല്ലെങ്കിൽ ആ കാലത്തുതന്നെയാണു് അതെഴുതപ്പെട്ടതു് എന്നു് ആദ്യമായിതെളിയിക്കണം. ഇതിനും പുറമേ, ഗ്രന്ഥം സാരമായ വ്യത്യാസംകൂടാതെ നമ്മുടെ കൈവശം വന്നെത്തിയിട്ടുണ്ടെന്നും, അതിൽ പ്രതിപാദിക്കപ്പെട്ടുന്നവ വിശ്വസനീയങ്ങളാണെന്നുംകൂടി സ്ഥാപിക്കേണ്ടതായുണ്ടു്. സുവിശേഷഗ്രന്ഥങ്ങൾ സംബന്ധിച്ചുള്ള ഈദൃശതെളിവുകളേയാണു് ഇവിടെ പരിശോധിക്കുവാനുദ്ദേശിക്കുന്നതു്. പുതിയനിയമത്തിലേ മറ്റു കൃതികൾ സംബന്ധമായി പിന്നീടു പ്രസ്താവിച്ചുകൊള്ളാം. ക്രിസ്തുമതസാക്ഷ്യങ്ങളിൽ ചിലതിനു നിദാനമായി നില്ക്കുന്ന "പുതിയനിയമം" വിശ്വസനീയമാണെന്നു തെളിഞ്ഞാൽ അതിനെ അടിസ്ഥാനപ്പെടുത്തി, പ്രസ്തുതസാക്ഷ്യങ്ങളെ പരിശോധിക്കുവാൻ നിഷ്പ്രയാസം നമുക്കു സാധിക്കുന്നതാണല്ലൊ.

1

മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്ന നാലുപേരുടെ നാമങ്ങളിലാണു സുവിശേഷഗ്രന്ഥങ്ങൾ അറിയപ്പെടുന്നതു്. ക്രിസ്തുമതസ്ഥാപകനായ ഈശോമിശിഹായുടെ സമകാലീനരും, ഈശോമിശിഹായെ വേണ്ടവിധം അറിഞ്ഞിട്ടുള്ളവരും ആയി ഈ നാലുപേരും നമുക്കു പരിചിതരായിത്തീർന്നിരിക്കുന്നു. ഇവരിൽ മത്തായിയും യോഹന്നാനും ഈശോമിശിഹായുടെ ശ്ലീഹന്മാർ എന്നറിയപ്പെടുന്ന പന്ത്രണ്ടു വാത്സല്യശിഷ്യന്മാരിൽപ്പെട്ടവരായിട്ടത്രെ പ്രത്യക്ഷപ്പെടുന്നതു്.

സുവിശേഷഗ്രന്ഥങ്ങൾ നാലും അവ ആരുടെ കൃതികളായി അറിയപ്പെടുന്നുവോ, ആ മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നവരാൽത്തന്നെ വിരചിതങ്ങളാണെന്നു തെളിയിക്കുന്നതിനുപകരം, ക്രിസ്തുമതാരംഭത്തിൽത്തന്നെ അവ എല്ലായിടത്തും പരക്കെ അറിയപ്പെട്ടിരുന്നു എന്നുമാത്രംതെളിച്ചാലും, നമ്മുടെ ഉദ്ദേശ്യസാദ്ധ്യത്തിനു് ധാരാളം മതിയാകുന്നതാണു്.

ക്രിസ്താബ്ദം ൧൦൦-ാമാണ്ടിൽ അക്രൈസ്തവനായി ജനിക്കയും ൧൩൦-ൽ ക്രൈസ്തവനാകയുംചെയ്ത ജസ്റ്റിൻ (Justin) ൧൪൦-ൽ, അന്നു ക്രിസ്തുമതപീഡനം നടത്തിയിരുന്ന റോമാചക്രവർത്തിയ്ക്കയച്ച എഴുത്തിൽ "സുവിശേഷങ്ങൾ എന്നു വിളിക്കപ്പെടുന്ന അവരുടെ ജീവചരിത്രങ്ങളിൽ (Memoirs) ശ്ലീഹന്മാർ...." എന്നിങ്ങനെ പറഞ്ഞിരിക്കുന്നു. (1. Apology 65–3) പ്രവാചകന്മാരുടെ കൃതികൾപോലെ അത്രപൂജ്യമായി, സുവിശേഷങ്ങൾ ദേവാലയശുശ്രൂഷകളിൽ വായിക്കപ്പെട്ടിരുന്നു എന്നാണു് അദ്ദേഹം തുടർന്നുപറയുന്നതു്. (1. Apology 67–3) "വിശുദ്ധ ഗ്രന്ഥങ്ങൾ" എന്ന നില

യിൽ "സുവിശേഷങ്ങൾ" പരിഗണിക്കപ്പെട്ടിരുന്നെന്നും അവയുടെ രചിതാക്കൾ ശ്ലീഹന്മാരും ശ്ലീഹന്മാരുടെസഹചരന്മാരും ആയിരുന്നെന്നും അദ്ദേഹം വേറൊരു കൃതിയിൽ പ്രസ്താവിക്കുന്നു. (Dialogues 49. Circ. Matt. 17. 103)

ക്രീസ്തുമതത്തെ ആദരിക്കുവാൻ, അതിന്റെ പരമശ്രുവിന്റെ ശ്രദ്ധയെപ്രമാണികങ്ങളായി അന്നു പരിഗണിക്കപ്പെട്ടിരുന്ന ഗ്രന്ഥങ്ങളിലേക്കല്ലാതെ, ആരുംതന്നെ ക്ഷണിക്കയില്ലെന്നുള്ളതു നിസ്തർക്കമാണു്. ജസ്റ്റിനാകട്ടെ, ഒരു അക്രൈസ്തവനായി ജനിച്ചു്, ഒരു തത്വജ്ഞൻ എന്ന നിലയിൽ പ്രശസ്തി നേടിയശേഷം, ശാസ്ത്രീയപരിശോധനയുടെ ഫലമായി തന്റെ നടുവമത്തെ വയസ്സിൽ ക്രിസ്തുമതാവലംബിയായ ഒരു മഹാപുരുഷനാണെന്നു ചരിത്രം ശ്ലോഷിക്കുന്നു. സുവിശേഷ കർത്താക്കളിൽ ഒരാളായ യോഹന്നാൻ ജസ്റ്റിന്റെ ജനനശേഷമാണു മരണം പ്രാപിക്കയുണ്ടായതു്. ക്രിസ്തുമതാരംഭദശയിൽതന്നെ പ്രചുരപ്രചാരംസിദ്ധിച്ചിരുന്ന ഗ്രന്ഥങ്ങളെപ്പറ്റിയല്ലാതെ മഹാനായ ജസ്റ്റിൻ ഇപ്രകാരം പ്രസ്താവിക്കയില്ലെന്നു സ്പഷ്ടമല്ലയോ?

അലക്സാന്ത്രിയായിലെ ക്ലൈമീസു് (Clement of Alexandria), ക്രീസ്തുമതത്തിൽ നിന്നു വ്യതിചലിച്ച ഒരാൾ സുവിശേഷോദ്ധരണിയിൽ തെറ്റു വരുത്തിയതു സംബന്ധിച്ചു് "ഞങ്ങൾക്കു കിട്ടിയിരിക്കുന്ന നാലു സുവിശേഷങ്ങളിൽ ഈ ഭാഗം കാണപ്പെട്ടുന്നില്ല" എന്നു് എഴുതിയിരിക്കുന്നു. (Migne p. G. 8-1193) ഒന്നാംശതാബ്ദാവസാനത്തിൽ ജനിച്ച ഒരാളായിരുന്നു ക്ലൈമീസു്.

ഏകദേശം മദ്ധ്യകാലത്തോടുകൂടി ജനിച്ച വി. ഇരനേയൂസു് നാലുസുവിശേഷങ്ങളേപ്പറ്റിയും തന്റെ കൃതികളിൽ പ്രസ്താവിച്ചിട്ടുണ്ടു്. (Ibid 7-884). രണ്ടാംശതാബ്ദത്തിന്റെ അ

വസാനഘട്ടത്തിൽ ജനിച്ച മഹാശാസ്ത്രജ്ഞനായ റെർട്ടു ല്ലിയൻ (Tertullian) പലതും പലതവണയായി ഈ നാലു ഗ്രന്ഥങ്ങളേപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. (Migne P.L-2-363.) ൧൭൦-ൽ ജനിച്ച പൌരസ്ത്യസുറിയാനിക്കാരനായ താസ്യൻ (Tassian) ഈ നാലു ഗ്രന്ഥങ്ങളും കൂട്ടിച്ചേർത്ത് "ദിയത്തേസറോൻ" (Diatessaron—യോജിപ്പ്) എന്നൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ൧൭൦-ൽ എഴുതപ്പെട്ടതും "ഫ്റാഗ്മെന്തും മുറത്തോറിയാനും" (Fragment of Muratori മുറത്തോറി കണ്ടെടുത്ത അവശേഷം) എന്നറിയപ്പെടുന്നതുമായ ഒരു രേഖയിൽ സുവിശേഷങ്ങളേയും അവയുടെ രചിതാക്കളേയുംപറ്റി തെളിവുള്ളസൂചന കാണുന്നുണ്ട്.

ക്ലേമീസ് എജിപ്തിലും, റെർട്ടല്ലിയൻ ആഫ്റിക്കായിലേ കാത്തേജിലും, ഇരനേയൂസ് ഫ്റാൻസിലെ ലയൻസിലും, താസ്യൻ പേർഷ്യാ, മെസൊപ്പൊത്താമ്യാ ഭാഗങ്ങളിലും ആണ് ജീവിച്ചിരുന്നത്. "ഫ്റാഗ്മെന്തും മുറത്തോറിയാനും" റോമ്മായിൽ എഴുതപ്പെട്ടതും ആയിരുന്നു. ആകയാൽ പ്രസ്തുത സാക്ഷ്യങ്ങൾ ഒരു സ്ഥലത്തുനിന്നല്ല, വളരെയകലെ സ്ഥിതിചെയ്യുന്ന പല സ്ഥലങ്ങളിൽ നിന്നാണ് പ്രത്യക്ഷപ്പെട്ടുന്നത്. അതിപുരാതനങ്ങളും പ്രാമാണ്യമേറിയവയുമായിട്ടാണ് അന്ന്—രണ്ടാംശതാബ്ദത്തിലും അതിനടുത്തുള്ള കാലത്തും—പ്രസ്തുത ഗ്രന്ഥങ്ങൾ അറിയപ്പെട്ടിരുന്നതെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നുണ്ടല്ലൊ.

അലക്സാന്ത്രിയായിലെ ക്ലേമീസ് മക്കോസിനേറയും, യോഹന്നാനേറയും നാമങ്ങൾ എടുത്തു പ്രസ്താവിക്കുകയും മത്തായിയേയും ലൂക്കായേയും പറ്റി സംശയരഹിതമായ സൂചന നൽകുകയും ചെയ്യുന്നു. റെർട്ടല്ലിയനും ഇരനേയൂസും

നാലു സുവിശേഷകന്മാരുടേയും പേരുകൾ തിരിച്ചുപറയുന്നുണ്ട്. "ഫ്റാഗ്മേന്തും മുറത്തോറിയാനും" നാലുപേരുകളും പറയുന്നുണ്ടെങ്കിലും മത്തായിയുടേയും മർക്കോസിന്റേയും അതിൽ നിന്ന് ഇപ്പോൾ മാഞ്ഞുപോയിരിക്കയാണ്. ജസ്റ്റിൻ ഈ നാലുപേരേയും തന്നേയാണുദ്ദേശിക്കുന്നതെന്ന് അദ്ദേഹത്തിന്റെ വാക്യങ്ങളിൽ നിന്നു തെളിവാകുന്നു. സുവിശേഷകന്മാർ ശ്ലീഹന്മാരും അവരുടെ സഹചാരന്മാരും ആണെന്നതത്രെ അദ്ദേഹത്തിന്റെ പ്രസ്താവന. മത്തായിയും യോഹന്നാനും ശ്ലീഹന്മാരും, മർക്കോസും, ലൂക്കായും ശ്ലീഹന്മാരുടെ സഹചാരന്മാരും ആയിരുന്നല്ലൊ. മിശിഹായുടെ ശ്ലീഹന്മാരുടെ കാലംമുതൽ തന്നേ സുവിശേഷങ്ങൾ നടപ്പിലിരുന്നിരുന്നു എന്നാണ് റൈർട്ടുല്ല്യന്റെ സാക്ഷ്യം. ഇരനേയൂസു സുവിശേഷകനായ യോഹന്നാന്റെ ശിഷ്യനായ പൊലിക്കാർപ്പിന്റെ ശിഷ്യനുമായിരുന്നു.

സുവിശേഷകന്മാരും അവരുടെ കൃതികളും രണ്ടാം ശതാബ്ദത്തിൽ പരക്കെയറിയപ്പെട്ടിരുന്നെന്നും അവ സംബന്ധമായി യാതൊരു തർക്കവുമില്ലായിരുന്നെന്നുമാണല്ലൊ മേലുദ്ധരിച്ച രേഖകളിൽ നിന്നു വിശദമാകുന്നതു്.

ഒന്നാംശതാബ്ദത്തിലേ എഴുത്തുകാർ പൊതുവേ സുവിശേഷകന്മാരുടെപേരുകൾ തിരിച്ചുപറയുന്നില്ലെങ്കിലും അവരുടെ കൃതികളിൽ അനേകംസുവിശേഷ വാക്യങ്ങൾ പദാനുപദമുദ്ധരിക്കപ്പെട്ടിട്ടുണ്ട്. റോമായിലേ ക്ലേമീസ്, അന്ത്യോക്കിയായിലേ ഇഗ്നാത്തിയൂസ്, ഹേർമാസ്, ബർണബാ മുതലായവർ സുവിശേഷങ്ങളെ ഈ വിധത്തിൽ ഉദ്ധരിക്കുന്നവരും ഒന്നാംശതാബ്ദത്തിൽ ജീവിച്ചിരുന്നവരും ആകുന്നു. ഒന്നാംശതാബ്ദത്തിൽപ്പെട്ട എഴുത്തുകാരുടെ കൂട്ടത്തിൽ സാധാരണമായി ഗണിക്കപ്പെടുന്ന ഏഴ്യാഞ്ചെനർകാരനാ

യപ്പിയാസു് (Papias) മക്കോസിന്റെ സുവിശേഷം എഴുതപ്പെട്ട സാഹചര്യങ്ങളെ വിവരിച്ചു പറയുന്നു. കൂടാതെ, മത്തായിയുടെ ഒരു കൃതിയേയും അദ്ദേഹം സൂചിപ്പിക്കുന്നുണ്ടു്. ഈ കൃതി മത്തായി എഴുതിയ സുവിശേഷം തന്നേയാകുവാനോ വഴികാണുന്നുള്ളു.

ഒന്നും രണ്ടും ശതാബ്ദങ്ങളിൽ ക്രൈസ്തവമതോപദേശങ്ങളിൽ വ്യത്യാസം വരുത്തുവാൻ ശ്രമിച്ചിരുന്ന കെറുറീന്ത്യർ (Cerinthians) എബിയനീത്തർ (Ebionites) എന്നിങ്ങനെ അനേകം പാഷണ്ഡോപദേശകൂട്ടുകാരുണ്ടായിരുന്നു. അവർക്കു വിരോധമായി സത്യക്രിസ്ത്യാനികൾ സുവിശേഷവാക്യങ്ങളെ ധാരാളമായി ഉപയോഗപ്പെടുത്തിയുമിരുന്നു. എന്നാൽ ആ പാഷണ്ഡർപോലും സുവിശേഷങ്ങൾ പുരാതനങ്ങളല്ലെന്നോ പ്രാമാണ്യമറ്റവയാണെന്നോ വാദിച്ചിരുന്നില്ല. ക്രൈസ്തവമതത്തിന്റെ പരമശത്രുക്കളായ യഹൂദന്മാർപോലും സുവിശേഷഗ്രന്ഥങ്ങളേ അവിശ്വസിച്ചിരുന്നില്ല. ഈ ഗ്രന്ഥങ്ങൾപോലെ യഹൂദന്മാരെ അത്രയധികം വേദനപ്പെടുത്തുന്ന മറ്റു രേഖകൾ ക്രൈസ്തവർക്കുണ്ടായിരുന്നില്ലെന്നു് ഇവ ഒരാവർത്തി വായിച്ചാൽ മനസ്സിലാക്കാവുന്നതാണു്. സേൽസ്യസി (Celsus) നേപ്പോലെയുള്ള അക്രൈസ്തവഗ്രന്ഥകാരന്മാരും, ക്രൈസ്തവമതത്യാഗിയായ ജൂലിയ (Julian)നേപ്പോലെയുള്ള പ്രബലന്മാരായ ചക്രവർത്തികളും സുവിശേഷഗ്രന്ഥങ്ങളുടെ പുരാതനത്വത്തേയും പ്രാമാണ്യത്തേയും കൈക്കൊള്ളുന്നു സമ്മതിക്കുന്നു. ഇതുസംബന്ധമായി, രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. ഇരനേയൂസ് പ്രസ്താവിക്കുന്നവ ശ്രദ്ധേയങ്ങളാണു്. "പാഷണ്ഡർക്കുടിയും അവയുടെ സാക്ഷ്യം നൽകുന്നതുകൊണ്ടും സുവിശേഷഗ്രന്ഥങ്ങളുടെ ഉറപ്പു് അത്ര വലുതാണു്! അവരോരോരുത്തനും

സ്വസിദ്ധാന്തം അവയാൽ സ്ഥിരീകരിക്കുവാൻ പരിശ്രമിക്കുന്നു" (Contra Haeres. iii C. H. N 7.) അതേ, ശെമഓൻ മാഗ്രസും ശിഷ്യനായ മെനാൻഡരും, സത്തുർണീനുസും മറ്റു പലരും തങ്ങളുടെ അബദ്ധോപദേശങ്ങളെ പരത്തുവാൻ സുവിശേഷഗ്രന്ഥങ്ങളെ ആശ്രയിക്കയത്രെ ചെയ്തതു്. മെനാൻഡർ ക്രിസ്ത്വബ്ദം ൭൰ നോടടുത്തു ജീവിച്ചിരുന്നു. (Cf. Ireneus Ibid)-എബിയൊനീത്തർ മത്തായിയുടെ സുവിശേഷംമാത്രമേ സ്വീകരിച്ചിരുന്നുള്ളു. മാർഷ്യനാകട്ടെ ലൂക്കായുടേതുമാത്രം ഉപയോഗപ്പെടുത്തിയിരുന്നു. (Idem Ibid) എന്നാൽ ഗ്നോസ്റ്റിക്കുകാർ സുവിശേഷഗ്രന്ഥങ്ങളും നാലും സ്വീകരിക്കുകയും, അവരിൽ വിശ്രുതനായിരുന്ന ബസീലിദെസ് (Basilides) അവയെപ്പറ്റി ഇരുപതു പുസ്തകങ്ങളെഴുതുകയുംചെയ്തിട്ടുണ്ടു്. (Euseb. H. E. IV. c-7) അവരിൽ ഒരാളായിരുന്ന വലന്തീനുസ് നാലാമത്തെ സുവിശേഷത്തിൽ ആശ്രയിച്ചിരുന്നു. ഫൊറാക്കിയനാകട്ടെ ഈ സുവിശേഷത്തിന്റെ വ്യാഖ്യാനംകൂടി എഴുതീട്ടുണ്ടു്. (Idem. Ibid)

എന്നാൽ അക്കൈസ്വരാകട്ടെ സുവിശേഷഗ്രന്ഥങ്ങളും സാഹിത്യരസമുള്ളവയല്ല എന്ന ന്യായത്താൽ അവയെ അശ്രദ്ധങ്ങളായിക്കരുതിയിരുന്നു. (Lactantius. Inst. lib. 6. c. 21) അവരിൽ ഒരാളായ ചേൽസുസ് (മുകളിൽ നോക്കുക) ക്രിസ്തവ-ൽ സുവിശേഷഗ്രന്ഥങ്ങളെ ഖണ്ഡിക്കുവാൻ ഗ്രന്ഥദ്വാരാ പരിശ്രമം നടത്തുകയുണ്ടായി. "മിശിഹായിക്കു വിരോധമായി നിന്നിരുന്നവയെ ഇല്ലാതാക്കുവാൻ ശിഷ്യന്മാർ ഈ ഗ്രന്ഥങ്ങളും രചിച്ചു" എന്നത്രെ അദ്ദേഹം പ്രസ്താവിക്കുന്നതു്. (Origen contra Celsum MG. 11. 642. Sqq.)-ഇതിൽനിന്നു ക്രിസ്തവ-ൽ സുവിശേഷഗ്രന്ഥ

ങ്ങളും ക്രിസ്തീയന്മാരുടെ സ്വന്തമായി അറിയപ്പെട്ടിരുന്നു എന്നു വ്യക്തമാണല്ലൊ-

സുവിശേഷഗ്രന്ഥങ്ങളും ക്രൈസ്തവമതാരംഭംമുതൽ പ്രചാരത്തിലിരുന്നിരുന്നെന്നും അവയുടെ രചിതാക്കളും മത്തായി, മർക്കോസ്, ലൂക്കൊ, യോഹന്നാൻ എന്നവർതന്നെയാണെന്നും ഉള്ളതിനു കൂടുതൽ തെളിവുകളും ഇനിയാവശ്യമുണ്ടെന്നു് ആരുംതന്നെ വാദിക്കുമെന്നു തോന്നുന്നില്ല-ഈ ഗ്രന്ഥങ്ങൾസംബന്ധിച്ചു് എന്തെങ്കിലും ദുർബലത കണ്ടുപിടിക്കണമെന്ന ഏകോദ്ദേശ്യത്തോടേ സകലവിധ ശാസ്ത്രീയപരിശോധനകളും നടത്തിയ ക്രൈസ്തവമതവിരോധിയായ ഹാർണാക്ക് (Harnack) ഒടുവിൽ സമ്മതിച്ചതു് സുവിശേഷങ്ങൾപോലെ അത്ര വിശ്വാസയോഗ്യമായ വേറേ ചരിത്രരേഖകളൊന്നുമില്ലെന്നത്രെ (Nature of Christianity P. II·) ആകയാൽ ക്രൈസ്തവമതാരംഭദശയോടു സമകാലീനങ്ങളാണു സുവിശേഷഗ്രന്ഥങ്ങളെന്നു സമ്മതിക്കതന്നെ വേണം-അവയുടെ രചിതാക്കളേപ്പറ്റിയും യാതൊരു സംശയത്തിനും വഴിയില്ല.

സുവിശേഷഗ്രന്ഥങ്ങളിലെ ഭാഷാരീതി, അവയിൽ വിവരിക്കപ്പെട്ടിരിക്കുന്ന രാഷ്ട്രീയവും, സാമുദായികവും, മതപരവും ആയ സംഭവങ്ങൾ, പലസ്തീനാദേശത്തിന്റെ ആദിമശതാബ്ദത്തിലേ ഭൂവിവരണം മുതലായവ ക്രൂലങ്കഷമായി പരിശോധിക്കുന്നപക്ഷം, ഒന്നാം ശതാബ്ദത്തിലോ അതോടേറെമടുത്തകാലത്തോ ജീവിച്ചിരുന്നവരും യഹൂദമതാചാരങ്ങൾ നല്ലവണ്ണം ഗ്രഹിച്ചിരുന്നവരും മാത്രമേ ഈ ഗ്രന്ഥങ്ങളുടെ രചിതാക്കളാകുവാൻ പാടുള്ളൂ എന്നു വിശദമാകുന്നതാണു്.

II

ഇപ്പോൾ നമ്മുടെ കൈവശമുള്ള സുവിശേഷഗ്രന്ഥങ്ങൾ അവയുടെ മൂലങ്ങളോട് യോജിക്കുന്നവയാണെന്നും സാരമായ യാതൊരു മാറ്റത്തിനും അവ അധീനപ്പെട്ടിട്ടില്ലെന്നുമാണ് ഇനി തെളിയിക്കുവാനുദ്ദേശിക്കുന്നത്.

പലസ്ഥലങ്ങളിൽ വ്യാപിച്ചുകിടന്നിരുന്ന ക്രിസ്ത്യാനികളുടെയിടയിൽ ആരംഭകാലത്തുതന്നെ സുവിശേഷഗ്രന്ഥങ്ങൾ നല്ലവണ്ണം അറിയപ്പെട്ടിരുന്നു. അവർ അവ ദൈവവാക്യങ്ങളായി സ്വീകരിക്കയും പള്ളികളിൽ പതിവായി വായിക്കയും ചെയ്തിരുന്നു. ആരംഭകാലത്തുതന്നെ വിവിധജാതിക്കാരുടെ ഉപയോഗത്തിനായി അവ പല ഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. അറബി, സുറിയാനി, ഇത്യോപ്യായ, അർമ്മേനിയൻ, എത്തിയോപ്യൻ, ലത്തീൻ, ഈജിപ്ഷ്യനായ അതിപുരാതനപരിഭാഷകൾ ഇന്നും നമ്മുടെ കൈവശമുണ്ട്. ക്രിസ്താബ്ദം രണ്ടാം ശതാബ്ദത്തിൽ സുറിയാനി വിവർത്തനം പരക്കെ അറിയപ്പെട്ടിരുന്നു. ഇപ്പോൾ പ്രമാണപരങ്ങളായി എല്ലാവരും കരുതിപ്പോരുന്ന ഹോറേസ് (Horace), സിസെറോ (Cicero), സീസർ (Caesar) പ്ലേറ്റോ (Plato) തുടങ്ങിയവരുടെ കൃതികൾ, ഏഴാം ശതാബ്ദത്തിനിപ്പുറമുള്ള കയ്യെഴുത്തുപ്രതികളിൽ മാത്രമേ സൂക്ഷിക്കപ്പെട്ടിട്ടുള്ളൂ. എങ്കിലും അവയുടെ വിശ്വസനീയതയേപ്പറ്റി അധികം സംശയിക്കുന്നില്ല. സുവിശേഷഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഇതിലെത്രയോ മടങ്ങധികമാണെന്ന് ക്രൈസ്തവമതത്തിന്റെ പുരാതനചരിത്രത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്. സുവിശേഷഗ്രന്ഥങ്ങളുടെ പരിഭാഷകൾ പലസ്ഥലങ്ങളിൽ, പലകാലങ്ങളിൽ, പലയാളുകളാൽ ചെയ്യപ്പെട്ടവയാകുന്നു. എന്നാൽ ഈ പ്രതിക

ളെല്ലാം ഏറാം നിസ്സാരങ്ങളായ അക്ഷരവീഴ്ച, വള്ളിപുള്ളി കളിലുള്ള വത്യാസം ആദിയായവ ഒഴിച്ചു മറെറല്ലാകാര്യ ങ്ങളിലും തമ്മിൽ പൂർണ്ണമായി യോജിച്ചാണു കാണപ്പെട്ട തു്. എതു പുരാതനമായ പ്രതിയെടുത്താലും പരിപൂർണ്ണമാ യ ഈ യോജിപ്പാണു് എല്ലാവരുടേയും വിസ്മയത്തിനു വി ഷയീഭവിക്കുന്നതു്-സുവിശേഷഗ്രന്ഥങ്ങളിൽ എവിടെയെ ങ്കിലും ഏതെങ്കിലുമൊരുവ്യത്യാസം ആരെങ്കിലും വരുത്തിയി രുന്നെങ്കിൽ ഇപ്പകാരമുള്ള വിസ്മയകരമായ യോജിപ്പു് ഇ പ്പോഴുള്ള പ്രതികളിൽ ഒരിക്കലും കാണപ്പെടുകയില്ലായിരു ന്നു എന്നു നിശ്ചയമത്രെ. എജിപ്തു്, സുറിയാ മുതലായ മര ഭൂമികളിൽ അറിയപ്പെടാതെ കിടന്ന ഗ്രന്ഥശാലകളും ശാസ്ത്രജ്ഞന്മാർ പരിശോധിക്കയുണ്ടായി. ആ സ്ഥലങ്ങളിൽ നിന്നുകണ്ടെടുത്ത സുവിശേഷപ്രതികളും മറെറ പ്രതിക്കളോടു പൂർണ്ണയോജ്യതയുള്ളവയാണെന്നു ശത്രുപക്ഷക്കാരായ ഈ ദൃശശാസ്ത്രജ്ഞന്മാർ ക്രടി കൈക്കൂപ്പി സമ്മതിക്കുന്നു.

(Cf-Wiseman "Science and Revelation" 1-10.)

ഒന്നാം രണ്ടാം മൂന്നാം ശതാബ്ദങ്ങളിൽ ജീവിച്ചിരുന്ന ക്രൈസ്തവഗ്രന്ഥകാരന്മാർ സുവിശേഷഗ്രന്ഥങ്ങളിൽനിന്നു് അനവധി ഉദ്ധരണികളും അവരുടെ കൃതികളിൽ ചേർത്തിട്ടുണ്ടു്-സുവിശേഷഗ്രന്ഥങ്ങളിലുള്ള എല്ലാസംഗതിക ളും തന്നേ ഇവരുടെ കൃതികളിൽ കണ്ടെത്തുവാൻ കഴിയും. സുവിശേഷഗ്രന്ഥങ്ങളും നഷ്ടപ്പെട്ടാൽ പ്രസ്തുതകൃതികളുടെ സഹായത്തോടേ ആ നഷ്ടത്തെ നമുക്കു ഏറക്കുറെപരിഹരി ക്കാവുന്നതുമാണു്. പ്രസ്തുതകൃതികളും അദ്യേയങ്ങളായി ഇന്നും വച്ചുസൂക്ഷിക്കപ്പെട്ടിരിക്കുന്നുഎന്നു് എല്ലാവരും സമ്മതിക്കു ന്നു. അവയിൽ കാണപ്പെടുന്ന സുവിശേഷഭാഗങ്ങളും ഇപ്പോ ളുനമ്മുടെകൈവശമുള്ള സുവിശേഷഗ്രന്ഥങ്ങളോടു പദാനു

പദം യോജിക്കുന്നു എന്നുള്ളതും ഒരു വിശേഷംതന്നേ. അതുകയാൽ, അതുരെങ്കിലും സുവിശേഷഗ്രന്ഥങ്ങളിൽ ഏതെങ്കിലും മാറ്റിയിട്ടുണ്ടെന്നു വാദിക്കുന്നവർ, ആ മാറ്റം ലോകത്തിന്റെ നാനാഭാഗത്തും വ്യാപിച്ചുകിടന്ന ക്രൈസ്തവസമൂഹങ്ങളെല്ലാം സ്വീകരിച്ചു് അവരുടെ കൈവശമുണ്ടായിരുന്ന സുവിശേഷഗ്രന്ഥങ്ങളിൽ അതു ചേർത്തെന്നും, ആ ദിമക്രൈസ്തവഗ്രന്ഥകാരന്മാരുടെ കൃതികളിലെല്ലാം ആ മാറ്റം വരുത്തി എന്നും സമ്മതിക്കേണ്ടിവരും. ഇതെത്ര അബദ്ധം! ക്രിസ്ത്യാനികൾ എല്ലാക്കാലത്തും സുവിശേഷവാക്യങ്ങളെ ദൈവവാക്യങ്ങളായിക്കരുതിയിരുന്നതിനാൽ അതും ഇങ്ങനെയുള്ള മാറ്റത്തെപ്പറ്റി പ്രതിഷേധം പുറപ്പെട്ടുവിച്ചില്ലെന്നു വിചാരിക്കുകതന്നേ അസാദ്ധ്യം.

ക്രിസ്തുമതവൈരികളായിരുന്ന യഹൂദന്മാരും മറ്റു ക്രൈസ്തവരും പാഷണ്ഡക്രിസ്ത്യാനികളും ആരംഭംമുതൽതന്നേ ക്രിസ്തുമതതത്വങ്ങളെ നിഷേധിക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. അവരോടുള്ള പോരാട്ടത്തിൽ ക്രിസ്ത്യാനികളുടെ പ്രധാനമായ ആയുധം സുവിശേഷഗ്രന്ഥങ്ങളായിരുന്നെന്നു പ്രത്യേകം പറയേണ്ടതായുണ്ടു്- (മുകളിൽ നോക്കുക) ഈ സ്ഥിതിക്കു സുവിശേഷഗ്രന്ഥങ്ങളിൽ ഏതെങ്കിലുമൊരു വ്യത്യാസം ആരെങ്കിലും വരുത്തിയിരുന്നെങ്കിൽ അതു് നിഷ്പ്രയാസം വെളിക്കായി പോകുമായിരുന്നു. മാറ്റം വരുത്തിയതു സത്യക്രിസ്ത്യാനികളായിരുന്നെങ്കിൽ യഹൂദരാദിയായ അവരുടെ വിരോധികളും, യഹൂദരാദിയായവർ മാറ്റം വരുത്തിയിരുന്നെങ്കിൽ സത്യക്രിസ്ത്യാനികളും മാറ്റം സംബന്ധിച്ചു് ആക്ഷേപങ്ങളും പ്രതിഷേധങ്ങളും പുറപ്പെടുവിക്കുമായിരുന്നു എന്നുള്ളതിൽ എന്താണു സംശയം? മാർഷ്യനീത്തർ (Marcionites) എന്ന പാഷണ്ഡർ വരുത്തി

യ ചില വ്യത്യാസങ്ങൾ സംബന്ധിച്ച് സുവിശേഷകന്മാരുടെയിടയിലുണ്ടായ ക്ഷോഭങ്ങളിൽനിന്നു് ഇതു കൂടുതൽ വിശദമാകുന്നുമുണ്ട്-ഈ അവസാനകാലത്തു സ്വാതന്ത്ര്യപ്രിയരായി കാലംകഴിക്കുന്ന ചിലർ മാത്രമേ സുവിശേഷഗ്രന്ഥങ്ങളുടെ ചരിത്രപരമായ പ്രാമാണ്യത്തെ ദുർബലമാക്കുവാൻ പരിശ്രമിച്ചിട്ടുള്ളു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. അവരുടെ ശ്രമം പരാജയത്തിലവസാനിക്കയും സുവിശേഷഗ്രന്ഥങ്ങൾ പൂർവ്വാധികം ശോഭയോടേ പരിലസിക്കയുമാണു് ഉണ്ടായിട്ടുള്ളതെന്നും ഈ തല്ലുണ്ണത്തിൽ സ്മർത്തവ്യമത്രെ-

(cf. T. J.Lamy-Introductio in Scripturam Sacram. pars II. C III.)

III

സുവിശേഷകന്മാർ വിശ്വാസയോഗ്യന്മാരാണെന്നും സുവിശേഷഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നവ യഥാർത്ഥങ്ങളും വിശ്വസനീയങ്ങളുമാണെന്നുള്ളതാണു് ഇനി നമുക്കു തെളിയിക്കുവാനുള്ളതു്.

സുവിശേഷഗ്രന്ഥങ്ങളിലെ പ്രതിപാദ്യവിഷയങ്ങൾ സംബന്ധിച്ചു് നല്ലയറിവുള്ളവരായിരുന്ന സുവിശേഷകന്മാരെന്നു് മുകളിൽപ്രസ്താവിച്ചുവല്ലൊ. ഈ വിശദമാക്കുന്നുണ്ടു്. അവരിൽ രണ്ടുപേർ സുവിശേഷഗ്രന്ഥവിവരണങ്ങളിൽ നടുനായകത്വംവഹിക്കുന്ന ഈശോമിശിഹായുടെ അടുത്ത ശിഷ്യന്മാരും മറ്റുരണ്ടുപേർ ശ്ലീഹന്മാരുടെ സഹചന്മാരുമായിരുന്നു. എല്ലാ മനുഷ്യരും അറിഞ്ഞിരുന്ന പരസ്യസംഗതികളെപ്പറ്റിയാണു് അവർ പ്രതിപാദിച്ചിരിക്കുന്നതു്. ആ സംഗതികളുടെ യാഥാർത്ഥ്യം എല്ലാവർക്കും ബോദ്ധ്യപ്പെട്ടിരുന്നതിനാൽ, സുവിശേഷകന്മാർ വഞ്ചിക്കപ്പെട്ടു എന്നു വിചാരിപ്പാൻകൂടാ. ഒന്നോരണ്ടോ ആളുകൾ ഏതെങ്കിലുമൊരു

കായ്യം സംബന്ധിച്ചു വഞ്ചിക്കപ്പെട്ടുക സംഭാവ്യമാണ്. എ ന്നാൽ പരസ്യമായി, എല്ലാവരുടേയും മുമ്പിൽ, ദോഷൈക ദൃക്കുകളുടെയും പരിശോധനാമദ്ധ്യേ നടന്നസംഭവങ്ങളെ നടന്നതുപോലെ എഴുതിയിട്ടതിൽ സുവിശേഷകന്മാർ വ ഞ്ചിക്കപ്പെട്ടുപോയെന്ന് എങ്ങനെ സമർത്ഥിക്കും? പ്രസ്തു ത സംഭവങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിച്ചതിലും അവർ വ ഞ്ചിക്കപ്പെട്ടില്ലെന്ന് താഴെ പ്രസ്താവിക്കാനിരിക്കുന്നവ കൂട്ട ത്തലായി വിശദമാക്കുന്നതാണ്.

സുവിശേഷകന്മാർ സ്വകൃതികളിൽ വഞ്ചന പ്രയോ ഗിക്കണമെന്നുദ്ദേശ്യമുള്ളവരല്ലായിരുന്നെന്നു അവരുടെപ്രതി പാദ്യവിഷയങ്ങളും പ്രതിപാദനരീതിയും സാക്ഷ്യം വഹി ക്കുന്നുണ്ട്. ലോകം മുഴുവനും എല്ലാക്കാലത്തും അത്യധികമാ യവിസ്മയത്തോടെ വീക്ഷിച്ചിട്ടുള്ള അമാനുഷികങ്ങളായ അ ദർശങ്ങളും ആശയങ്ങളുമാണു സുവിശേഷഗ്രന്ഥങ്ങളിലെ പ്രതിപാദ്യവിഷയങ്ങൾ. "വിദ്യാവിഹീനന്മാരും" സാധാ രണന്മാരുമായിരുന്ന സുവിശേഷകന്മാർ ഇപ്രകാരമുള്ള മഹ ത്തായ ആദർശങ്ങളും ആശയങ്ങളും അവരുടെ മനോധർ മ്മഫലമായി നിർമ്മിച്ചെന്നു ചിന്തിക്കുക മഹാമൗഢ്യതന്നേ യായിരിക്കും. അവരുടെ പ്രതിപാദനരീതി നിഷ്കപട പരമാണ്. അവരുടെ ഗുരുവും സുവിശേഷസംഭവങ്ങളുടെ നായകനുമായ ഈശോമിശിഹായുടെ നേരിട്ട അപമാനങ്ങ ളേയും കഷ്ടതകളേയുംകൂടി അവർ പരമാർത്ഥതയോടെ വിവരിച്ചു പറയുന്നു. ഇങ്ങനെയെല്ലാമായിട്ടും സുവി ശേഷഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന ഈശോമി ശിഹാ എല്ലാക്കാലത്തും എല്ലാവരുടെയും ആശ്ചര്യവിഷയ മായിട്ടാണു തീർന്നിരിക്കുന്നത്. സുവിശേഷങ്ങളിൽ പ്രത ക്ഷനാക്കുന്ന ആ മഹാപുരുഷനേപ്പോലെ അത്ര ഉൽകൃഷ്ട

മായ ഒരു പാത്രത്തെ മനോധർമ്മഫലമായിപ്പോലും നിർമ്മിക്കുവാൻ മഹാ വിദ്വാന്മാർക്കുപോലും ഇതേവരെ സാധിച്ചിട്ടില്ല. ഇനിസാധിക്കയുമില്ല. ആ സ്ഥിതിക്ക് സാധാരണന്മാരും "വിദ്യാവിഹീനന്മാരും" ആയിരുന്ന സുവിശേഷകന്മാർ അവരുടെ പ്രതിപാദനാസാമർത്ഥ്യത്താൽ ഇതു സാധിച്ചുവെന്നുപറയുക പരമാബദ്ധമല്ലയോ? അവർ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളേപ്രതി അവർ സ്വായുസ്സു പൂജിക്കയാണു് ചെയ്തിട്ടുള്ളതെന്നും പ്രസ്താവിക്കേണ്ടതായുണ്ടു്. അന്യരെ വഞ്ചിക്കണമെന്ന കരുതലോടെ കളവെഴുതി ഫലിപ്പിച്ചശേഷം ആ കളവിനെ ആദരിക്കുവാൻ ആയുസ്സിനെ ബലികഴിക്കുന്നവരായി വല്ലവരുമുണ്ടാകുമോ?

സുവിശേഷകന്മാർ വഞ്ചിക്കപ്പെടുകയോ, അന്യരെ വഞ്ചിക്കുവാൻ അവർ തുനിയുകയോ ചെയ്തിരുന്നെങ്കിൽ, ഇപ്രകാരമുള്ള ഒരു ഗ്രന്ഥസമുച്ചയം പ്രചാരത്തിൽ വരുകയില്ലായിരുന്നു എന്നു ധരിച്ചാൽ സുവിശേഷവൃത്താന്തങ്ങളുടെ യാഥാർത്ഥ്യത്തേപ്പറ്റി ആരും സംശയം പുറപ്പെടുവിക്കയില്ല.

മനഃപൂർവമായിട്ടോ, അല്ലാതെയോ, സുവിശേഷകന്മാർ എന്തെങ്കിലും ഒരു അവാസ്തവപ്രസ്താവന ചെയ്തുഎന്നു നമുക്കു വിചാരിക്കാം. അവർ പ്രതിപാദിച്ചിരിക്കുന്ന സംഗതികൾ എല്ലാം പരസ്യമായി സംഭവിച്ചുവയായിരുന്നതിനാലും, എല്ലാവർക്കും അവ അറിയപ്പെട്ടിരുന്നതിനാലും അവരുടെ അവാസ്തവപ്രസ്താവന ഉടൻതന്നെ തെളിഞ്ഞുപോകുകയില്ലായിരുന്നോ? സുവിശേഷഗ്രന്ഥങ്ങളെ ദൈവവാക്യങ്ങളായി സ്വീകരിച്ചിരുന്ന ക്രിസ്ത്യാനികളുടെ ബദ്ധവൈരികളായിരുന്ന യഹൂദന്മാരും മറ്റു അക്രൈസ്തവരും വ്യാജപ്രസ്താവന തെളിയിക്കുവാനും അതു പരസ്യമാക്കിക്കൊണ്ടു സുവിശേഷഗ്രന്ഥങ്ങളുടെ പ്രാമാണ്യം ദുർബലപ്പെടുത്തുവാനും

ശ്രമിക്കുകയില്ലായിരുന്നോ? യഹൂദന്മാരും മറ്റുള്ളക്രൈസ്തവ രുംതങ്ങൾക്കു ഏറ്റവും കായ്യായിക്കരുതിയിരുന്ന സ്വമതങ്ങളെ ഉപേക്ഷിച്ചു സുവിശേഷഗ്രന്ഥങ്ങളെ ദൈവവാക്യങ്ങളായും, നീചനീചം നിഗ്രഹിക്കപ്പെട്ടവനായി അവയിൽ പ്രത്യക്ഷപ്പെട്ടുന്ന ഈശോമിശിഹായെ ദൈവമായും സ്വീകരിക്കണമെന്നല്ലയോ ക്രിസ്ത്യാനികൾ വാദിച്ചിരുന്നതു്? സുവിശേഷഗ്രന്ഥങ്ങളിൽ വ്യാജനിർമ്മിതിയുണ്ടെന്നു സംശയംപോലുമുണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികൾ ഈ സാഹസപ്രവൃത്തിക്കൊരുങ്ങി പുറപ്പെടുമായിരുന്നോ? ക്രൈസ്തവേതരർ വ്യാജനിർമ്മിതങ്ങളെന്ന ന്യായത്താൽ സുവിശേഷഗ്രന്ഥങ്ങളെ തിരസ്കരിക്കയില്ലായിരുന്നോ? എന്നാൽ എത്രയായിരം ആളുകളെന്നു ക്ലിപ്തമായി പറയുവാൻ സാധിക്കാത്തവണ്ണം അത്ര ബഹുലമായിരുന്ന സുവിശേഷാനുഗാമികളുടെ സംഖ്യ. യഹൂദന്മാരുടേയും ഇതര മതാനുയായികളുടേയും ഇടയിൽനിന്നു ശാസ്ത്രജ്ഞന്മാരായ അനേകർ ക്രിസ്തുമതം സ്വീകരിക്കുകയും സുവിശേഷയാഥാർത്ഥ്യത്തെപ്രതി സ്വായുസ്സു ബലികഴിക്കുകയും ചെയ്തിട്ടുണ്ടു്.

ക്രീസ്തുമതം ലോകരംഗത്തു പ്രത്യക്ഷപ്പെട്ടപ്പോൾ യഹൂദർ അതിനെ പീഡിപ്പിച്ചുതുടങ്ങിയെന്നും, അതിന്റെ സ്ഥാപകനായ ഈശോമിശിഹായെ അന്യായമായി അവർ വധിച്ചെന്നും അവരുടെ മതഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിരിക്കുന്ന ലോകോദ്ധാരകനാണു് ഈശോമിശിഹായെന്നും ആണല്ലൊ സുവിശേഷഗ്രന്ഥങ്ങൾ ഉച്ചൈസ്വരം ഘോഷിക്കുന്നതു്. യഹൂദന്മാക്കു് ഒട്ടും ഇഷ്ടപ്പെടാത്ത സംഭവങ്ങളും അത്ഭുതവൃത്താന്തങ്ങളും അടങ്ങുന്ന സുവിശേഷഗ്രന്ഥങ്ങളുടെ ഉള്ളടക്കം. ഇവയെല്ലാം പരമാർത്ഥമായി നടന്നവയാണെന്നതത്രെ സുവിശേഷകന്മാർ സങ്കോചലേശംകൂടാതെ വിളിച്ചുപറയുന്ന

തു്. ഈ ദുശപ്രസ്താവനകളിൽ വാസ്തവവിരുദ്ധമായി എ
ന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ സുവിശേഷഗ്രന്ഥങ്ങൾ പ്ര
ചാരത്തിൽവരികയൊ ക്രിസ്തുമതവിരോധികൾ ക്രൂടെയും അ
തിനെപ്രതിഷേധിക്കാതിരിക്കയൊ ചെയ്യുമായിരുന്നോ? ഒ
രിക്കലുമില്ല. ഈശോമിശിഹായുടെ പ്രവൃത്തികളുടെ യാ
ഥാർത്ഥ്യത്തെ നിഷേധിക്കുവാൻ നിവൃത്തിയില്ലാതെ അവ
ക്ഷുദ്രപ്രയോഗത്താൽ സാധിക്കപ്പെട്ടവയാണെന്നത്രെ യഹൂ
ദന്മാർ ഘോഷിച്ചിരുന്നതു്. "തൽമൂദ്" (Thalmud) എന്ന
അവരുടെ ഒരുപുസ്തകത്തിൽ ഇങ്ങനെകാണുന്നു. "ഈശോക്ഷു
ദ്രപ്രവൃത്തികളം ചെയ്തതിനാലും അനേകരെ വശപ്പിച്ചായ ഒരു
മതത്തിൽ ചേർത്തതിനാലും പെസഹായുടെ തലേദിവസം
തൂക്കപ്പെട്ടു." (Tractatus Sanhed. fol. 43.). പിന്നും, "ഈ
ശോ എജിപ്തുദേശത്തുനിന്നു ചില ക്ഷുദ്രവിദ്യകൾ കൊ
ണ്ടുവരികയും ഇങ്ങനെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും,
സ്വശക്തിയാൽ അവ സാധിച്ചുഎന്നഭാവത്തിൽ ജനങ്ങ
ളെ കബളിപ്പിക്കുകയും ചെയ്തു" (Schabbath. Tract.
fol. 104). എന്നാൽ യഹൂദന്മാരുടെതന്നെ "ഈശോമിശി
ഹായുടെ ചരിത്രം" എന്ന വേറൊരുകൃതിയിൽ "ഈശോ
യഹോവാ ആയ ദൈവത്തിന്റെ നാമം പ്രയോഗിച്ചു് കുഷ്ഠ
രോഗികളേയും മുടന്തന്മാരേയും സൌഖ്യമാക്കി; മരിച്ചവ
രേക്കൂടെയും പുനർജ്ജീവിപ്പിച്ചു" എന്നാണു് നാം വായിക്കു
ന്നതു്. (Bullet, Historia Christi P. 122. 140.)

കണ്ടാലും, സുവിശേഷഗ്രന്ഥങ്ങളുടെ പരമശത്രുക്കളാ
യിരുന്ന യഹൂദന്മാർ സുവിശേഷസംഭവങ്ങളുടെ യാഥാർത്ഥ്യ
ത്തെ നിഷേധിക്കുകയല്ല, പ്രത്യുത, അവയെ ക്ഷുദ്രപ്രവൃ
ത്തികളായി വ്യാഖ്യാനിക്കുകയോ, യഥാർത്ഥങ്ങളായി സ്വീക
രിക്കുകയോ ആണുചെയ്യുന്നതു്. മരിച്ചവരെ പുനർജ്ജീവി

പ്പിക്കുന്നതുപോലെയുള്ള പ്രവൃത്തികളും ക്ഷുദ്രപരങ്ങളോ, ജാലവിദ്യകളോ ആകുവാൻ പാടില്ലെന്നു് എല്ലാവർക്കും അറിയാമല്ലൊ. ഈശോമിശിഹാ പിശാചിന്റെ പരമ ശത്രുവും ദൈവവിശ്വാസം പരത്തുന്നതിൽ അത്യുത്സുകനുമായിരുന്നു എന്നാണല്ലൊ സുവിശേഷഗ്രന്ഥങ്ങൾ വിളിച്ചറിയിക്കുന്നതു്. ഈ സ്ഥിതിക്കു് പിശാചിന്റെ സംഘായത്തോടേ അദ്ദേഹം വിസ്മയാവഹങ്ങളായ പ്രവൃത്തികൾ ചെയ്തു എന്നു വിചാരിക്കുക അബദ്ധമായിരിക്കും. മരിച്ചവരെ പുനർജ്ജീവിപ്പിക്കുക, കുരുടർക്കു കാഴ്ച നൽകുക, തളർവാതക്കാരെ സൌഖ്യമാക്കുക ആദിയായവ ദൈവനാമത്തിലും ഒരൊറ്റ വാക്കുകൊണ്ടുമാണു് അദ്ദേഹം സാധിച്ചിട്ടുള്ളതു്. ഈ യുടെ യാഥാർത്ഥ്യം നിഷേധിക്കാൻ സാധിക്കാതെവരുമ്പോൾ ഇവ പൈശാചികങ്ങളെന്നോ, മായാവിദ്യകളെന്നോ പറഞ്ഞു സത്യത്തെ അവഗണിക്കുന്നവരുടെ സ്ഥിതി എത്രവിലപനീയം! മരിച്ചവരെ പുനർജ്ജീവിപ്പിക്കുക എന്നതു് പ്രത്യേകമായ ദൈവശക്തികൊണ്ടുമാത്രമേ സാധിക്കുകയുള്ളു എന്നു മുകളിൽ തെളിയിച്ചിട്ടുണ്ടല്ലൊ. ആകയാൽ സുവിശേഷഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നവയുടെ യാഥാർത്ഥ്യം സമ്മതിക്കുന്നവർ, സാക്ഷാൽ അത്ഭുതങ്ങളും അവയിൽ രേഖപ്പെട്ടുകിടപ്പുണ്ടെന്നു സമ്മതിക്കണം.

സുവിശേഷഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന ചില സംഭവങ്ങളും അക്രൈസ്തവരായ ചിലചരിത്രകാരന്മാർ കൂടി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. 153-ാം കൊല്ലം കാലം ചെയ്തയാളും അഡ്രിയൻ എന്ന റോമാചക്രവർത്തിയുടെ ഭൃത്യനും ആയിരുന്നഫ്ളേഗോൻ (Phlegon) ഈശോമിശിഹാ കല്പിച്ചരുളിയ പ്രവചനങ്ങളേയും, അദ്ദേഹത്തിന്റെ മരണസമയത്തു നടന്ന അത്ഭുതകരമായ ഭ്രകമ്പത്തേയും സൂര്യഗ്രഹ

ണത്തെയും സുവിശേഷകന്മാരെപ്പോലെ തന്നെ വിശദമായി സ്വകൃതിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഒന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഥാലൂസ് (Thalus) എന്ന ചരിത്രകാരനും പ്രസ്തുത സൂര്യഗ്രഹണം യാഥാർത്ഥമായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. (Hist. Syr. Lib. 3.) ഇപ്രകാരമുള്ള രേഖകളും സുവിശേഷഗ്രന്ഥങ്ങളിലടങ്ങിയിരിക്കുന്നവിവരണങ്ങളുടെ യഥാർത്ഥ്യത്തെ സ്ഥിരീകരിക്കയത്രെ ചെയ്യുന്നത്. അവ യഥാർത്ഥങ്ങളല്ലായിരുന്നെങ്കിൽ ക്രിസ്ത്യാനികളുടെ ബദ്ധവൈരികളായിരുന്ന അക്രൈസ്തവർ അവയ്ക്കു വിരോധമായി ആക്ഷേപം പുറപ്പെടുവിക്കയും യഥാർത്ഥസംഭവങ്ങളെ വിശദീകരിക്കയും ചെയ്യുമായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാൽ സുവിശേഷഗ്രന്ഥങ്ങളെ ആധാരമാക്കി ക്രിസ്ത്യാനികാം സമതത്തെ ആദരിക്കയും അതിന്റെ സത്യതയെ തെളിയിക്കയും ചെയ്തിരുന്നു. ക്രൂതാതെയും സുവിശേഷഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങളിലുള്ള വിശ്വാസം നിമിത്തമാണ് അനേകായിരമാളുകൾ ക്രിസ്തുമതം സ്വീകരിച്ചിരുന്നതും.

അഡ്രിയാൻ എന്ന റോമാചക്രവർത്തിക്ക് കപ്രാത്തുസ്(Quadratus) എന്ന ആത്തെൻസിലെ ഒരു ക്രൈസ്തവമതാദ്ധ്യക്ഷൻ രണ്ടാംശതാബ്ദത്തിൽ ഇപ്രകാരമെഴുതുകയുണ്ടായി:-"നമ്മുടെ (ഞങ്ങളുടെ) രക്ഷകന്റെ പ്രവൃത്തികൾ സദാ പ്രസ്പഷ്ടങ്ങളായിരുന്നു; എന്തുകൊണ്ടെന്നാൽ അവ യഥാർത്ഥങ്ങളായിരുന്നു. സൌഖ്യം പ്രാപിച്ചവരും, മരിച്ചവരിൽനിന്ന് പുനർജ്ജീവിപ്പിക്കപ്പെട്ടവരും, അവർ ആരുടെ മദ്ധ്യേജീവിച്ചിരുന്നുവോ അവർക്ക് ഗോചരീഭവിക്കയുണ്ടായി. അതു്, അവർ സുഖപ്പെടുത്തപ്പെട്ടപ്പോഴോ, പുനർജ്ജീവി

പ്പിക്കപ്പെട്ടപ്പോഴോ, മാത്രമല്ല, അതിന്റെ ശേഷം കുറേക്കാലത്തേക്കുകൂടിയും ആയിരുന്നു. നമ്മുടെ (ഞങ്ങളുടെ) രക്ഷകൻഭ്രമുഖത്തു ജീവിച്ചിരുന്ന അവസരത്തിൽ മാത്രമല്ല, അദ്ദേഹത്തിന്റെ വിരഹശേഷം കുടെയും--അതും, ദീർഘസമയത്തേക്ക്—(അപ്രകാരം സംഭവിച്ചു.) ഇതുനിമിത്തം അവരിൽ ചിലർ നമ്മുടെ ഈ കാലത്തും ജീവിച്ചിരുന്നിട്ടുണ്ട്." (In Euseb. Hist. Eccl IV- 3. —P. G. XX. 307.) കണ്ടാലും, ഈ വിധത്തിലാണ് ക്രിസ്ത്യാനികം സുവിശേഷസംഭവങ്ങളുടെ യാഥാർത്ഥ്യമെടുത്തുകാണിച്ചുകൊണ്ട് സമതത്തെ ആദരിച്ചിരുന്നത്. ഈ സ്ഥിതിക്ക് അവയുടെ വിശ്വസനീയതയെപ്പറ്റി എങ്ങനെ സംശയിക്കും ?

ക്രീസ്തുമതപ്രചാരത്തെ തടയുവാൻ അന്നത്തെസാഹചര്യങ്ങളിൽ ഏറ്റവും പറ്റിയ മാർഗ്ഗം സുവിശേഷഗ്രന്ഥങ്ങളുടെ വിശ്വസനീയതയെ ദുർബ്ബലപ്പെടുത്തുകയായിരുന്നു. എന്നാൽ അങ്ങനെ ചെയ്യുവാൻ ആർക്കും സാധിച്ചില്ല. പ്രത്യുത, ചിലയവസരങ്ങളിൽ പ്രത്യക്ഷമായും എല്ലാ അവസരങ്ങളിലും പരോക്ഷമായും ക്രൈസ്തവമതവിരോധികൾപോലും അവയുടെ വിശ്വസനീയതയ്ക്കു സാക്ഷ്യം വഹിക്കുകയാണു് ചെയ്തിട്ടുള്ളതു്. യഹൂദന്മാരുടെ അറിയിപ്പുകളായ ദുഷ്പ്രവൃത്തികളും, അവരുടെ അബദ്ധജല്പനകളും, മൈഥ്യങ്ങളും സംബന്ധിച്ചുള്ള ക്രമമില്ലാത്ത പ്രതിഷേധങ്ങൾ സുവിശേഷഗ്രന്ഥങ്ങളിൽ സുചനകളാണെന്നു് നാം പ്രത്യേകം ധരിച്ചിരിക്കണം. എന്നാൽ ആ യഹൂദന്മാർപോലും സുവിശേഷഗ്രന്ഥങ്ങളിലെ വിവരണങ്ങൾ അയഥാർത്ഥങ്ങളാണെന്നു വാദിച്ചിരുന്നില്ല! നമ്മുടെ കാര്യത്തിനു് ഇതിൽ കൂടുതലായി എന്തു തെളിവാണു് ഇനിയാവശ്യം?

സുവിശേഷഗ്രന്ഥങ്ങൾ പല സംഗതികളിൽ പര

സ്പരം യോജിക്കാതെ കാണപ്പെട്ടന്നെന്നും തന്നിമിത്തം അവ വിശ്വസനീയങ്ങളല്ലെന്നും ശത്രുപക്ഷക്കാർ വാദിക്കാറുണ്ട്. പരസ്പരവിരുദ്ധതയുണ്ടെന്നു തോന്നുന്നഭാഗങ്ങളെ ശരിയായി പരിശോധിക്കാത്തതാണു് ഇപ്രകാരമൊരു വാദത്തിനു് കാരണമായിരിക്കുന്നതു്. സുവിശേഷകന്മാർ ഒരോരോ സംഗതിയേപ്പറ്റി പലസ്ഥലങ്ങളിലും പ്രതിപാദിക്കുന്നുണ്ടെങ്കിലും, ആ സംഗതികളുടെ സാഹചര്യങ്ങളിൽ ചിലതിനേ ഒരാളും മറ്റു ചിലതിനേ അപരനും വിവരിക്കുന്നു. ഇതു മനസ്സിലാക്കാതെ, ഒരോരോ സാഹചര്യത്തേപ്പറ്റി അവർ പ്രതിപാദിക്കുന്നു എന്ന ധാരണയോടെ അവരുടെ പ്രസ്താവനകളെ വീക്ഷിക്കുന്നതുകൊണ്ടത്രെ അവർ പരസ്പരം യോജിക്കുന്നില്ലെന്നു് ശത്രുപക്ഷക്കാക്കു തോന്നിപ്പോകുന്നതു്. മ്ശിഹായുടെ പുനരുത്ഥാനത്തേപ്പറ്റിയുള്ള വിവരങ്ങൾ ഇതിനൊരുത്തമദൃഷ്ടാന്തമാണു്. മ്ശിഹാ പുനരുത്ഥാനം ചെയ്തെന്നു് സുവിശേഷകന്മാർ നാലുപേരുംപ്രസ്താവിക്കുന്നുണ്ടു്. പുനരുത്ഥാനത്തോടു് അനുബന്ധിക്കപ്പെട്ട സംഭവങ്ങളുടെ ഓരോ സാഹചര്യങ്ങളെ ഓരോരുത്തൻ വിവരിക്കുന്നു. എല്ലാവരും ഒരോരോ സാഹചര്യത്തേപ്പറ്റിത്തന്നേയാണു പ്രതിപാദിക്കുന്നതെന്നു ധരിച്ചാൽ അവരുടെ പ്രസ്താവനകളിൽ പരസ്പരവിരുദ്ധതയുണ്ടെന്നു തോന്നിപ്പോകും. എന്തിനിങ്ങനെ ധരിക്കുന്നു ?

V

ഇതുവരെ പ്രസ്താവിച്ചുവയിൽനിന്നു്, സുവിശേഷഗ്രന്ഥങ്ങൾ സാക്ഷാൽ ചരിത്രരേഖകളാണെന്നും അവയെയാതൊരുവിധത്തിലും അവിശ്വസിച്ചുകൂടെന്നും വിശദമായിട്ടുണ്ടല്ലൊ. ഈ ഗ്രന്ഥങ്ങൾപോലെ അത്ര വിശ്വാസയോഗ്യമായ വേറേയാതൊരു ചരിത്രരേഖയുമില്ലെന്നുള്ള,

ക്രൈസ്തവമതവിരോധിയായ ഹാർണാക്കിന്റെ (Harnack) "ഏറ്റുപറച്ചിൽ" വീണ്ടും സ്മരണീയമത്രെ. അക്രൈസ്തവർപോലും ഇവയുടെ ചരിത്രപ്രാമാണ്യത്തെ സൂചിപ്പിച്ചുപറയുന്നതായി നാം കണ്ടു. എന്നാൽ സുവിശേഷപ്രബോധനങ്ങളും സ്വീകരിച്ചശേഷമല്ല, പ്രത്യുത, സുവിശേഷങ്ങളിലേ മതത്തെ ഉന്മൂലനം ചെയ്യണമെന്ന ഏകോദ്ദേശ്യത്തോടേ ഉറവുശ്രമിക്കയിലാണ് അവർ ഇപ്രകാരം ചെയ്തിരിക്കുന്നതെന്ന് നാം പ്രത്യേകം സ്മരിക്കേണ്ടതായുണ്ട്. സുവിശേഷസാക്ഷ്യങ്ങളെ ദുർബലപ്പെടുത്തുവാൻ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കുവാൻ പാടുണ്ടോ, ആ മാർഗ്ഗങ്ങളിലൂടെയെല്ലാം ശത്രുക്കൾ പ്രവർത്തിച്ചിട്ടുണ്ട്. നമ്മുടെ ഈ അടുത്തകാലത്തും ഈവിധശ്രമങ്ങൾ ധാരാളം നടക്കുകയുണ്ടായി. ആധുനിക വിമർശനരീതിയും, ശാസ്ത്രീയപരിശോധനകളും ഈ വിഷയത്തിലെന്നപോലെ മറ്റൊരുതൊന്നിലും പ്രയോഗിക്കപ്പെട്ടിട്ടില്ല. എന്നാൽ ഫലമെന്ത്? സുവിശേഷഗ്രന്ഥങ്ങൾ യഥാർത്ഥചരിത്രരേഖകളാകാതെ തരമില്ലെന്ന പ്രഖ്യാപനമാണ് ഈ അന്വേഷണങ്ങൾ മാത്രമേ പ്രസ്തുത പരിശോധനയുടെ ഫലമായി പുറത്തുവന്നിട്ടുള്ളൂ. അവ അയഥാർത്ഥങ്ങളായിരിക്കുവാൻ വഹിയാ എന്ന് സുബുദ്ധികളെല്ലാം സമ്മതിക്കയും ചെയ്യുന്നു. ശത്രുപക്ഷക്കാർ പരിശോധനയും അവസാനിപ്പിച്ചു. സുവിശേഷഗ്രന്ഥങ്ങളുടെ ചരിത്രപ്രാമാണ്യം സർവ്വപ്രകാരേണയും അനിഷേദ്ധ്യമായി മദ്ധ്യാഹ്നസൂര്യനേപ്പോലെ ഇതാ പ്രകാശിക്കുന്നു!

VI

സുവിശേഷഗ്രന്ഥങ്ങളുടെ ചരിത്രപ്രാമാണ്യത്തെസ്ഥാപിക്കുവാൻ ഹാജരാക്കിയതരം തെളിവുകൾതന്നേ "ശ്ലീഹന്മാരുടെ നടപടികൾ" പൌലോസ് പത്രോസ് ആദിയായ

ശ്ലീഹന്മാരുടെ ലേഖനങ്ങളും മുതലായ മറവു പുതിയനിയമ ഗ്രന്ഥങ്ങളും സംബന്ധിച്ചും ഫാജരാക്കാവുന്നതാണു്." ശ്ലീഹന്മാരുടെ നടപടികളു"ടെ കത്താവു് സുവിശേഷകനായ ലൂക്കാതന്നെയെന്നതിൽ സംശയമില്ലെന്നു് ഹാർണാക്കു് (Harnack) പോലും സമ്മതിക്കുന്നു (A thing beyond all doubt is that the acts have the same author as the third Gospel and are a continuation of the same) റോമ്മാക്കാക്കും, കോറീന്ത്യക്കും, ഗാലൃത്യക്കും, ഫിലിപ്പോസുകാക്കും തെസ്സലോനിയക്കും ഉള്ളലേഖനങ്ങളും വി. പൌലോസുതന്നെയാണു് എഴുതിയതെന്നു് ക്രൈസ്തവമത ശത്രുക്കളും ക്രടിസമ്മതിച്ചിട്ടുണ്ടു്. വി. പൌലോസിന്റെ നാമത്തിൽ അറിയപ്പെടുന്ന മറവു ലേഖനങ്ങളിൽ, എബ്രായക്കുള്ളതൊഴിച്ചു് ശേഷമെല്ലാം അദ്ദേഹത്തിന്റെ പ്രേരണയാൽ അദ്ദേഹത്തിന്റെ സമകാലീനർ എഴുതിയെന്നാണു് ശത്രുപക്ഷക്കാരുടെ അഭിമതം. ഈ സ്ഥിതിക്കു് ഈ പുസ്തകങ്ങളുടെ പുരാതനത്വത്തെപ്പറ്റി യാതൊന്നും പ്രസ്താവിക്കേണ്ടയാവശ്യമില്ല.

ഇവയുടെ അഭേദ്യതയേയും വിശ്വസനീയതയേയുംസ്ഥാപിക്കുവാനുള്ള തെളിവുകളും സുവിശേഷഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഫാജരാക്കിയവതന്നേയാകയാൽ അവയെ ഇവിടെ ആവർത്തിക്കേണമെന്നില്ലല്ലൊ. ശത്രുപക്ഷക്കാർ സംശയം പ്രകടിപ്പിക്കുന്ന പുതിയനിയമത്തിലെമറവു പുസ്തകങ്ങളെപ്പറ്റി ഇവിടെ യാതെന്നും പറയണമെന്നുദ്ദേശിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ആപുസ്തകങ്ങളുടെ സഹായം ക്രടാതെതന്നേ ക്രിസ്തുമത പരിശോധന നമുക്കു നടത്താവുന്നതാണു്.

നാലാം അദ്ധ്യായം.

ക്രീസ്തുമതം ദൈവസ്ഥാപിതമാകുന്നു.

ക്രീസ്തുമതം ദൈവസ്ഥാപിതമായ ഒന്നാണോഎന്നു് ഈ അദ്ധ്യായത്തിൽ നമുക്കു പരിശോധിക്കാം. ഈ ഉദ്ദേശ്യത്തോടെയത്രെ പുതിയനിയമഗ്രന്ഥങ്ങളിൽ ചിലതു വിശ്വസനീയങ്ങളായ ചരിത്രലേഖകളാണെന്നു് കഴിഞ്ഞയദ്ധ്യായത്തിൽ സ്ഥാപിക്കയുണ്ടായതു്.

പുതിയനിയമഗ്രന്ഥങ്ങളിലെ പ്രസ്താവനകളിൽ കേന്ദ്രസ്ഥാനം വഹിക്കുന്നതു് ഈശോമിശിഹാഎന്ന മഹാപുരുഷനാണു്. യഹൂദമതം നിരുത്തലാക്കി ക്രീസ്തുമതം സ്ഥാപിക്കുന്നവനായിട്ടത്രെ ഈശോമിശിഹാ പ്രസ്തുതഗ്രന്ഥങ്ങളിൽ പ്രത്യക്ഷനാകുന്നതു്. മത്തായി VIII. 19. XII 38. X. 24. VII. 29. V. XVI. 12. XXIII. 8-10. മക്കോസു്— I. 22. IV 12. ലൂക്കാ. IV. 32. IX 26. X. 21. X 16. XXIV. 44. യോഹ. VIII. 12-40. IX. 5. XII. 35-36. XIV. 6. III 13. &c.

അദ്ദേഹത്തിന്റെ ഉപദേശങ്ങളും നവീനങ്ങളും മഹത്തരങ്ങളുമാണെന്നു് ശത്രുക്കൾപോലും സമ്മതിക്കുന്നു. തനിക്കു ദൈവികാധികാരമുണ്ടെന്നു് പ്രഖ്യാപനം ചെയ്തുകൊണ്ടു് അദ്ദേഹം തന്റെ മതസ്ഥാപനകൃത്യം സമാരംഭിച്ചു. മിശിഹാ ദൈവമാണെന്നുള്ള ക്രീസ്തുമതസിദ്ധാന്തത്തെപ്പറ്റി ഇവിടെ വിചിന്തനം ചെയ്യാതെ, അദ്ദേഹം ക്രിസ്തുമതസ്ഥാപനാർത്ഥം ദൈവികാധികാരത്തോടെ ഭൂമുഖത്തു പ്രത്യക്ഷനായ ഒരാളാകുന്നു എന്നമാത്രമെ ഇവിടെ തെളിയിക്കുവാനുദ്ദേശിക്കുന്നുള്ളു. മിശിഹായുടെ ദൈവത്വത്തെപ്പറ്റി ഈ അ

ഭ്യായത്തിൽ ചുരുക്കമായിമാത്രം ചില സംഗതികൾ പ്രസ്താവിച്ചുകൊള്ളാം. ദൈവത്തിന്റെ അംഗീകരണത്തോടെയാണ് മിശിഹാ തന്റെമതം ഭൂമുഖത്തു് സ്ഥാപിച്ചുതെന്നു് തെളിയുന്നപക്ഷം ക്രിസ്തുമതം ദൈവികമാണെന്നു് സിദ്ധിക്കുന്നതാണു്. സർവ്വഥാ വിശ്വസനീയങ്ങളെന്നു് മുൻഅദ്ധ്യായത്തിൽ സ്ഥാപിച്ചിട്ടുള്ള പുതിയനിയമഗ്രന്ഥങ്ങൾതന്നെ ആവശ്യമായ തെളിവുകൾ നമുക്കു പ്രദാനം ചെയ്യുന്നുണ്ടു്. മറ്റു ചില തെളിവുകളും യഥാക്രമം താഴെ ഹാജരാക്കുന്നതാണു്.

I

ഒരത്ഭുതപ്രവർത്തകനായിട്ടത്രെ മിശിഹാപുതിയനിയമഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെടുന്നതു്. *

അദൃശ്യാത്മപികളെ സംബന്ധിച്ചു് മിശിഹാ പലഅത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടു്. പിശാചുബാധിതരിൽ നിന്നു് പിശാചുക്കളെ അദ്ദേഹം പല അവസരങ്ങളിൽ ബഹിഷ്കരിച്ചു. നിർമ്മലാത്മപികളായ മാലാക്കമാർ അദ്ദേഹത്തിനു പരികർമ്മംചെയ്തു.

മത്തായി. IV. 11; VIII. 16-28. IX. 32. XII. 22. XV. 21. XVII. 14. മർക്കോസു്. I-23. ലൂക്കാ. VI. 17. &c.

അദ്ദേഹത്തിന്റെ ജനനത്തിൽ പുതുതായി ഒരു നക്ഷത്രമുദിച്ചതിൽ നിന്നും, മരണത്തിൽ അസാധാരണമായ ഇരുട്ടുണ്ടായതിൽനിന്നും ആകാശഗോളങ്ങളിൽ മിശിഹാ അത്ഭുതം പ്രവർത്തിച്ചതായി തെളിയുന്നു.

മത്തായി. II. 2. ലൂക്കാ. XXIII. 44.

---

* ഇവിടെയുദ്ധരിച്ചിരിക്കുന്ന സുവിശേഷഭാഗങ്ങളും സുവിശേഷഗ്രന്ഥങ്ങളിൽനിന്നുതന്നെ വായിച്ചു ഗ്രഹിക്കുന്നതു് കൂടുതൽ ഉപകാരപ്രദമായിരിക്കും.

മിശിഹാ അനേകം അത്ഭുതങ്ങളെ മനുഷ്യരിൽ പ്ര
വർത്തിക്കയുണ്ടായി. മരിച്ചവരെ പുനർജ്ജീവിപ്പിച്ചു. തളർ
വാതക്കാരെയും, കുഷ്ഠരോഗികളെയും, മരണകരരോഗങ്ങൾ
ബാധിച്ചിരുന്നവരെയും, കുരുടന്മാരെയും, ഊമന്മാരെയും, മ
റ്റനേകരെയും അത്ഭുതകരമായി അദ്ദേഹം സുഖപ്പെടുത്തി
യെന്ന സുവിശേഷഗ്രന്ഥങ്ങളിൽ നാം വായിക്കുന്നു.

മത്തായി. IV-23; VIII-1. 14-16; IX-1. 28; XII.9;
XX. 29;

മർക്കോസ്. VII. 32; VIII. 22.

ലൂക്കാ. VI. 17; VII. 11; XIV. 2.

യോഹന്നാൻ. IV. 46; V-1; IX. 1; XI. 1. &c.

ഈ അത്ഭുതപ്രവൃത്തികളിൽ മിക്കവയും ഒരൊറ്റവാക്കുകൊ
ണ്ടോ, ഒരൊറ്റ ആംഗ്യം കൊണ്ടോ ആണ് അദ്ദേഹം സാ
ധിച്ചിട്ടുള്ളതു്.

അചേതനങ്ങളായ അനവധി വസ്തുക്കളിലും മ്ശിഹാ
നിരവധിയത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടു്. വെള്ളം വീ
ഞ്ഞാക്കി പകർത്തി. കൊടുങ്കാറ്റു പെട്ടെന്നു ശമിപ്പിച്ചു.
വെള്ളത്തിന്റെ മീതേ നടന്നു. അപ്രകാരം നടക്കുവാൻ പ
ത്രോസിനു ശക്തികൊടുത്തു. കുറേ അപ്പവും മീനുംകൊ
ണ്ടു് അനേകായിരം ആളുകളെ തൃപ്തരാക്കി; അപ്പവും മീ
നും അധികമായി ശേഷിപ്പിച്ചു.

മത്തായി. VIII. 23; XIV. 15. 21.; XV. 32.

യോഹന്നാൻ. II. 1; VI. 19. &c.

താൻതന്നെ അത്ഭുതങ്ങൾ പ്രവർത്തിച്ചതിനു പുറമെ
അത്ഭുതപ്രവർത്തനത്തിനുള്ള ശക്തി മിശിഹാ അന്യർക്കു പ്ര
ദാനംചെയ്കയുമുണ്ടായി. ഇസ്രായേൽഗോത്രത്തിലെ ന
ശിച്ച ആടുകളുടെ പക്കലേക്കു് പന്ത്രണ്ടുപേരെയും ലോകത്തി
ന്റെ നാനാഭാഗത്തേക്കു "എഴു" പേരെയും അയച്ചു അവ

സരത്തിൽ വലിയ അത്ഭുതങ്ങളും പ്രവർത്തിക്കുവാനുള്ള ശക്തിയാണു് അദ്ദേഹം അന്യർക്കു പ്രദാനംചെയ്തതു്. തങ്ങൾക്കുവർദ്ധിച്ചുയർന്നധികാരം അവർ ഫലപ്രദമായി ഉപയോഗിച്ചുതായും നാം വായിക്കുന്നു.

മത്തായി. X. 8. ലൂക്കാ. X. 9. 17. യോഹന്നാൻ. XIV. 12. പ്രീ. നടപടികൾ. II. 43; V. 12; IX. 34; XIX. 11; XX-9. &c. &c.

ഇങ്ങനെ പുതിയനിയമഗ്രന്ഥങ്ങളും പരിശോധിക്കുന്നതായാൽ ഒരു അത്ഭുതപ്രവർത്തകനെന്ന നിലയിൽ മിശിഹാ പ്രത്യക്ഷപ്പെട്ടുന്നതായി കാണാം. സുവിശേഷഗ്രന്ഥങ്ങളിൽ മിശിഹായുടെ അത്ഭുതങ്ങളല്ലാതെ വേറേ യാതൊന്നുംതന്നെ കാണപ്പെടുന്നില്ലെന്നു് വലിയ അതിശയോക്തിക്കുടാതെ പറയാവുന്നതാണു്. സാക്ഷാൽ അത്ഭുതങ്ങളുംതന്നെ എന്നതിൽ സംശയിക്കുവാൻ പാടില്ലാത്തവണ്ണം അത്ര പ്രസ്പഷ്ടങ്ങളാകുന്നു മ്ശിഹായുടെ അത്ഭുതങ്ങളും. ജനനാൽതന്നെ കുരുടനായിരുന്നവനെ ഒരൊറ്റവാക്കുകൊണ്ടു സുഖപ്പെടുത്തുക, ദൂരെ നിന്നുകൊണ്ടു് മഹാരോഗികൾക്കും മരണാസന്നർക്കും സൗഖ്യം പ്രദാനംചെയ്യുക ആദിയായവ സാക്ഷാൽ അത്ഭുതങ്ങളല്ലെന്നു വല്ലവരും പറയുമോ? വല്ലവരും സംശയിക്കുന്നുണ്ടെങ്കിൽ മിശിഹാ മരിച്ചവരെ പുനർജ്ജീവിപ്പിച്ചിട്ടുണ്ടെന്നും സാക്ഷാൽ മരിച്ചവർതന്നെയായിരുന്നു അവർ എന്നും ഈ ക്ലൂർ മനസ്സിലാക്കേണ്ടതായുണ്ടു്. മരിച്ചു് അടക്കപ്പെട്ടശേഷം നാലുദിവസംകഴിഞ്ഞുല്ലയോ മിശിഹാ ലാസറിനെ പുനർജ്ജീവിപ്പിച്ചതു് (യോഹന്നാൻ XI.) ലാസർ മരിച്ചിട്ടില്ലായിരുന്നെന്നു ആരു പറയും? മിശിഹായുടെ ശത്രുക്കൾപോലും അതു സമ്മതിക്കേണ്ടിവന്നില്ലയോ? അവർ ലാസറിനേ കൊല്ലുവാനല്ലാതെ അദ്ദേഹം മ

രിച്ചിട്ടില്ലായിരുന്നെന്നു തെളിയിക്കുവാൻ ശ്രമിച്ചതേയില്ല. ലാസറിന്റെ പുനരുത്ഥാനം നിമിത്തം മിശിഹായേ അന്നു ഗമിച്ചവരെ തടയുവാൻ സകല പ്രയത്നങ്ങളും ചെയ്ത യഹൂദ പ്രമാണികൾ ലാസറിനെ കൊല്ലുവാൻ ശ്രമിച്ചതെന്തുകൊണ്ടായിരുന്നു എന്നു് വായനക്കാർ പര്യാലോചിക്കട്ടെ. ലാസർ മരിച്ചില്ലായിരുന്നെങ്കിൽ അതു തെളിയിച്ചാൽ അവരുടെ ഉദ്ദേശ്യം സഫലമാകുകയില്ലായിരുന്നോ? എല്ലാവരും അറിഞ്ഞിരുന്നതും പരമാർത്ഥവുമായ ഒരു മരണം ലാസറിനു സംഭവിച്ചു എന്നതു് അനിഷേധ്യമായിരുന്നതിനാൽ മിശിഹായുടെ ശത്രുക്കൾക്കപോലും അതു സമ്മതിക്കാതെ നിവൃത്തിയില്ലെന്നായി. മരിച്ചവരെ പുർജ്ജീവിപ്പിക്ക എന്നതു് സാക്ഷാൽ അത്ഭുതംതന്നെ എന്നും ദൈവത്തിനു മാത്രമെ അതു പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്നും മുന്നൊരറ്റായത്തിൽ തെളിയിച്ചതാണല്ലൊ. സുവിശേഷഗ്രന്ഥങ്ങളുടെ വിശ്വസനീയത ലാസറിന്റെ പുനരുത്ഥാനം വാസ്തവികമാണെന്നു വിളിച്ചറിയിക്കുന്നു. ഇതുപരക്കെ അറിയപ്പെട്ടിരുന്ന ഒരു സംഭവമായിരുന്നതിനാലും ശത്രുക്കൾക്കപോലും നിഷേധിക്കുവാൻ പാടില്ലാത്ത ഒന്നായി പരിണമിക്കയാലും അയഥാർത്ഥസംഭവമായി ഇതിനെ കരുതുക ബുദ്ധിപൂർവ്വമായിരിക്കയില്ല-

മിശിഹാ പ്രവർത്തിച്ച മറ്റു അത്ഭുതങ്ങളും ഇപ്രകാരംതന്നെയുള്ളവയായിരുന്നു. ശത്രുക്കളുടെ വിദ്വേഷത്തിനു പരസ്യമായി പ്രവർത്തിക്കയും പരക്കെ അറിയപ്പെടുകയും ചെയ്തവയാണു അവയെല്ലാം. മായാതന്ത്രമോ, ജാലവിദ്യയോ ആയി അവയെ പരിഗണിച്ചുകൂടാത്ത അവയുടെ പ്രകൃതി നിസ്സംശയം വിളിച്ചറിയിക്കുന്നു. മായാതന്ത്രത്താലോ, ജാലവിദ്യയാലോ കൂടാത്ത കാഴ്ച നൽകുവാൻ വല്ലവർക്കും സാധി

ക്കുമോ? മിശിഹായുടെ അത്ഭുതങ്ങൾ പലതും ഒരൊറവാ
ക്കുകൊണ്ടാണു് അദ്ദേഹം സാധിച്ചിട്ടുള്ളതു്. "മെസ്മറി
സം" "ഹിപ്നൊട്ടിസം" ആദിയായ വിദ്യകൾപോലെ, ഇ
തര സാധനങ്ങളുടേയോ, കൃത്യങ്ങളുടേയോ (Medium) സ
ഹായത്താൽ സാധിച്ചവ അല്ലായിരുന്നു മിശിഹായുടെ അ
ത്ഭുതങ്ങൾ. കണ്ടന്മാക്കു കാഴ്ച നൽകുവാനും മുടന്തന്മാരെ
നടത്തുവാനും "മെസ്മറിസം" "ഹിപ്നൊട്ടിസം" ആദിയാ
യ വിദ്യകൾക്കു ശക്തിയില്ലെന്നു പ്രസ്പഷ്ടവുംആണു്. എ
ന്നാൽ മരിച്ചവരെ പുനർജ്ജീവിപ്പിക്ക എന്നതു് യാതൊരു
സൃഷ്ടശക്തിക്കും യാതൊരു വിധത്തിലും സാധിക്കാവുന്നത
ല്ലല്ലൊ. ലാസറിനെ പുനർജ്ജീവിപ്പിച്ചതിൽനിന്നുതന്നെ
മിശിഹാസാക്ഷാൽ ഒരത്ഭുതപ്രവർത്തകനാണെന്നു വിശദ
മാകുന്നു. ഇപ്രകാരമുള്ള ഒരാളുടെ മറു അത്ഭുതങ്ങളേപ്പ
റ്റി എന്തിനു സംശയിക്കുന്നു? താൻ ചെയ്തുപോലെയുള്ള
അത്ഭുതങ്ങൾ ചെയ്വാനുള്ള ശക്തി മിശിഹാ അന്യർക്കും പ്ര
ദാനംചെയ്തു. സാധുക്കളായിരുന്ന അവർ ജാലവിദ്യകൊണ്ടു്
അപ്രകാരം പ്രവർത്തിച്ചെന്നു് വിചാരിക്കുകതന്നെ അസംബദ്ധ
മാണു്.

അത്ഭുതങ്ങൾ പ്രവർത്തിച്ചതിൽ മിശിഹായ്ക്കുണ്ടായി
രുന്ന ഉദ്ദേശ്യമെന്തായിരുന്നെന്നും പര്യാലോചിക്കേണ്ടതായു
ണ്ടു്. തനിക്കു ദൈവികാധികാരമുണ്ടായിരുന്നു എന്നുസ്ഥാ
പിക്കുവാനത്രെ മിശിഹാ അത്ഭുതങ്ങൾ പ്രവർത്തിക്കുകയു
ണ്ടായതു്. താനൊരു നവീനമതസ്ഥാപകനാണെന്നും,
ദൈവികാധികാരത്താലാണു് മതസ്ഥാപകനായിരിക്കുന്ന
തെന്നും മനുഷ്യകുലത്തെ ധരിപ്പിക്കുവാനും മനുഷ്യർക്കു് ത
ന്നിൽ വിശ്വാസം ജനിപ്പിക്കുവാനുമായിരുന്നു മിശിഹാ
ദൈവികശക്തിയാൽ മാത്രം സാധിക്കാവുന്ന അത്ഭുതങ്ങൾ

പ്രവർത്തിച്ചതു്. "ഞാൻ നിങ്ങളോടു സംഭാഷണംചെയ്തു. എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെയാണു് എന്നെപ്പറ്റി സാക്ഷ്യം വഹിക്കുന്നവ....ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങളെന്നെ വിശ്വസിക്കേണ്ടാ. എന്നാൽ ഞാൻ (അവ) ചെയ്യുകയും, എന്നെ വിശ്വസിക്കുവാൻ നിങ്ങൾക്കു മനസ്സില്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ, എന്റെ പ്രവൃത്തികളെ വിശ്വസിപ്പിൻ. അതു്, പിതാവെന്നിലും, ഞാൻ പിതാവിലുമാണെന്നു് നിങ്ങൾ അറിഞ്ഞു വിശ്വസിക്കുവാൻതന്നെ." എന്നിപ്രകാരമല്ലയോ തന്റെ അത്ഭുതപ്രവൃത്തികളെപ്പറ്റി മിശിഹാ കല്പിച്ചു പറഞ്ഞിരിക്കുന്നതു്? (യോഹ. X 24-37-38.) വീണ്ടും, ലാസറിനെ പുനർജ്ജീവിപ്പിച്ച അവസരത്തിൽ മിശിഹാ ഇപ്രകാരം അരുൾചെയ്തു:-"പിതാവേ,നീ എന്നെ കേട്ടതിനു് നിനക്കു ഞാൻ നന്ദിപറയുന്നു. നീ എന്നെ എപ്പോഴും കേൾക്കുന്നുണ്ടെന്നു് എനിക്കറിയാമെങ്കിലും ചുറും നില്ക്കുന്ന ജനത്തെപ്രതി, നീ എന്നെ അയച്ചു എന്നു് അവർ അറിയുവാൻ, ഞാൻ പറയുന്നു....ലാസറേ പുറത്തുവരിക" (യോഹ. XI. 41-43) അദ്ദേഹം തന്നെയോ വരുവാനിരുന്ന മിശിഹാ അഥവാ ഉപദേഷ്ടാവു് എന്നു് യോഹന്നാൻ മാംദാനായുടെ ശിഷ്യന്മാർ മിശിഹായോടു ചോദിച്ചപ്പോൾ, താൻ പ്രവർത്തിച്ചിരുന്ന അത്ഭുതങ്ങളിൽനിന്നു അതു തീർച്ചപ്പെടുത്തിക്കൊള്ളുവാനാണു് മിശിഹാ അവരോടു് ഉത്തരമായി അരുൾചെയ്തതു്. (മത്തായി. XI. 4. 5; ലൂക്കാ. VII. 21.) അതേ,തനിക്കു ദൈവികാധികാരമുണ്ടായിരുന്നെന്നും, താൻ ദൈവത്തിന്റെ അംഗീകരണത്തോടെയാണു് പഠിപ്പിച്ചിരുന്നതെന്നും തെളിയിക്കുവാ

ൻ മിശിഹാ അനവധി അത്ഭുതങ്ങൾ പ്രവർത്തിച്ചു. അത്ഭുതങ്ങൾ ദൈവശക്തിയാൽ മാത്രമേ സാധിച്ചുകൂടൂ എന്നു നാം കണ്ടതാണല്ലോ. മിശിഹാ വഞ്ചകനായിരുന്നെങ്കിൽ, മിശിഹായുടെ ഉപദേശങ്ങൾ ദൈവേഷ്ടത്തിനു വിരുദ്ധങ്ങളായിരുന്നെങ്കിൽ, അവയുടെ സ്ഥിരീകരണാർത്ഥം ദൈവം സ്വശക്തിയുപയോഗിച്ചു് അത്ഭുതങ്ങൾ പ്രവർത്തിക്കുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അബദ്ധത്തേയും വഞ്ചനയേയും സ്ഥിരീകരിക്കുവാൻ ദൈവം ഒരിക്കലും സ്വശക്തി പ്രയോഗിക്കുകയില്ല. ആകയാൽ, വഞ്ചനയ്ക്കും അബദ്ധത്തിനും ദൈവത്തെ സാക്ഷിയാക്കുവാൻ മതിരാത്തവരെല്ലാവരും, മിശിഹാ ദൈവികാധികാരത്തോടെ ദൈവേഷ്ടപ്രകാരമുള്ള ഉപദേശങ്ങൾ നല്കിയെന്നു സമ്മതിക്കണം. മറ്റു വാക്കായി പറഞ്ഞാൽ, ക്രീസ്തുമതം ദൈവസ്ഥാപിതമായ അഥവാ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു മതമാണെന്നു് മിശിഹാ പ്രവർത്തിച്ച അത്ഭുതങ്ങളിൽനിന്നു വിശദമാകുന്നു.

ക്രീസ്തുമതപ്രചാരാർത്ഥം ശ്ലീഹന്മാർ നിരവധിയത്ഭുതങ്ങൾ പ്രവർത്തിച്ചതായി "ശ്ലീഹന്മാരുടെ നടപടി"കളിൽ നാം വായിക്കുന്നുണ്ടു്. പത്രോസിന്റെ നിഴൽ പോലും രോഗികൾക്കു സൌഖ്യം പ്രദാനം ചെയ്തിരുന്നു. പൌലോസിന്റെ കൈലേസും അത്ഭുതപ്രവർത്തനങ്ങൾക്കു് ഉപകരണമായി തീരുകയാണുണ്ടായതു് (ശ്ലീ. നടപടികം. V. 15; XIX 12.). മിശിഹായുടെ നാമത്തിൽ അവർ അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നതായും നാം വായിക്കുന്നു. ഈ സ്ഥിതിക്കു് അവരുടെ അത്ഭുതങ്ങൾ ക്രീസ്തുമതത്തിന്റെ സത്യതയെ സ്ഥാപിക്കുവാൻ ദൈവം അവർവഴി പ്രവർത്തിച്ചതാകുവാനേ തരമുള്ളൂ. മിശിഹായുടെ അത്ഭുതങ്ങൾപോലെ പരസ്യങ്ങളും,

ശത്രുക്കളുടെ വിമർശനമദ്ധ്യേ സംഭവിച്ചവയും ആയിരുന്നു ശ്ലീഹന്മാരുടെ അത്ഭുതങ്ങൾ. അവയുടെ യാഥാർത്ഥ്യത്തെപ്പറ്റി അശേഷം സംശയത്തിന വഴിയില്ല. എന്തുകൊണ്ടെന്നാൽ പിശാചിന്റെ ഭരണത്തെ പാടേ വിപാടനം ചെയ്യുന്നതും നിർമ്മലോപദേശങ്ങളുടെ ഉടക്കിയതും ആയ ക്രീസ്തുമതം ദൈവ സ്ഥാപിതമാണെന്ന് തെളിയിക്കുവാൻ മാനുഷിക ശക്തികളെ എല്ലാം അതിശയിക്കുന്ന സംഭവങ്ങളാണ് ശ്ലീഹന്മാർ മിശിഹായുടെ നാമത്തിൽ സാധിച്ചിട്ടുള്ളതു്. മരിച്ചവരെ പുനർജ്ജീവിപ്പിക്കുക, ജനനാൽതന്നെ മുടന്തരായിരുന്നവരെ സൌഖ്യമാക്കുക ആദിയായ സാക്ഷാൽ അത്ഭുതപ്രവൃത്തികളും തന്നെയാണു് ശ്ലീഹന്മാരും സാധിച്ചിട്ടുള്ളതു്. ഇങ്ങനെ ശ്ലീഹന്മാരുടെ അത്ഭുതങ്ങളും ക്രീസ്തുമതയാഥാർത്ഥ്യത്തെ സംസ്ഥാപിക്കുന്നു.

III

മിശിഹായുടെ പ്രവചനങ്ങളിൽ നിന്നും ക്രീസ്തുമതം ദൈവസ്ഥാപിതമായ ഒന്നാണെന്നു തെളിയിക്കാവുന്നതാണു്.

മേല്പട്ടക്കാർ, ജനപ്രധാനന്മാർ ആദിയായവരുടെ കൈകളിൽ താൻ ഏല്പിക്കപ്പെടുമെന്നും, അവർ തന്നെ മരണത്തിനു വിധിച്ചു് പുറജാതികളെ ഏല്പിക്കുമെന്നും, പരിഹസിക്കുമെന്നും, മുഖത്തു തുപ്പുമെന്നും, അടിക്കുമെന്നും, കൊല്ലുമെന്നും മിശിഹാ തന്റെ ശിഷ്യന്മാരോടു വ്യക്തമായി പ്രവചിക്കയുണ്ടായി.

മത്തായി. XVI. 20. മർക്കോസ്. VIII. 30; X. 33. ലൂക്കാ. IX. 21. &c.

ഈ പ്രവചനങ്ങൾ അക്ഷരാപ്രതി പൂർത്തിയായെന്നും നാം കാണുന്നു.

മത്തായി. XXVI. 57.; XXVII. 2. 26. 30. മർക്കോസ്. XIV. 64 &c.

തന്റെ ശിഷ്യന്മാരെല്ലാവരും തന്നെ വിട്ടോടുമെന്നും (മത്തായി. XXVI 31.) പത്രോസു് മൂന്നു പ്രാവശ്യം തന്നെ അപലപിക്കുമെന്നും (മത്തായി. XXVI. 34.) യൂദാ തന്നെ ഒറിക്കൊടുക്കുമെന്നും (മത്തായി. XXVI. 21.)ശ്ലീഹന്മാർ ഉഗ്ര പീഡകളും സഹിക്കേണ്ടിവരുമെന്നും (മത്തായി. X. 17.) പത്രോസു് ബലമായി വധിക്കപ്പെടുമെന്നും(യോഹന്നാൻ XXI 18.) മറ്റും തന്റെ ശിഷ്യന്മാരെസംബന്ധിച്ചു മിശിഹാ നടത്തിയ പ്രവചനങ്ങളും പരിപൂർണ്ണമായിസംഭവിച്ചു.

മത്തായി, XXVI. 56. 47. മർക്കോസു് XIV. 71. ശ്ലീ. നടപടികളം. IV. 1.-8; V. 40. St. Clement. 1 ch. 5. Eusebius. Ch. Hist. II. 25. &c....കാണുക.

ഓർശ്ശേം പട്ടണത്തിന്റെ വിനാശത്തെയും, അതിനു മുമ്പുണ്ടാകുവാനിരുന്ന കഠിനക്ഷാമത്തെയും, അന്നുനടക്കുവാനിരുന്ന സംഭവങ്ങളെയും പറഞ്ഞിട്ടുള്ളതായ പ്രവചനങ്ങളും മിശിഹാചെയ്തതായി സുവിശേഷഗ്രന്ഥങ്ങളിൽ നാം വായിക്കുന്നു:

മത്തായി XXIV. 7. Sq. മർക്കോസു് XIII. 14. ലൂക്കാ XIX. 43 ; XXI. 20.

സെയ്ത്തോനിയൂസു് (Seutonius, Claudius 18) , റോസിറസ്സു് (Tacitus, Annalss XIV-13 27 ; XV. 22) , സേനക്കാ (Seneca, Ep. 91.) , ഫ്ളാവിയൂസു് ജോസേഫൂസു് (Flavius Josephus, Antiq. XX. 5, 1—2 ; Bellum Judaicum II, 13. 5 ; IV. V.) തുടങ്ങിയായ ചരിത്രകാരന്മാരുടെ കൃതികളം പ്രസ്തുത പ്രവചനങ്ങളുടെ പൂർത്തീകരണത്തിനു് സാക്ഷ്യം വഹിക്കുകയത്രെ ചെയ്യുന്നതു്.

ഇപ്പോൾ പ്രസ്താവിച്ചവയെല്ലാം സൂക്ഷ്മാൽ പ്രവചനങ്ങളും, സൃഷ്ടശക്തിയാൽ മുമ്പുകൂട്ടികണ്ടഗ്രഹിക്കുവാൻ അസാദ്ധ്യങ്ങളും ആണെന്നു് അവയുടെ സ്വഭാവം തന്നെ

വിശദീകരിക്കേണ്ടതുണ്ട്-എന്തുകൊണ്ടെന്നാൽ പ്രവചനങ്ങളും ഖണ്ഡിതങ്ങളും അനേകരുടെ സ്വതന്ത്രമനസ്സിനെ ആശ്രയിച്ചു നിന്നിരുന്നവയും ആയിരുന്നു. അനേകരുടെ സ്വതന്ത്രമനസ്സിനെ ആശ്രയിച്ചു ഭാവിയിൽ സംഭവിക്കേണ്ടതിരിക്കുന്നവയെപ്പറ്റിയുള്ള ഖണ്ഡിതമായ ജ്ഞാനം സ്വതന്ത്രമനസ്സിൽ പൂർണ്ണകർത്തവ്യമുള്ളവർക്കു മാത്രമേ ഉണ്ടാകുവാൻ പാടുള്ളൂ. ഇപ്രകാരമുള്ള കർത്തവ്യം ദൈവത്തിനുമാത്രം സ്വന്തമാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടില്ലല്ലോ-സംഭവങ്ങൾ നടക്കുന്നതിനു മുമ്പായിതന്നെയാണു മിശിഹാ ഇവയെ പ്രവചിച്ചതെന്നു വിശ്വസിക്കുവാൻ സുവിശേഷഗ്രന്ഥങ്ങളുടെ വിശ്വസനീയത നമ്മെ നിർബന്ധിക്കുന്നു. സംഭവങ്ങൾ നടന്നശേഷം പ്രവചനങ്ങളെന്ന ഭാവത്തിൽ സുവിശേഷകന്മാർ ഇവ രേഖപ്പെടുത്തിയിരുന്നെങ്കിൽ യഹൂദന്മാർ അതു കണ്ടുപിടിച്ചു പരസ്യപ്പെടുത്തുകയില്ലായിരുന്നോ?

പ്രസ്തുത പ്രവചനങ്ങളും മിശിഹാ പ്രസംഗിച്ചുമതത്തോടു വളരെ അനുബന്ധപ്പെട്ടവയായിരുന്നു. ഇവയിൽ ചിലതു ക്രിസ്തുമതതത്വങ്ങളെ വിവരിക്കുന്നവയും, തന്നിൽ ശിഷ്യന്മാർക്കു വിശ്വാസം ജനിക്കുവാൻ മിശിഹാ അരുൾചെയ്തവയുമാകുന്നു.

"സംഭവം നടക്കുന്നതിനു മുമ്പായി ഇപ്പോൾ ഞാൻ നിങ്ങളോടു പറയുന്നു. അതു്, സംഭവം നടന്നുകഴിയുമ്പോൾ, ഞാൻതന്നെയാണു് അവൻ എന്നു നിങ്ങളറിയുവാൻതന്നെ." യോഹന്നാൻ. XIII. 19.

"സംഭവം നടന്നുകഴിയുമ്പോൾ നിങ്ങൾ വിശ്വസിക്കുവാൻ, സംഭവം നടക്കുന്നതിനു മുമ്പായി ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു." യോഹ. XIV. 29

ഇപ്രകാരമുള്ള സുവിശേഷവാക്യങ്ങളിൽനിന്ന് പ്രവചനങ്ങളാൽ മിശിഹാ ഉദ്ദേശിച്ചതെന്താണെന്നു വ്യക്തമാകുന്നുണ്ട്. മിശിഹായുടെ ഉപദേശങ്ങളും ദൈവഹിതത്തിനു വിരുദ്ധമായിരുന്നെങ്കിൽ ദൈവം പ്രവചനങ്ങളും മുഖേന അവയുടെ സത്യതയ്ക്കു സാക്ഷ്യം നൽകുകയില്ലായിരുന്നു പ്രവചനശക്തി ദൈവത്തിനു സ്വന്തമാകയാൽ, മിശിഹാ പറഞ്ഞതുവിനെ പ്രവചനദ്വാരാ ദൈവം സ്ഥിരീകരിച്ചു എന്നു സമർത്ഥിക്കുവാൻ മുതിരാത്തവർ, മിശിഹായുടെ ഉപദേശം അഥവാ ക്രീസ്തുമതം ദൈവികമാണെന്നു സമ്മതിക്കണം.

IV

മിശിഹായെ ഉദ്ദേശിച്ചുള്ള പ്രവചനങ്ങളെപ്പറ്റിയും സ്വല്പം പ്രസ്താവിക്കേണ്ടതായുണ്ട്.

യഹൂദമതത്തിന്റെ തുടർച്ചയും പൂർണ്ണതയും അയിട്ടാണല്ലൊ ക്രീസ്തുമതം കരുതപ്പെടുന്നതു്. യഹൂദമതത്തിനു നിദാനമായി നില്ക്കുന്നതു് "പഴയനിയമം" എന്നറിയപ്പെടുന്ന ഗ്രന്ഥസമുച്ചയമാകുന്നു. ഈ ഗ്രന്ഥങ്ങളുടെ വിശ്വസനീയതയെപ്പറ്റി നാം യാതൊന്നും പ്രതിപാദിക്കുകയുണ്ടായിട്ടില്ല. എന്നാൽ മിശിഹാക്കാലത്തിനു അനേകം സംവത്സരങ്ങൾ മുമ്പുതന്നെ ഈ ഗ്രന്ഥങ്ങൾ യഹൂദന്മാരുടെ കൈവശമുണ്ടായിരുന്നെന്നും, അവർ ഇവയെ ദൈവനിവേശിതങ്ങളായി പരിഗണിച്ചിരുന്നെന്നും എല്ലാവരും സമ്മതിക്കുന്നു. മിശിഹാക്കാലത്തിനു വളരെ മുമ്പു് ഈ പുസ്തകങ്ങൾ യഹൂദന്മാരുടെ കൈവശമുണ്ടായിരുന്നു എന്ന അനിഷേധ്യചരിത്രസംഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണു് ഇനിയുള്ള പ്രസ്താവനകൾ.

ഈ പുസ്തകങ്ങളിലെ പ്രതിപാദ്യവിഷയങ്ങളിൽ നാട്ട

നായകത്വം വഹിക്കുന്നതു്, മനുഷ്യകുലത്തെ ഉദ്ധരിക്കുവാൻ വരുവാനിരിക്കുന്ന ഒരു മഹാ പുരുഷനാകുന്നു. "മിശിഹാ" എന്നതന്നെയാണു് അദ്ദേഹത്തെ യഹൂദന്മാർ സംജ്ഞാകരണം ചെയ്തിരുന്നതു്. (അഭിഷിക്തൻ എന്നതത്രെ മിശിഹാ ശബ്ദത്തിന്റെ അർത്ഥം. ക്രീസ്തു, ക്രീസ്തൂസു്, ക്രീസ്തോസു് എന്നവയും ഈ അർത്ഥം തന്നെയുള്ള പദങ്ങളാകുന്നു.) വരുവാനിരിക്കുന്ന പ്രസ്തുതലോകോദ്ധാരകനെപ്പറ്റി ഖണ്ഡിതങ്ങളായ നിരവധി പ്രവചനങ്ങളും പഴയനിയമഗ്രന്ഥസഞ്ചയത്തിൽകാണപ്പെടുന്നുണ്ടു്.

അദ്ദേഹം ദാവീദിന്റെ വംശത്തിൽ നിന്നു ജനിക്കുമെന്നു പലപ്രാവശ്യം പഴയനിയമത്തിൽ നാം വായിക്കുന്നു. ആമോസു്. IX. II. ഏശായാ. XI. 1. ഹോശാ. III. 5 XXXIII. 14—18. ഹസ്കിയേൽ. XXXIV. 23. മീകാ. V. 2. &c.

ദൈവപുത്രനെന്നും, ശക്തനായ ദൈവമെന്നും അദ്ദേഹം വിളിക്കപ്പെട്ടും (സങ്കീർത്തനം. II. 7. ഏശായാ. IX. 5.)ബുദ്ധി, വിവേകം, ജ്ഞാനം, ധൈര്യം തുടങ്ങിയായ സുകൃതങ്ങളാൽനിറഞ്ഞവനായിരിക്കും അദ്ദേഹം. (ഏശായാ. IX. 2.) അദ്ദേഹത്തിന്റെ ജനനസ്ഥലം ബേത്ലേഹം. (മീകാ. 5. 2.) മാതാവു് ഒരു കന്യക (ഏശായാ VII. 14.) നീതിബോധത്തോടെ അദ്ദേഹം സമൂഹത്തെ വിധിക്കും. (ഏശായാ. XI.3—5.) ആദ്ധ്യാത്മികരാജത്വം അദ്ദേഹത്തിനുണ്ടായിരിക്കുന്നതാണു്. അദ്ദേഹം സമാധാനനേതാവും ആകുന്നു. (ഏശായാ. IX. 6-7. II. 3-4.) ലോകോദ്ധാരകനായ അദ്ദേഹത്തിന്റെ രാജ്യം ആദ്ധ്യാത്മികമായിരുന്നാലും (ഏരമ്യാ. XXX1—33) അദ്ദേഹത്തിനു ശത്രുക്കളും ധാരാളമുണ്ടായിരിക്കും. (ഏശായാ. XXIV—XXVIII.) ഉഗ്രപീഡകളും സഹിച്ചുകൊണ്ടാണു്

അദ്ദേഹം സ്വജനത്തിനുവിജയം സമ്പാദിക്കുന്നതു്. പീഡാനുഭവം നിമിത്തം അദ്ദേഹം വിശുപനായിത്തീരും. (ഏശായാ. XLII. XLIX. L. LII.) വിനീതനായി ഒരു കഴുതപ്പുറത്തു സവാരിചെയ്തു് മിശിഹാ ഓർശ്ലേം പട്ടണത്തിൽ പ്രവേശിക്കും (സ്സക്കറിയാ. IX–9) മിശിഹായുടെ ആഗമനസമയം സംബന്ധിച്ചുള്ള സൂചനയും ദാനിയേലിന്റെ പുസ്തകത്തിൽ കാണപ്പെട്ടുന്നുണ്ടു്. (ദാനിയേൽ. IX.)

ഇപ്രകാരം നിരവധി പ്രവചനങ്ങളടങ്ങിയിട്ടുള്ള ഒരു ഗ്രന്ഥസഞ്ചയമാണു് പഴയനിയമം. ഈപ്രവചനങ്ങളെല്ലാം നസ്രായനായ ഈശോമിശിഹായിൽ പൂർത്തിയായിട്ടുണ്ടെന്നു സുവിശേഷഗ്രന്ഥങ്ങൾ വിളിച്ചറിയിക്കുന്നു. ഈ പ്രവചനങ്ങളെല്ലാം ഈശോമിശിഹായുടെ ജീവിതത്തോടു പൂർണ്ണമായി യോജിക്കുന്നുണ്ടെന്നു സുവിശേഷഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവരെ പറഞ്ഞറിയിയ്ക്കേണ്ടതായാവശ്യമില്ല പഴയനിയമഗ്രന്ഥങ്ങളിലെ പ്രവചനങ്ങൾ പുതിയനിയമഗ്രന്ഥങ്ങളിലെ മിശിഹായോടു ഇത്ര പൂർണ്ണമായി യോജിച്ചതെങ്ങനെ? അനേകരുടെ സ്വതന്ത്രമനസ്സിനെ ആശ്രയിച്ചുണ്ടാകുന്ന സംഭവങ്ങളെ അനേകം സംവത്സരങ്ങൾക്കുമുമ്പു് പ്രവചിക്കുകയെന്നതും, പ്രവചിക്കപ്പെട്ട വിധത്തിൽ യഥാസമയത്തു് അവ ഒരാളിൽ പൂർത്തിയാകുക എന്നതും ദൈവശക്തിയാൽ മാത്രമെ സംഭവിക്കുവാൻ പാടുള്ളൂ.

പഴയനിയമഗ്രന്ഥങ്ങളിൽ വരുവാനിരിക്കുന്ന ലോകോദ്ധാരകനെപ്പറ്റി പ്രവചനങ്ങളുണ്ടെന്നായിരുന്ന യഹൂദന്മാരുടെ ദുർവിശ്വാസം-തന്നെയാണു് പ്രസ്തുതവിഷയലോകോദ്ധാരകനെന്നു് ഈശോമിശിഹാ യഹൂദന്മാരോടു പ്രഖ്യാപനം ചെയ്കയും, ആ പ്രഖ്യാപനത്തിന്റെ സ്ഥിരീകരണത്തിനായി അത്ഭുതങ്ങളും പ്രവർത്തിക്കുകയും ചെയ്തതാ

യി സുവിശേഷഗ്രന്ഥങ്ങളിൽ നാം വായിക്കുന്ന-ദൈവശക്തക്കുടാതെ അത്ഭുതങ്ങൾ സംഭവിക്കാവുന്നതല്ലല്ലൊ-ഈശോമിശിഹാ പ്രവർത്തിച്ച അത്ഭുതങ്ങൾ യഥാർത്ഥങ്ങളാണെന്നും നാം കണ്ടുകഴിഞ്ഞു. അതുകയാൽ, പഴയനിയമഗ്രന്ഥങ്ങളിൽ സാക്ഷാൽ പ്രവചനങ്ങളുണ്ടെന്നും, അവ ദൈവികങ്ങളാണെന്നും, ഈശോമിശിഹായെപ്പറ്റിയാണെന്നും, ഈശോമിശിഹായിൽ അവ പൂർത്തിയായെന്നും ഉള്ള സത്യങ്ങൾക്കു ദൈവംതന്നെ സാക്ഷി.

ഈശോമിശിഹാ ദൈവികാധികാരമുള്ള ഒരാളായിരുന്നു എന്നല്ലയോ ഇതിൽ നിന്നെല്ലാമുള്ള അനുമാനം? ദൈവികാധികാരമുള്ള ഒരാൾ ഔദ്യോഗികമായി പ്രസംഗിച്ചമതം—ക്രിസ്തുമതം—ദൈവികം തന്നെയായിരിക്കണമല്ലൊ.

V

മിശിഹാ മരിച്ചുശേഷം പുനർജ്ജീവിച്ചു. ഇതു ക്രിസ്തുമതത്തിന്റെ ദൈവികത്വത്തെ തെളിയിക്കയും ചെയ്യുന്നു.

മിശിഹാ സത്യമായി മരിച്ചെന്നും സത്യമായി പുനരുത്ഥാനം ചെയ്തെന്നും സുവിശേഷഗ്രന്ഥങ്ങളിൽ വ്യക്തമായി രേഖപ്പെട്ടു കിടപ്പുണ്ട്. സുവിശേഷഗ്രന്ഥങ്ങളുടെ വിശ്വസനീയതയെപ്പറ്റി സംശയിക്കാവുന്നതല്ലെന്നു മുമ്പു തെളിയിച്ചുതുമാണു്. തന്റെ മരണത്തേയും പുനരുത്ഥാനത്തേയുംപറ്റി മിശിഹാ അസന്നിഗ്ദ്ധമായി പ്രവചിച്ചിട്ടുണ്ടായിരുന്നു. (മത്തായി. XX—19) ഈ പ്രവചനം നടന്നതായി മിശിഹായുടെ ശത്രുക്കളായ യഹൂദന്മാർ അറിഞ്ഞിട്ടുണ്ടായിരുന്നു. (മത്തായി. XXVII-63) മിശിഹായുടെ അത്ഭുതങ്ങളിൽ വിശ്വസിക്കുവാൻ അത്യധികമായ വൈമനസ്യം പ്രദർശിപ്പിച്ചിരുന്നവരാണു യഹൂദന്മാർ. അവയെ നിഷേധിക്കുവാൻ പാടുള്ള ശ്രമങ്ങളെല്ലാം അവർ ചെയ്തി

ങ്ങനെ എന്ന സുവിശേഷഗ്രന്ഥങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നു. മിശിഹായുടെ മരണം യഥാർത്ഥമായി സംഭവിച്ചെന്ന് എല്ലാവരും പ്രത്യേകം രേഖാമൂലം നിശ്ചയമായറിഞ്ഞു. അദ്ദേഹത്തിന്റെ പുനരുത്ഥാനം എല്ലായിടത്തും, പ്രത്യേകം ഓർശ്ലേം പട്ടണത്തിലും പരസ്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ പുനരുത്ഥാനശേഷവും അതിൽ വിശ്വസിക്കാതിരുന്നതിനാൽ അവർ നിമ്മിച്ച ഒന്നല്ലപുനരുത്ഥാനം എന്നു സിദ്ധിക്കുന്നു. ഉത്ഥാനാനന്തരം മിശിഹാ അനേകർക്ക് പ്രത്യക്ഷനായെന്ന പുതിയനിയമഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു. മിശിഹാ, ബോധക്ഷയത്തിനല്ല, പ്രത്യുത, മരണത്തിനധീനനായതെന്ന് അദ്ദേഹത്തിന്റെ പീഡാനുഭവസാഹചര്യങ്ങളിൽ നിന്നു നമുക്കു മനസ്സിലാക്കാം. മിശിഹായുടെ കബറിങ്കൽ കാവൽ കിടന്ന പടയാളികൾക്കു മിശിഹായുടെ ശത്രുക്കൾ പണംകൊടുത്തുകൊണ്ട് അദ്ദേഹത്തിന്റെ ശിഷ്യന്മാർ മൃതശരീരം മോഷ്ടിച്ചുകൊണ്ടുപോയെന്നു പറയുവാൻ അവരെ പ്രേരിപ്പിച്ചു. മിശിഹായുടെ പുനരുത്ഥാനത്തെ പരസ്യമായി ശ്ലീഹന്മാർ പ്രസംഗിക്കുകയും, യഹൂദന്മാരുടെ പ്രസ്താവനയെ അവരുടെ ലജ്ജയ്ക്കായി മത്തായി രേഖപ്പെടുത്തുകയും ചെയ്തു. മിശിഹാ മരിച്ചില്ല എന്നുണ്ടെങ്കിൽ യഹൂദന്മാർക്ക് അതു തെളിയിക്കാമായിരുന്നല്ലൊ. മൃതശരീരം ശിഷ്യന്മാർ മോഷ്ടിച്ചെന്നല്ലാതെ, അതു മൃതശരീരമല്ലായിരുന്നെന്നു പറയുവാൻ അവർക്ക് സാധിക്കാഞ്ഞതെന്തുകൊണ്ട്?- ശിഷ്യന്മാർ മൃതശരീരം മോഷ്ടിച്ചെങ്കിൽ, മോഷണം തെളിയിക്കുവാൻ പ്രബലന്മാരായ യഹൂദന്മാർ എന്തുകൊണ്ടു ശ്രമിച്ചില്ല? യഹൂദന്മാർ കൈക്കൂലികൊടുത്തു കള്ളം പറയിച്ചെന്നുള്ള മത്തായിയുടെ പ്രസ്താവനയെ എന്തു

കൊണ്ടു അവർ ഖണ്ഡിച്ചില്ല? അങ്ങനെ പറയുവാൻ മ
ത്തായിക്കു ധൈര്യമുണ്ടായതെങ്ങനെ? സുവിശേഷഗ്രന്ഥ
ങ്ങളും വിശ്വസനീയങ്ങളാണെന്നു് തെളിയിച്ചതാകയാൽ
യഹൂദന്മാരുടെ വഞ്ചനപ്രവൃത്തി മിശിഹായുടെ മരണത്തി
നും പുനരുത്ഥാനത്തിനും മതിയായ സാക്ഷ്യമാണു്- മിശി
ഹായുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചുകൊണ്ടു് അനേ
കർ ക്രൈസ്തവമതം സ്വീകരിച്ചു. മിശിഹായുടെ പുനരു
ത്ഥാനം നിഷേധിച്ചു് അതു വാസ്തവികമല്ലെന്നു സ്ഥാപി
ക്കുന്നതിനേക്കാൾ പ്രയോജനകരമായി വേറെ യാതൊന്നും
യഹൂദന്മാക്കില്ലായിരുന്നു മിശിഹാ തന്റെ പുനരുത്ഥാന
ത്തെപ്പറ്റി പ്രവചിച്ചിരുന്നതു് അവക്കറിവുണ്ടായിരുന്നതി
നാൽ അവർ അതിനു പരിശ്രമിക്കയും ചെയ്തു. എന്നാൽ
ആ പരിശ്രമം സഫലമാകാതെ പോകയാൽ പുനരുത്ഥാ
നത്തിൽ വിശ്വസിച്ചവരുടെ സംഖ്യ ആയിരക്കണക്കിനു വ
ർദ്ധിച്ചതേയുള്ളു. പുനരുത്ഥാനംസംബന്ധിച്ചു് വഞ്ചനയോ
അജ്ഞതയോ ഇല്ലെന്നു് യഹൂദന്മാരുടെ പരിശ്രമങ്ങൾ
വിശദീകരിക്കയും ചെയ്യുന്നു.

ഈ സാഹചര്യങ്ങളെപ്പറ്റി ശരിയായി വിചിന്തനം
ചെയ്യുന്നപക്ഷം മിശിഹാ സത്യമായി മരിച്ചെന്നും സത്യമാ
യി പുനർജ്ജീവിച്ചെന്നും സമ്മതിക്കേണ്ടതായി വരും. മരി
ച്ച ഒരാൾ പുനർജ്ജീവിക്കണമെങ്കിൽ ദൈവത്തിന്റെ പ്ര
ത്യേക പ്രവൃത്തി ആവശ്യമായിരിക്കുന്നു അതുകയാൽ മിശി
ഹായുടെ പുനരുത്ഥാനത്തിൽ ദൈവശക്തി പ്രത്യ
ക്ഷപ്പെട്ടുന്നുവെന്നും സമ്മതിക്കണം. തന്റെ പുനരുത്ഥാന
ത്തെപ്പറ്റി മിശിഹാ പ്രവചിച്ചിരുന്നതിനാൽ അതു് പ്രവ
ചനപൂർത്തീകരണമായ ഒരു മഹാ അത്ഭുതമാകുന്നു. തന്റെ
ദൈവികാധികാരത്തിനുസാക്ഷ്യമായിട്ടത്രെ മിശിഹാതന്റെ

പുനരുത്ഥാനത്തെപ്പറ്റിയുള്ള പ്രവചനം നടത്തിയതു്. (മത്തായി XII-39-40.) ഈ സ്ഥിതിക്കു് ക്രിസ്തുമതം ദൈവസ്ഥാപിതമാകുന്നു എന്നതിനു് എന്താണു് ഇനി സംശയിക്കുവാനുള്ളതു്?.

മുമ്പു മരിച്ചിരുന്ന അനേകം വിശ്വാസികൾ മിശിഹായുടെ മരണത്തിൽ പുനരുത്ഥാനം ചെയ്കയും ഓർശ്ലേംപട്ടണത്തിൽ പലർക്കും പ്രത്യക്ഷപ്പെടുകയും ചെയ്തു. (മത്തായി—XXVII—52—53) മരിച്ചവർ പുനർജ്ജീവിക്കുക എന്നതു് അനിഷേധ്യമായ ഒരത്ഭുതമാണു്. ഇപ്രകാരമുള്ള അത്ഭുതങ്ങളും മിശിഹായുടെ മരണത്തിൽ സംഭവിച്ചതിൽനിന്നു് മിശിഹാ ദൈവികാംഗീകരണം സിദ്ധിച്ചിരുന്ന ഒരാളായിരുന്നു എന്നു നമുക്കനുമാനിക്കാവുന്നതാണു്. മിശിഹാ സ്ഥാപിച്ച മതത്തോടു് ഈ സംഭവങ്ങളെല്ലാം സംഘടിപ്പിക്കുമ്പോൾ ആമതം ദൈവികമാണെന്നു സമ്മതിക്കാതിരിപ്പാൻ തരമില്ലെന്നു വരുന്നു.

VI

ക്രിസ്തുമതത്തിന്റെ പ്രചാരംതന്നെ അതിന്റെ ദൈവികത്വത്തെ വിളിച്ചറിയിക്കുന്നുണ്ടു്. ദൈവസ്ഥാപിതമായ മതത്തിന്റെ ലക്ഷണങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ, ഒരു കല്പിതമതത്തെ മുൻനിറുത്തിക്കൊണ്ടു് അതിന്റെ പ്രചാരസാഹചര്യങ്ങളെപ്പറ്റി അവിടെ പ്രസ്താവിച്ചിട്ടുണ്ടു്. [അദ്ധ്യായം 2. III. C.] ക്രിസ്തുമതം അപ്രകാരമുള്ള ഒരു യഥാർത്ഥമതമാണെന്നു് എല്ലാവർക്കും അറിയാമല്ലൊ. അതുകയാൽ അതു ദൈവികമാണെന്ന പ്രസ്താവനാഭാഗത്തു കൊടുത്തിരിക്കുന്ന തെളിവുകൾ വിശദീകരിക്കുന്നു. ക്രിസ്തുമതതത്വങ്ങളുടെ സ്വഭാവവും, അതു പ്രചരിപ്പിച്ചവരുടെ സ്ഥിതിയും, അതിന്റെ ശത്രുക്കളുടെ പ്രാബല്യവും അതിന്റെ

വിസ്മയനീയവും ചരിത്രപ്രസിദ്ധവുമായ പ്രചാരവും ദൈവ
ശക്തി അതിനേ താങ്ങിയിരുന്നു എന്നു സ്പഷ്ടമാക്കുന്നു. മനു
ഷ്യബുദ്ധിക്കു പൂർണ്ണമായി ഗ്രഹിക്കുവാൻ ശക്തിയില്ലാത്ത
അതിഗഹനങ്ങളായ തത്വങ്ങളെ വിശ്വസിക്കുവാൻ ക്രിസ്ത്യാ
നികളെ നിർബന്ധിതരാണു്. മനുഷ്യന്റെ ദുഷിച്ച വാസന
കളെ നിർദ്ദയം എതിരിട്ടിരുന്ന കർശനങ്ങളായ നിയമങ്ങളെ അനു
സരണമായിട്ടുള്ള ക്രിസ്ത്യാനികളെ ആന്തരികവും ബാഹ്യ
വുമായ അവരുടെ പ്രവൃത്തികളെ നിയന്ത്രിക്കേണ്ടതുണ്ടു്. ആ
ശ്ലേഷിക്കുവാൻ ഇത്ര വിഷമതയുള്ള ഈ മതം പ്രചരിപ്പി
ച്ചിരുന്നവർ ലോകത്താൽ നിന്ദ്യരായിക്കരുതപ്പെട്ടിരുന്ന മുക്ക
വന്മാരായിരുന്നു. ഇതിന്റെ ശത്രുക്കളോ അതിപ്രബല
ന്മാരായിരുന്ന രാജാക്കന്മാരും ചക്രവർത്തികളുംതന്നെ ആ
രുന്നു. അസഹനീയ പീഡകളും ക്രൂരമരണവുമായി
രുന്നു ക്രിസ്തുമതാനുയായികൾക്കുള്ള സംഭാവന.
ശാന്തമായ രീതിയിലുള്ള പ്രസംഗവും ഉപദേശവും മാതൃകാ
ജീവിതവും മാത്രമായിരുന്നു ക്രിസ്തുമതപ്രചാരണത്തിനുള്ള മാ
ർഗ്ഗം. ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ ക്രിസ്തുമതത്തി
നു ലഭിച്ച പ്രചുരമായപ്രചാരം എല്ലാവരുടേയും വിസ്മയ
വിഷയമായിത്തീർന്നിരിക്കുന്നു. ക്രിസ്തുമതത്തിന്റെ വിസ്മയാ
വഹമായ പ്രചാരത്തെപ്പറ്റി റൈർട്ടുല്യൻ (Tertullian)
രണ്ടാംശതാബ്ദത്തിൽ അക്കൈസ്തവരോടു് ഇങ്ങനെ പറയു
കയുണ്ടായി:-"ഞങ്ങൾ ഇന്നലെയല്ലയോ ഉണ്ടായതു്? എങ്കി
ലും നിങ്ങളുടെ പട്ടണങ്ങളേയും, ദ്വീപുകളേയും, പാളയങ്ങളേ
യും, ആലോചനാശാലയേയും, സഭാരംഗത്തേയും ഞങ്ങൾ
കൈവശമാക്കിയിരിക്കുന്നു. അമ്പലങ്ങൾമാത്രം ഞങ്ങൾ
നിങ്ങൾക്കായി വിട്ടുതന്നിരിക്കുന്നു." Apol cap. 38. ക്രിസ്ത
ബ്ദം നൂറാമാണ്ടിൽ, അക്കൈസ്തവചരിത്രകാരനായ സേന

ക്കാ (Seneca) ഇതു സംബന്ധമായി പ്രസ്താവിച്ചതു കേട്ടാലും "എല്ലാദിക്കിലും വ്യാപിക്കുവാൻ തക്കവണ്ണം ആ ദുഷ്ടജാതിയുടെ നിയമങ്ങൾ പ്രബലപ്പെട്ടിരിക്കുന്നു. തോല്പിക്കപ്പെട്ടവർ വിജയികൾക്കു പ്രമാണം വച്ചിരിക്കുന്നു." (Apud s. Aug. de Civit. Dei. lib. 6. C 11.) ഫ്രഫ-ാമാണ്ടിൽ ചരിത്രമെഴുതിയ പ്ലീനി (Plinius Junior) യുടെ വാക്യങ്ങളും ശ്രദ്ധേയങ്ങളത്രെ. "ഏല്ലാപ്രായക്കാരും, ഏല്ലാസ്ഥിതിയിലുള്ളവരുംതന്നെ അനേകർ ക്രിസ്ത്യാനികളായിത്തീരുന്നു. ആരാധനാലയം നഗരങ്ങളിൽ മാത്രമല്ല, ഗ്രാമങ്ങളിലുംകൂടി പരന്നിട്ടുണ്ടു്. ദേവന്മാരുടെ അമ്പലങ്ങൾ ഉപേക്ഷിക്കപ്പെട്ടുപോയി. ബലിമൃഗങ്ങളുടെ വില്പനയും ഇല്ലെന്നായി (Epist. ad Trajan)

ക്രിസ്തുമതത്തിന്റെ വിസ്മയാവഹമായ പ്രചാരത്തെപ്പറ്റി പ്രസ്താവിക്കുന്ന വേറെയും അനവധി രേഖകൾ ഫാജരാക്കാവുന്നതാണു്. ക്രിസ്തുമതതത്വങ്ങളുടെ പ്രകൃതിയും, അവയുടെ പ്രചരണത്തിൽ നേരിട്ടിരുന്ന നിരവധി പ്രതിബന്ധങ്ങളും നമ്മുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കുന്നപക്ഷം, യഥാർത്ഥത്തിൽ ദൈവസഹായം ക്രിസ്തുമതപ്രചാരത്തിലുണ്ടായിട്ടുണ്ടെന്നു സമ്മതിക്കുവാൻ നാം നിർബന്ധിതരായിത്തീരും.

ക്രിസ്തുമതപ്രചാരത്തിനു കാരണങ്ങളായെന്നു ശത്രുപക്ഷക്കാർ വിചാരിക്കുന്ന ചിലപ്രധാന സംഗതികൾ ("The five causes of Gibbon &c") ക്രിസ്തുമതപ്രചാരത്തെ ഒരുവിധത്തിൽ സഹായിക്കുക മാത്രമേ ചെയ്തിട്ടുള്ളു. ക്രിസ്തുമതപ്രചാരത്തിനെന്നപോലെ ക്രിസ്തുമതപീഡനത്തിനും അവ ഉപകാരണങ്ങളായിത്തീരുകനിമിത്തം ശത്രുപക്ഷക്കാരുടെവാദം പ്രഥമദൃഷ്ടിയിൽത്തന്നെ ദുർബലമായി പ്രത്യക്ഷപ്പെട്ട

ന്നു. ക്രിസ്തുമതാരംഭത്തിൽ ലോകമാസകലം സമാധാനം വ്യാപിച്ചിരുന്നതും റോമാചക്രവർത്തികളുടെ ഭരണത്തിൽ ഗതാഗതസൌകര്യങ്ങളും ധാരാളമായുണ്ടായിരുന്നതും പ്രസ്തുതകാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയായി കരുതിപ്പോരുന്നു. എന്നാൽ, സാർവത്രിക സമാധാനവും ഗതാഗതസൌകര്യവും ക്രിസ്തുമതപീഡനത്തിനുള്ള ശക്തിയേറിയ ഉപകരണങ്ങളായി പരിണമിച്ചതേയുള്ളൂ.

യഹൂദന്മാർഎല്ലാസ്ഥലത്തും ചിതറിക്കിടന്നിരുന്നതാണുക്രിസ്തുമതപ്രചാരത്തിനു വേറൊരുകാരണമെന്നു ശത്രുപക്ഷക്കാർ വാദിക്കാറുണ്ടു്. പക്ഷേ,യഹൂദന്മാരിൽനിന്നായിരുന്നുക്രിസ്തുമതം ഒന്നാമതായി പീഡനമനുഭവിച്ചിരുന്നതെന്നുള്ളസത്യം ശത്രുപക്ഷക്കാർ വിസ്മരിച്ചുകളയുന്നു.

ക്രിസ്തുമതപ്രചാരത്തിനു കാരണമായിക്കരുതപ്പെട്ടുന്ന വേറൊന്നു, ഗ്രീക്കുതത്വശാസ്ത്രസിദ്ധാന്തങ്ങളോടു ക്രിസ്തുമതം ഒരനുകൂല്യമുള്ളതായിരുന്നു എന്നതാണു്. എന്നാൽ തത്വജ്ഞന്മാരുടെ യാതൊരു പ്രേരണയും കൂടാതെ അനേകായിരങ്ങൾക്രിസ്തുമതം സ്വീകരിച്ചിരുന്നില്ലയോ? ഈ സ്ഥിതിക്കു് ഗ്രീക്കുതത്വശാസ്ത്രദർശനം നിമിത്തം ക്രിസ്തുമതപ്രചാരം സാദ്ധ്യമായെന്നു് എങ്ങനെ സമർത്ഥിക്കാം? ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ ക്രിസ്തുമതതത്വങ്ങളെ ആദരിക്കുവാൻ ഗ്രീക്കുതത്വശാസ്ത്രസിദ്ധാന്തങ്ങളും സാങ്കേതികശബ്ദങ്ങളും പയ്യാപ്പുങ്ങളായെന്നല്ലാതെ ക്രിസ്തുമതത്തിന്റെ പ്രചുരപ്രചാരത്തിനു് അവ കാരണമായി ഭവിച്ചിട്ടില്ല.

എല്ലാ മതത്തിലുമുള്ളനന്മ മുഴുവൻ ക്രിസ്തുമതത്തിൽ കാണപ്പെടുകഹേതുവാൽ (Eclecticism) അതുവേഗത്തിൽ പ്രചരിച്ചുഎന്നാണു് ശത്രുപക്ഷക്കാരുടെ വേറൊരു വാദം. ക്രിസ്തുമതത്തിന്റെനന്മ മനുഷ്യരെ ആകർഷിച്ചിട്ടുണ്ടെന്നു സ

മ്മതിക്കണം. എന്നാൽ മനുഷ്യരുടെ സ്വാഭാവികദുരിഷ്ടകരം
ക്ക് വിരുദ്ധമായുള്ള അതിന്റെകക്ശങ്ങളായ നിബന്ധനക
ളുജനസാമാന്യത്തെ ഭയപ്പെടുത്തുകതന്നെചെയ്തിട്ടുണ്ട്. അ
കയാൽ ക്രിസ്തുമതത്തിന്റെ അന്യാദൃശമായനന്മ, ജനസാമാ
ന്യംഅതുസ്വീകരിക്കുവാൻ കാരണമായിഎന്നുപറഞ്ഞുകൂടാ.

ഇപ്രകാരമുള്ള സംഗതികളും ക്രിസ്തുമതപ്രചാരത്തിന്റെ
അപ്രധാന കാരണങ്ങളും അഥവാ, ഉപകരണങ്ങളും മാത്രമാ
ണെന്നു ക്രിസ്തുമതശത്രുവായ ഗിബൺ (Gibbon) കൂടെയും
സമ്മതിക്കുന്നു. ഗിബൺന്റെ ദൃഷ്ടിയിൽ ക്രിസ്തുമതതത്വ
ങ്ങളും പ്രദാനംചെയ്യുന്ന അനിഷേധ്യങ്ങളായ തെളിവുകളും
ക്രിസ്തുമതസ്ഥാപകന്റെ വിസ്മയനീയശക്തിയും ആണു
ക്രിസ്തുമതപ്രചാരത്തിന്റെ യഥാർത്ഥഹേതുക്കൾ. ("....that
it was owing to the convincing evidence of the
doctrine itself and to the ruling power of its
author...."Cf. The Ecclesiastical Review, May. 1924.
P. 484. Sqq.) പ്രസ്തുത സംഗതികളാണു ക്രിസ്തുമതത്തെ
പ്രചരിപ്പിച്ചിട്ടുള്ളതെന്നു ഗിബൺ അഭിപ്രായപ്പെട്ടിരുന്നു
എന്നതൊരു പൊതുവായ ധാരണ. എന്നാൽ ഗിബൺന്റെ
അഭിപ്രായം ഇപ്രകാരമുള്ളതല്ലായിരുന്നു എന്നു് മേലുദ്ധരി
ച്ച അദ്ദേഹത്തിന്റെ വാക്യം വിശദീകരിക്കുന്നുണ്ടല്ലൊ.

VII

രണ്ടാമദ്ധ്യായത്തിൽ (111—d) ഒരു സങ്കല്പിതമത
ത്തിനായി മരിച്ചുകൊണ്ടു് അതിന്റെ സത്യതയെ സ്ഥാപി
ക്കുന്ന "വേദസാക്ഷി"കളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ടല്ലൊ-
വേദസാക്ഷികളുടെ സംഖ്യ, അവരുടെ സ്വഭാവം, അവർ
സഹിക്കുന്ന പീഡകരം ആദിയായവയിൽനിന്നു്, അവർ
ഏതു മതത്തിനുവേണ്ടി മരിക്കുന്നുവോ, ആ മതത്തിന്റെ
ദൈവികതത്വം തെളിയിക്കാമെന്നു് അവിടെ പ്രസ്താവിച്ചി

ട്ടുണ്ടു്. അവിടെ പ്രസ്താവിച്ചവയും അവയിലധികവും ക്രീസ്തുമതംസംബന്ധിച്ചു നടന്നിട്ടുണ്ടെന്നു ചരിത്രപ്രസിദ്ധമാണു്. ക്രിസ്തുമതാനുയായികളും അനുഭവിച്ച ഉഗ്രപീഡകളിൽ ചിലതുകളെ മാത്രമേ അവിടെ എടുത്തു പറഞ്ഞിട്ടുള്ളു. ഇതുകയാൽ ക്രിസ്തുമതം ദൈവികമാണെന്നു് അതിലേ വേദസാക്ഷികളുടെ സംഖ്യ, പീഡനം ആദിയായവ സംസ്ഥാപിക്കുകതന്നെ ചെയ്യുന്നു.

VIII

ദൈവസ്ഥാപിതമായ മതത്തിനു യോജിക്കാത്ത ചില ലക്ഷണങ്ങളേപ്പറ്റി രണ്ടാമദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലൊ (അക്കം IV-V)-അപ്രകാരമുള്ള ലക്ഷണങ്ങളൊന്നും യഥാർത്ഥ ക്രിസ്തുമതത്തിനില്ലെന്നു് അതിന്റെ തത്വങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണു്.

ഈ ക്രിസ്തുമതത്തിലേ പ്രധാന തത്വങ്ങളായ ദൈവത്തിന്റെ ത്രിത്വവും ഈശോമിശിഹായുടെ ദൈവത്വവും സ്വീകരിക്കയോജിക്കാത്തവയാണെന്നു് അക്രൈസ്തവരിൽ ചിലർ വിചാരിക്കുന്നുണ്ടു്.

"ആത്മം" "സ്വഭാവം" (Person and Nature) എന്നിങ്ങനെ രണ്ടു സംഗതികളും ദൈവത്തെപ്പറ്റി നാം ധരിക്കണം. നമ്മെസംബന്ധിച്ചും അപ്രകാരംതന്നെയാണു നാം ധരിക്കേണ്ടതു്. നാം മനുഷ്യസ്വഭാവം അഥവാ മനുഷ്യത്വമുള്ള ആളുകളാകുന്നു. സ്വഭാവം ദൈവത്തിൽ ഒന്നുമാത്രമേയുള്ളു. മനുഷ്യസ്വഭാവം മനുഷ്യനെ മനുഷ്യനാക്കുന്നതുപോലെ ദൈവസ്വഭാവം ദൈവത്തെ ദൈവമാക്കുന്നു. വ്യത്യസ്തരായ മനുഷ്യരിൽ ഒരോ ഒരു മനുഷ്യത്വമല്ല സ്ഥിതിചെയ്യുന്നതു്. ദൈവത്തിലാകട്ടെ ഒരോ ഒരു ദൈവത്വം മൂന്നുവിധത്തിൽ വ്യത്യസ്തമായി സ്ഥിതിചെയ്യുന്നതിനാൽ ഏകദൈവത്തി

ൽ മൂന്നാളുകളുണ്ടെന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. മനുഷ്യരിലുള്ള മനുഷ്യത്വം ഒരേരൂപത്തിൽപ്പെട്ടതാണെങ്കിലും ഒന്നുതന്നെയല്ല എല്ലാവരിലും സ്ഥിതിചെയ്യുന്നതു്. ദൈവത്തിലാകട്ടെ ഓരോരുത്തൻ ദൈവത്വംതന്നെ മൂന്നാളുകളിൽസ്ഥിതി ചെയ്യുന്നു. ദൈവത്തിൽ ഇങ്ങനെ മൂന്നാളുകളുണ്ടെന്നുള്ള ക്രൈസ്തവവിശ്വാസം സുബുദ്ധിക്കു യോജിച്ചതല്ലെന്നു തെളിയിക്കുവാൻ തർക്കം സാധിക്കുകയില്ല. അതെങ്ങനെയാണെന്നു ഗ്രഹിക്കുവാനുള്ള ശക്തി നമുക്കില്ലാത്തതിനാൽ, അതു അബദ്ധപരമാണെന്നു നമുക്കു പറയാവുന്നതല്ലല്ലൊ. അതിഗഹനവും സൃഷ്ടബുദ്ധിയെ അതിശയിക്കുന്നതും ആയ ഒരു മഹാരഹസ്യമായിട്ടാണു ക്രിസ്ത്യാനികൾ ത്രിത്വത്തെ പരിഗണിക്കുന്നതു്. ഇതിൽ അബദ്ധമുണ്ടെന്നു തെളിയിക്കുവാൻ തർക്കം സാധിക്കുന്നതല്ല.

ദൈവത്തിനു കണ്ണും മൂക്കുമില്ലാത്തതിനാൽ ഈശോമിശിഹാ എങ്ങനെ ദൈവമാകും എന്നാണു ചില അക്രൈസ്തവർ ചോദിക്കുന്നതു്. ദൈവത്തിൽ തുല്യം സ്വഭാവവും ഉണ്ടെന്നു മുകളിൽ പ്രസ്താവിച്ചുവല്ലൊ. സ്വഭാവമാണു് ഒരു വസ്തുവിനെ ആ വസ്തുവാക്കുന്നതു് - ദൈവസ്വഭാവം അഥവാ ദൈവത്വം ദൈവത്തെ ദൈവമാക്കുന്നു. ദൈവത്വം കണ്ണോ മൂക്കോ ഉള്ളതല്ലാത്തതിനാൽ ദൈവത്തിനു ദൈവത്വത്തിൽ കണ്ണു്, മൂക്കു്, ചെവി, കാലു്, ഇവയൊന്നുമില്ല- ത്രിത്വത്തിലേ രണ്ടാമാളായ പുത്രൻ മനുഷ്യസ്വഭാവം അഥവാ മനുഷ്യത്വം സ്വന്തമാക്കിയെന്നാണു ക്രിസ്ത്യാനികളുടെ വിശ്വാസം. മനുഷ്യത്വം സ്വന്തമാക്കിയതു തന്നെ ദൈവത്വത്തിനു യാതൊരു കുറവും വരുത്തിക്കൊണ്ടല്ല. ഈ കാരണത്താൽ ഓരോരുത്തൻ ദൈവം "ആകും" ദൈവത്വവും മനുഷ്യത്വവുമുള്ളവനായി പ്രത്യക്ഷപ്പെടുന്നു. പുത്രൻതമ്പുരാൻ മ

നുഷ്യത്വം സ്വന്തമാക്കിയതിനാൽ മനുഷ്യത്വത്തിൽ ദൈവത്തിനു കാലും കണ്ണുമെല്ലാമുണ്ട്. എന്നാൽ ദൈവത്വത്തിൽ അവയൊന്നുമില്ല. മനുഷ്യസഹജങ്ങളായ ബലഹീനതകളെല്ലാം മനുഷ്യത്വത്തിലുള്ളവയാകയാൽ അവയൊന്നും ദൈവത്വത്തെ ബാധിക്കുന്നില്ല. നമ്മുടെ ബുദ്ധിക്കു ഗ്രാഹ്യമായി ഈ തത്വത്തിൽ പലതുമുണ്ടെങ്കിലും ഇതു ബുദ്ധിക്കു വിരുദ്ധമാണെന്നു സമർത്ഥിക്കുവാൻ പാടുള്ളതല്ല.

ക്രിസ്തുമതതത്വങ്ങളേപ്പറ്റി ശരിയായ ജ്ഞാനമുള്ളവരാരും അവ ബുദ്ധിക്കു യോജിക്കാത്തവയാണെന്നു പറയുകയില്ല. എന്നാൽ അവ ബുദ്ധിക്കു അഗ്രാഹ്യങ്ങളാണെന്നു സമ്മതിക്കേണ്ടതായുണ്ട്. ദൈവം അപരിമിതനാകയാൽ അതിഗഹനങ്ങളായവ ദൈവത്തിലുണ്ടായിരിക്കണം - അവയിൽ ചിലതുകളേപ്പറ്റിയുള്ള സ്ഥൂലജ്ഞാനം നമുക്കു പ്രദാനംചെയ്തുകൊണ്ട് തന്നെ നേരേ സ്നേഹബഹുമാനങ്ങൾ നമ്മിലുദ്ദീപ്പിക്കുവാൻ ദൈവം ചിലപ്പോൾ തിരുമനസ്സാകുന്നു. ഇപ്രകാരം ദൈവികകാരുണ്യത്തിന്റെ ഫലമായി ദൈവം ചില മഹാരഹസ്യങ്ങളെ നമുക്കു വെളിപ്പെടുത്തിയിട്ടുണ്ട് എന്നാണു ക്രൈസ്തവർ വിശ്വസിക്കുന്നതു്. ഇതിൽയാതൊരു അബദ്ധവും അസാംഗത്യവുമില്ലെന്നു വിശദമാണല്ലോ—

ക്രിസ്തുമതതത്വങ്ങൾ അബദ്ധങ്ങളല്ലെന്നുമാത്രമല്ല, അവ അതി വിശിഷ്ടങ്ങൾകൂടിയാണു്.

ക്രീസ്തുമതോപദേശങ്ങൾ നിർമ്മലങ്ങളും മനുഷ്യന്റെ എല്ലാ ആവശ്യങ്ങൾക്കും ഉതകുന്നവയും ആകുന്നു. അവ ലോകത്തെ പാടേ നവീകരിക്കുകയും ലോകഗതിയെ സാരമായി മാറ്റുകയും ചെയ്തിട്ടുണ്ട്. സമുദായവും, ഭവനവും, വ്യക്തിയും, അവയാൽ സംസ്കരിക്കപ്പെട്ടു. അബലകളേയും അ

ധർമ്മകൃതരേയും ക്രിസ്തുമതം ഉയർത്തി. ക്രിസ്തുമതം അനേകായിരം വിശുദ്ധന്മാരെ ലോകത്തിനു പ്രദാനം ചെയ്തിട്ടുണ്ട്. അതിന്റെ തത്വങ്ങളും വിശുദ്ധാത്മാക്കളും വിശുദ്ധിക്കു കാരണങ്ങളും ആകുന്നു. ദൈവത്തേയും, മനുഷ്യനേയും, മരണാനന്തരാവസ്ഥയേയും, പ്രപഞ്ചത്തേയും, അതിലെ ദുഃഖദുരിതങ്ങളേയും ബന്ധിക്കുന്ന എല്ലാ പ്രധാനപ്രശ്നങ്ങൾക്കും ആശ്വാസപ്രദങ്ങളും സംശയരഹിതങ്ങളുമായ സമാധാനങ്ങളും ക്രിസ്തുമതം നൽകുന്നുണ്ട്. ക്രിസ്തുമതപ്രവർത്തകന്മാരെ ലൗകികസങ്കടങ്ങളും കഷ്ടതകളും സന്തോഷപ്രദമാക്കിത്തീർക്കുന്നതാണ്. ഇതരമതങ്ങളിൽ ഉള്ളതും ക്രിസ്തുമതത്തിലില്ലാത്തതുമായി യാതൊരു യഥാർത്ഥനന്മയും കണ്ടെത്തുവാൻ സാധിക്കുകയില്ല. അതിന്റെ സിദ്ധാന്തങ്ങൾ എല്ലാവരേയും ഒന്നുപോലെ ബാധിക്കുന്നുണ്ടെങ്കിലും ഓരോരുത്തർക്കും ഉപര്യുപരി വിശുദ്ധിപ്രാപിക്കുവാനുള്ള എല്ലാ മാർഗ്ഗങ്ങളും അതിലുണ്ട്. ഏതുജീവിതസ്ഥിതിയിലുള്ളവരാലും ക്രിസ്തുമതം ആശ്ലേഷിക്കപ്പെടാവുന്നതാണ്.

ക്രിസ്തുമതത്തിൽ സൂക്ഷ്മദൃഷ്ടിക്കു യോജിക്കാത്തതായി യാതൊരു തത്വവുമില്ല. മനുഷ്യരുടെ സന്മാർഗ്ഗവ്യാപാരത്തിനു മാറ്റുകൂട്ടുക മാത്രമാണ് ക്രിസ്തുമതം ചെയ്യുന്നതു്. ക്രിസ്തുമതത്തെ കാര്യകാരണസഹിതം പഠിച്ചു് വിമർശനം ചെയ്തു്, അതു് യഥാർത്ഥമാണെന്ന ബോധത്തോടെമാത്രം അതിനെ അക്രൈസ്തവർ ആശ്ലേഷിച്ചാൽ മതിയെന്നാണ് ക്രിസ്തുമതം വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ക്രിസ്തുമതപ്രചാരണത്തിൽ ബലപ്രയോഗമശേഷമുണ്ടാകരുതെന്നാണ് അതിലെ നിബന്ധന.

കാലോചിതങ്ങളായ പരിഷ്കാരങ്ങളാൽ ക്രിസ്തുമതം ശോഭയറ്റു പോകാതിരിക്കുവാൻ ആവശ്യമായ ചട്ടംകെട്ട

കളെല്ലാം യഥാർത്ഥ ക്രിസ്തുമതത്തിലുണ്ട്. ക്രിസ്തുമതതത്വങ്ങൾ എല്ലാക്കാലത്തും അഭേദ്യങ്ങളാണെങ്കിലും കാലാനുസൃതമായ വികാസം അവയ്ക്കുണ്ടാകുവാൻ യാതൊരു പ്രതിബന്ധവുമില്ല. ക്രിസ്തുവിന്റെ ഉപദേശങ്ങൾ എവിടെനിന്നു സ്വീകരിക്കണമെന്നു ക്രിസ്തുമതം നിഷ്കർഷ ചെയ്യുന്നുവൊ അവിടെ അബദ്ധരാഹിത്യവും അതാവശ്യപ്പെട്ടുന്നുണ്ട്.

മതത്തിന്റെ ഏകതാപംസംബന്ധിച്ച് രണ്ടാമദ്ധ്യായം V-ാം അക്കത്തിൽ പ്രസ്താവിച്ച അബദ്ധങ്ങളൊന്നും ക്രിസ്തുമതത്തിലില്ല. സത്യമതം ഏതുതരം ഏകതാപം ആവശ്യപ്പെടുന്നുവൊ ആതരം ഏകതാപം പരിപൂർണ്ണമായി ആവശ്യപ്പെടുന്നുഒന്നാണു് യഥാർത്ഥക്രിസ്തുമതം. എല്ലാമനുഷ്യരേയുമുദ്ദേശിച്ച് എല്ലാക്കാലത്തേക്കുമായി ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാണു് ക്രിസ്തുമതമെന്നു് ക്രിസ്തുമതം ശഠിക്കുന്നുവെങ്കിൽ ഭൂമുഖത്തു സത്യമതമായി വേറെ യാതൊരു മതവും ഉണ്ടായിക്കൂടെന്നു് അതു് യുക്തിപൂർവ്വം സിദ്ധാന്തിക്കുന്നുമുണ്ടു്. മതനിഷ്പക്ഷത, സർവ്വമതാനുകൂലവാദം ആദിയായ അബദ്ധങ്ങളെ യഥാർത്ഥക്രിസ്തുമതം ശപിക്കുകതന്നെ ചെയ്യുന്നു.

൩. ക്രിസ്തുമതതത്വങ്ങളിൽ ചിലതു് സൂക്ഷ്മബുദ്ധിയെ യഥാർത്ഥത്തിൽ അതിശയിക്കുന്ന പരമരഹസ്യങ്ങളാകയാൽ അവ ദൈവികങ്ങളാകാതെ ഗത്യന്തരമില്ലല്ലൊ.

ഇപ്രകാരമുള്ള ഒരു മതം മനുഷ്യനു് മ്മിതമാകുവാൻ പാടില്ലെന്നു് സാമാന്യമായാലോചിച്ചാൽ ഏല്ലാവർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. ശാശ്വതമായ നന്മയെമാത്രം പ്രദാനം ചെയ്യുന്നതും, മനുഷ്യനെ പിശാചിൽനിന്നകത്തി ദൈവത്തിങ്കലേക്കടുപ്പിക്കുവാൻ സദാ ഉദ്യമിക്കുന്നതും, സർവ്വപരിപരിശുദ്ധമായതും അതായ മതം ദൈവ

ശാമികമല്ലെന്നു സ്പഷ്ടമാണു്. ഈ സ്ഥിതിക്കു് ഇതു് ദൈവികം തന്നെയായിരിക്കണം.

IX.

ക്രിസ്തുമതസ്ഥാപകനായ ഈശോമിശിഹായുടെ വ്യക്തിപരങ്ങളായ വിശേഷതകളും ഈ മതത്തിന്റെ ദൈവികത്വത്തിനു് ഉത്തമസാക്ഷ്യം വഹിക്കുന്നു. ഈശോമിശിഹായേപ്പോലെ സൽഗുണസംപൂർണ്ണനായ ഒരാൾ ഉണ്ടായിട്ടില്ലെന്നും ഇനി ഉണ്ടാകുകയില്ലെന്നും ലോകം തലകുലുക്കി സമ്മതിക്കുന്നു. ശത്രുക്കൾപോലും അദ്ദേഹത്തിൽ യാതൊരു കുറവും ആരോപിക്കുവാൻ സാധിച്ചില്ല. അദ്ദേഹം വാക്കാൽ പഠിപ്പിക്കയും ഉപദേശിക്കയും ചെയ്തവയെല്ലാം പ്രവൃത്തിയിൽ അഭ്യസിച്ചിട്ടുണ്ടു്.

താൻ ദൈവത്തോടു സമനാണെന്നും, ശാബത്തിന്റെ നാഥൻ (മത്തായി. XII-8.) അഥവാ ദൈവം തന്നെയാണെന്നും മിശിഹാ പ്രഖ്യാപനംചെയ്തു. ശ്രോതാക്കൾ ആ പ്രഖ്യാപനം മനസ്സിലാക്കി. അതു നിമിത്തം അവർ അദ്ദേഹത്തെ കൊല്ലുവാനൊരുമ്പെട്ടു.(യോഹ. V. 17—36.) യഹൂദജനം ആരിൽനിന്നുണ്ടായോ ആ അബ്രാഹം ഉണ്ടാകുന്നതിനു മുമ്പു താൻ ആകുന്നു. എന്നു പ്രസ്താവിച്ചുകൊണ്ടു് മിശിഹാ തന്റെ ദൈവത്വത്തെ ഉറപ്പിച്ചു പറഞ്ഞു. (യോഹന്നാൻ. VIII. 12-58.) മിശിഹാ ശത്രുക്കളുടെ കയ്യിൽ അകപ്പെടുകയും, അവർ അദ്ദേഹത്തെ കൊല്ലണമെന്ന ഉദ്ദേശ്യത്തോടെ അദ്ദേഹം പ്രസ്താവിച്ചതുപോലെ ദൈവംതന്നെയോ എന്നു ചോദിക്കയും ചെയ്തപ്പോൾ, ക്രൂശുക്രൂശാതെ താൻ ദൈവമാണെന്നു് പരസ്യമായി പ്രഖ്യാപനം ചെയ്യുകയാണു് അദ്ദേഹം ചെയ്തതു്. (മക്കോസു് XIV. 61—62) മിശിഹാ സ്വയം ദൈവമാക്കിയെന്നും യഹൂദന്മാർ അതു ശരിയായി മന

സ്സിലാക്കിയെന്നും സുവിശേഷഗ്രന്ഥങ്ങളിൽ വിശദമായി നാം കാണുന്നു. ദൈവമെന്നനിലയിലും മനുഷ്യനെന്ന നിലയിലും മിശിഹാ ഇരുവിധപ്രസ്താവനകളും ചെയ്തിട്ടുള്ളതിനാൽ ചില സുവിശേഷവാക്യങ്ങളും അദ്ദേഹത്തിന്റെ മനുഷ്യത്വത്തെ മാത്രമെ ദ്യോതിപ്പിക്കുന്നുള്ളൂ. അവയെ ആധാരമാക്കി അദ്ദേഹത്തിന്റെ ദൈവത്വം നിഷേധിക്കുക അബദ്ധമായിരിക്കുമല്ലൊ.

മിശിഹാ അത്യുത്തമനും നസ്രേയനുമാണെന്ന് എല്ലാവരും സമ്മതിക്കുന്നു. എന്നാൽ സ്വയം ദൈവമാക്കുന്ന ഒരു മനുഷ്യനേക്കാൾ അധമനായി വേറെയാരുമില്ല. അതുകയാൽ മിശിഹാ ദൈവമല്ലായിരുന്നെങ്കിൽ ഒന്നുകിൽ ഒരു മഹാപാപിയായിരുന്നു; അല്ലെങ്കിൽ ഒരു മഹാ വിഡ്ഢിയായിരുന്നു: അല്ലെങ്കിൽ ഒരു ഭ്രാന്തനായിരുന്നു- ഇതു സമ്മതിക്കുവാൻ സുവിശേഷഗ്രന്ഥങ്ങളുടെ വിശ്വസനീയതയൊ, സമകാലീനചരിത്രരേഖകളൊ, ഉൽകൃഷ്ടങ്ങളായ ക്രിസ്തുമതതത്വങ്ങളൊ നമ്മെ അനുവദിക്കുന്നില്ല. തന്നെയുമല്ല, തന്റെ ഔദ്യോഗികപ്രഖ്യാപനങ്ങളെ അത്ഭുതങ്ങളാൽ മിശിഹാ സ്ഥിരീകരിക്കുകയും ചെയ്തു. അതുകയാൽ മിശിഹാ ദൈവമാണെന്നു സമ്മതിക്കുകതന്നെ വേണം-ദൈവം സ്ഥാപിച്ച മതം ദൈവികമല്ലെന്നുള്ളവാദം പറയുമൊ? ദൈവമായ മിശിഹാ സ്ഥാപിച്ചതാണല്ലൊ ക്രിസ്തുമതം.

അഞ്ചാം അദ്ധ്യായം.

ഏകസത്യമതമായ ക്രീസ്തുമതവും ഇതരമതങ്ങളും.

ക്രീസ്തുമതം ദൈവം വെളിപ്പെടുത്തിസ്ഥാപിച്ച ഒരു മതമാണെന്നു് കഴിഞ്ഞയദ്ധ്യായത്തിൽ തെളിയിക്കയുണ്ടായല്ലൊ. അതിന്റെ സത്യതയേയും ദൈവപ്രകാശിതമായ അതിന്റെ പ്രകൃതിയേയും സ്ഥാപിക്കുവാൻ അതു ഹാജരാക്കുന്ന സാക്ഷ്യങ്ങളും അനിഷേധ്യങ്ങളെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. ക്രിസ്തുമതസാക്ഷ്യങ്ങളും സ്വീകരിക്കുന്നതോടെ ക്രീസ്തുമതവും സ്വീകരിക്കാതെ തരമില്ലെന്നു വരുന്നു.

ക്രീസ്തുമതം ദൈവസ്ഥാപിതമാകയാൽ, അതു് ആരേ ഉദ്ദേശിച്ചു ദൈവം വെളിപ്പെടുത്തിയോ, അവർ അതു സ്വീകരിക്കണം. ഭൂമുഖത്തുള്ള എല്ലാമനുഷ്യരേയുമുദ്ദേശിച്ചു് എല്ലാകാലത്തേക്കുമായി ക്രിസ്തുമതം ദൈവം സ്ഥാപിച്ചുവെങ്കിൽ അതുമാത്രമേ സത്യമതമായി ഇന്നുഭൂമുഖത്തുള്ളു. ഈ ന്യായത്താൽ ഇതരമതങ്ങളെല്ലാം ദൈവേഷ്ടത്തിനു യോജിക്കാത്തവയായി കരുതപ്പെടണം. അപ്രകാരംതന്നെ, ക്രിസ്തുമതത്തിനുമുമ്പു് ഏതെങ്കിലുമൊരുമതംദൈവസ്ഥാപിതമായിട്ടുണ്ടായിരുന്നെങ്കിൽ, ക്രിസ്തുമതാവിർഭാവത്തോടേ അതു "നിവൃത്തിലാക്കപ്പെട്ടിട്ടുണ്ടു്". സ്വാഭാവികമതവും ക്രിസ്തുമതത്തിൽ ലയിക്കേണ്ടതാണു്.

ക്രീസ്തുമതംമാത്രമാണു് സത്യമതമായി ഇപ്പോഴുള്ളതെന്നും ലോകാവസാനംവരെ അതുമാത്രമേ സത്യമതമായി ഭൂമുഖത്തുണ്ടായിരിക്കയുള്ളു എന്നും ആണു് ക്രീസ്തുമതസിദ്ധാന്തം. യഹൂദമതം ദൈവം വെളിപ്പെടുത്തിയതാണെങ്കിലും ക്രീസ്തുമ

സ്ഥാപനത്തോടെ അതു നിവൃത്തമാക്കപ്പെട്ടു. ഇതരമതങ്ങളെല്ലാം മനുഷ്യനിർമ്മിതങ്ങളാകുന്നു എന്നതത്രെ ക്രിസ്തുമതം വാദിക്കുന്നതു്.

I

ഭൂമുഖത്തുള്ള എല്ലാമനുഷ്യരേയുമുദ്ദേശിച്ചു് എല്ലാക്കാലത്തേക്കുമായി ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാകുന്നു ക്രിസ്തുമതം എന്നു് ക്രിസ്തുമതംതന്നെ ഔദ്യോഗികമായി പ്രസ്താവിക്കുന്നുണ്ടു്. ദൈവസ്ഥാപിതമായ ഒരു മതത്തിന്റെ ഔദ്യോഗികോപദേശം ദൈവത്തിൽ നിന്നുതന്നെയുള്ളതാകയാൽ അതു പ്രമാദരഹിതമായിരിക്കണം. ക്രിസ്തുമതം ദൈവസ്ഥാപിതമാണെന്നു മുമ്പേ പറഞ്ഞുകഴിഞ്ഞു. അതുകയാൽ അതു് എല്ലാവരേയുമുദ്ദേശിച്ചു് എല്ലാക്കാലത്തേക്കുമായി ദൈവം വെളിപ്പെടുത്തിയിട്ടുള്ള ഒരു മതമാണെന്നു സിദ്ധിക്കുന്നു.

തന്റെ പരസ്യജീവിതദശയിൽ മിശിഹാ യഹൂദന്മാരുടെയിടയിൽ മാത്രമേ പ്രധാനമായി മതപ്രസംഗം ചെയ്തിരുന്നുള്ളു. തന്റെ തല്ക്കാലികപ്രയത്നങ്ങൾ പ്രധാനമായി അവരുടെയിൽ മാത്രമായിരുന്നു എന്നു് അദ്ദേഹംതന്നെ പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. എന്നാൽ മിശിഹാ സ്ഥാപിച്ച മതം യഹൂദന്മാരെ മാത്രം ഉദ്ദേശിച്ചുള്ളതല്ലായിരുന്നു. മിശിഹായേപ്പറ്റി പഴയനിയമത്തിൽ കാണുന്ന പ്രവചനങ്ങളിൽനിന്നുതന്നെ ഈ സത്യം നമുക്കു മനസ്സിലാക്കാവുന്നതാണു്. എല്ലാജാതികളുടെയും പ്രതീക്ഷാവിഷയമായിട്ടാണു് പഴയനിയമത്തിലെ മിശിഹാ പ്രത്യക്ഷനാകുന്നതു്. ഈദൃശനായ മിശിഹാ താൻതന്നെയാണെന്നു് ഈശോമിശിഹാ പലപ്പോഴും പ്രഖ്യാപനം ചെയ്കയും തൽസ്ഥാപനാർത്ഥം അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തതായി സുവിശേഷഗ്രന്ഥങ്ങളിൽ നാം വായിക്കുന്നു. അതുകയാൽ മിശിഹായുടെ

പ്രേഷിതത്വം സാർവത്രികമായ ഉദ്ദേശ്യത്തോടു കൂടിയതായിരുന്നൊന്നു സമ്മതിക്കണം.

പുതിയനിയമഗ്രന്ഥങ്ങൾ ക്രീസ്തുമതത്തിന്റെ സാവത്രികത്വത്തെ വളരെത്തെളിവായി പ്രഖ്യാപനം ചെയ്യുന്നുണ്ട്. സ്വർഗ്ഗരാജ്യം യഹൂദന്മാരിൽനിന്നെടുക്കപ്പെട്ടിട്ട് ഇതര ജാതികൾക്കു കൊടുക്കപ്പെടുമെന്നും, മിശിഹായുടെ സുവിശേഷത്തെ സംബന്ധിച്ചിടത്തോളം യഹൂദന്മാരും പുറജാതികളും തുല്യരാണെന്നും പല ഉപമകൾമുഖേന മിശിഹാനമ്മെ പഠിപ്പിക്കുന്നു. (മത്തായി. XXI. 33-46; XXII. 1-14 &c). തന്റെ സുവിശേഷം അഥവാ ക്രീസ്തുമതം ലോകം മുഴുവനിലും പ്രസംഗിക്കപ്പെടുമെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. (മത്തായി. XXIV. 14.) മരണശേഷം എല്ലാവരെയും തന്റെ പക്കലേക്ക് ആകർഷിക്കുമെന്നാണ് മിശിഹാ ഒരവസരത്തിൽ പറയുകയുണ്ടായതു്. (യോഹ. XII. 32.) ലോകമുഴുവനിലും തന്റെ സുവിശേഷം പ്രസംഗിക്കണമെന്നുള്ള കല്പന മിശിഹാ ശ്ലീഹന്മാർക്കു നൽകിയതിൽനിന്നു് ക്രീസ്തുമതം സാവത്രികമാണെന്നു തെളിയുന്നുണ്ടല്ലൊ. (മത്തായി. XXVIII. 19. 20.) ഓർശ്ലേമിൽ സുവിശേഷപ്രസംഗമാരംഭിച്ചു് എല്ലാ ജാതികളുടെ ഇടയിലും ചെന്നെത്തേണ്ടതാണെന്നും മിശിഹാതന്നെ പറയുന്നു. (ലൂക്കാ. XXIV. 47.)

ലോകാവസാനംവരെ താൻ ശ്ലീഹന്മാരോടുകൂടെ (അവരുടെയും അവരുടെ പിൻഗാമികളുടെയുംകൂടെ) ഉണ്ടായിരിക്കുമെന്നാണ് മിശിഹായുടെ വാഗ്ദാനം. (മത്തായി. XXVIII 20.) ക്രീസ്തുമതം ലോകാവസാനംവരെ ഭൂമുഖത്തുണ്ടാകുവാനിരിക്കുന്ന എല്ലാമനുഷ്യരേയുമുദ്ദേശിച്ചു സ്ഥാപിക്കപ്പെട്ടതാകുന്നുവെന്നാണല്ലൊ ഇതിൽ നിന്നുള്ള അനുമാനം. ക്രീ

സ്സമതം ലോകംമുഴുവനിലും പ്രസംഗിക്കപ്പെട്ടശേഷം ലോകാവസാനമുണ്ടാകുമെന്നും മിശിഹാപറയുന്നു. (മത്തായി. XXIV 14)

തന്നെപ്പോലെതന്നെ വേറൊരു ആശ്വാസപ്രദായകനെ മിശിഹാ ശ്ലീഹന്മാർക്കു വാഗ്ദാനംചെയ്തു. (യോഹ XIV. 26; XVI. 13. 14. &c.) ആ ആശ്വാസപ്രദായകൻ, താൻ പഠിപ്പിച്ചുവയെല്ലാം അവരെ പഠിപ്പിക്കുമെന്നും അവയെ അവർക്കു ഓർമ്മപ്പെടുത്തിക്കൊടുക്കുമെന്നും ആണ് മിശിഹായുടെ വാഗ്ദാനം (യോഹ. XVI. 12-15; XIV. 26.) ആ ആശ്വാസപ്രദായകനെ സ്വീകരിക്കാതെ പുറത്തുപോകരുതെന്നു മിശിഹാശ്ലീഹന്മാരോടു് ആജ്ഞാപിക്കയുണ്ടായി (ലൂക്കാ XXIV. 49.) ഇതിൽനിന്നു് പ്രസ്തുത ആശ്വാസപ്രദായകൻ ശ്ലീഹന്മാരുടെ മരണത്തിനുമുമ്പു് (അവർ മതപ്രസംഗത്തിനായി ഓർശ്ലെത്തിൽനിന്നു പുറപ്പെടുന്നതിനുമുമ്പു്) അവരുടെ ഇടയിൽ ആഗതനായിരിക്കണമെന്നു സിദ്ധിക്കുന്നു. അപ്രകാരംതന്നെ ആ ആശ്വാസകൻ മിശിഹായുടെ ഉപദേശങ്ങൾക്കു വിരുദ്ധമായി പഠിപ്പിക്കയോ പ്രസംഗിക്കയോ ചെയ്യുന്ന ഒരാളാകുവാൻ പാടില്ലെന്നും മിശിഹാ പഠിപ്പിച്ചുവയെല്ലാം പഠിപ്പിക്കുന്നതാണെന്നും മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നു വിശദമാകുന്നുണ്ടു്. "ശ്ലീഹന്മാരുടെ നടപടികൾ" അദ്ധ്യായം ൨—ൽ നിന്നു പ്രസ്തുത ആശ്വാസപ്രദായകൻ ആരാണെന്നും അദ്ദേഹം മിശിഹായുടെ വാഗ്ദാനപ്രകാരം ആഗതനായെന്നും നമുക്കു മനസ്സിലാക്കാം. മിശിഹായുടെ വാഗ്ദാനപ്രകാരം ആശ്വാസപ്രദായകൻ ഉടൻതന്നെ വന്നു ശ്ലീഹന്മാരെ ശക്തിപ്പെടുത്തി, മിശിഹായുടെ ഉപദേശങ്ങളിൽ അവരെ സ്ഥിരീകരിച്ചെന്നു "ശ്ലീഹന്മാരുടെ നടപടികളും" മറ്റു പുതിയനിയമഗ്രന്ഥങ്ങളും ലോകചരിത്രവും സാക്ഷ്യം

വഹിക്കുന്നു. ആകയാൽ വേറൊരു ആശ്വാസപ്രദായകനെ പാത്തിരിക്കേണ്ട ആവശ്യം ശ്ലീഹന്മാക്കോ ആദിമക്രിസ്ത്യാനികൾക്കോ ഇല്ലായിരുന്നു. പുതിയനിയമഗ്രന്ഥങ്ങൾ വിശ്വസനീയങ്ങളാണെന്നു സമ്മതിക്കുന്നവർ ശ്ലീഹന്മാരുടെ മതപ്രസംഗാരംഭത്തിനു് ഇപ്പുറമായി "വേറൊരു ആശ്വാസപ്രദായകനെ" പ്രതീക്ഷിക്കയില്ല. എന്നാൽ പുതിയനിയമഗ്രന്ഥങ്ങൾ, പ്രത്യേകം നാലു സുവിശേഷഗ്രന്ഥങ്ങൾ, സർവ്വാ വിശ്വസനീയങ്ങളാണെന്നു നാം കണ്ടുകഴിഞ്ഞു. അവയെ അവിശ്വസിക്കുന്നവർ പണ്ഡിതലോകത്തിൽ പ്രത്യക്ഷപ്പെടുവാൻ അശേഷം യോഗ്യതയില്ലാത്തവരാണെന്നും മുന്നൊരദ്ധ്യായത്തിൽനിന്നും വിശദമാകുന്നുണ്ടു്.

ക്രീസ്തുമതത്തിനുപുറമേയോ, അതിനു വിരുദ്ധമായോ ഇനിവേറൊരു മതം ഉണ്ടായിക്കൂടെന്നാണല്ലൊ ഇതുയും പ്രസ്താവിച്ചവയുടെ ചുരുക്കം. ക്രീസ്തുമതത്തിന്റെ ഔദ്യോഗികോപദേശവും ഇതുതന്നെയാണെന്നു പുതിയനിയമഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു.

ക്രീസ്തുമതം സാർവ്വത്രികമാണെന്നു് പലയവസരങ്ങളിൽ മിശിഹാ ശ്ലീഹന്മാരെ ഉദ്ബോധിപ്പിക്കയുണ്ടായെന്നു് മുകളിൽ പ്രസ്താവിച്ചുവല്ലൊ. ക്രീസ്തുമതത്തിന്റെ സാർവ്വത്രികതാത്പര്യത്തെപ്പറ്റിയുള്ള ശരിയായ ബോധം ശ്ലീഹന്മാർക്കുണ്ടായിരുന്നതായി, ശ്ലീഹന്മാരുടെ നടപടി മൂന്നാം അദ്ധ്യായം 26-ാം വാക്യത്തിൽ നിന്നു വിശദമാകുന്നു. എങ്കിലും യഹൂദന്മാരെവിട്ടു് ഇതരജാതികളുടെയിടയിൽ സുവിശേഷപ്രസംഗംചെയ്യേണ്ടസമയം ക്രിപ്തമായിഅവർക്കറിയിക്കപ്പെട്ടതുവരെ അവർ യഹൂദന്മാരോടു മാത്രമേ പ്രസംഗംചെയ്തിരുന്നൊള്ളു. പത്രോസിനുണ്ടായ ദിവ്യദർശനം ആ സമയത്തേയും വിധത്തേയും അവർക്കറിയിച്ചുകൊടുത്തു. (ശ്ലീ. നടപടി

കം. X. XI.) ശ്ലീഹന്മാരുടെ നടപടികം പത്താം അദ്ധ്യായത്തിൽ വിവരിക്കപ്പെട്ടന്ന ദിവ്യദർശനം ക്രീസ്തു മതം സാവ്ത്രികമായി പ്രസംഗിക്കപ്പെട്ടവാനുള്ള കൃത്യസമയത്തേയും വിധത്തേയും മാത്രമേ സൂചിപ്പിക്കുന്നുള്ളു എന്നു് സുവിശേഷഗ്രന്ഥങ്ങളിൽ നിന്നും പുതിയനിയമഗ്രന്ഥസഞ്ചയത്തിലേ മറുഭാഗങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ടു്. അതുകയാൽ, പ്രസ്തുത ദിവ്യദർശനത്തിനുമുമ്പു് മിശിഹായിക്കൊ ശ്ലീഹന്മാക്കൊ ക്രീസ്തുമതത്തിന്റെ സാവ്ത്രികതത്തെപ്പറ്റിയുള്ള വിചാരമില്ലായിരുന്നു എന്നു് പറയുക അബദ്ധമായിരിക്കും.

എല്ലാമനുഷ്യർക്കുമായി എല്ലാക്കാലത്തേക്കും ദൈവം വെളിപ്പെടുത്തിയിട്ടുള്ള ഒന്നാണു് ക്രീസ്തുമതം. ഇപ്രകാരമുള്ളമതം ഏകമായിരിക്കണമെന്നും, സ്വാഭാവികമതവും, മുൻകാലങ്ങളിലുണ്ടായിട്ടുള്ള വെളിപ്പെടുത്തപ്പെട്ട മതങ്ങളും (അങ്ങനെയുണ്ടെങ്കിൽ) ഇതിന്റെ ആവിർഭാവത്തോടെ ഇതിൽ ലയിക്കണമെന്നും മുമ്പുപ്രസ്താവിച്ചിട്ടുള്ളവ ധാരാളം വിശദമാക്കുന്നുണ്ടു്. അതുകയാൽ ക്രീസ്തുമതം മാത്രമാണു സത്യമതമെന്നും തന്നിമിത്തം എല്ലാവരും ആ മതം അവശ്യം സ്വീകരിക്കണമെന്നും സിദ്ധിക്കുന്നു. ക്രിസ്തുസ്തരമതങ്ങളും സത്യമതങ്ങളല്ലാത്തതിനാൽ അവ ദൈവത്തിനിഷ്ടപ്പെട്ടവയോ, മനുഷ്യനെ ദൈവത്തിങ്കലേക്കു് ആനയിക്കുന്നവയോ ആകുവാൻ പാടില്ല.

II

ക്രീസ്തുതോപദേശപ്രകാരം യഹൂദമതം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒന്നാണു്. എന്നാൽ അതു ക്രീസ്തുമതത്തിന്റെ മുന്നോടി മാത്രമായിരുന്നു. അതിലെ പല ആചാരങ്ങളും വരുവാനിരുന്ന ക്രീസ്തുമതത്തിന്റെ ഛായകളും മാ

ത്രമേ ആയിരുന്നുള്ളു. കാമ്മികങ്ങളായ ഈദൃശാചാരങ്ങളും ക്രീസ്തുമതാവിർഭാവത്തോടെ അന്ധശ്രദ്ധകളായി പരിണമിച്ചെങ്കിലും താത്വികമായി യഹൂദമതത്തിലുണ്ടായിരുന്ന അഭേദ്യഭാഗം വ്യത്യാസപ്പെടാതെയും, എന്നാൽ, കൂടുതൽ പൂർണ്ണമായും ക്രിസ്തുമതത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നുണ്ട്- ആകയാൽ യഹൂദമതമന്ദിരം പൊളിഞ്ഞശേഷമോ പൊളിച്ചശേഷമൊ ഉണ്ടാക്കിയിട്ടുള്ള ഒന്നല്ല ക്രീസ്തുമതം. പ്രത്യുത, യഹൂദമതത്തിന്റെ പൂർത്തീകരണമാണു് ക്രീസ്തുമതത്തിൽ നാം കാണുന്നതു്. യഹൂദമതത്തിലെ കാമ്മികങ്ങളായ ആചാരങ്ങളും ക്രീസ്തുമതത്തിൽ പ്രത്യക്ഷപ്പെടാത്തതു് അവ വരുവാനിരുന്നവയുടെ ഛായമാത്രമായിരുന്നതിനാലാകുന്നു. ദൈവം, ആത്മാവു് മുതലായവയേപ്പറ്റിയുള്ള യഹൂദവിശ്വാസം കൂടുതൽ പൂർണ്ണമായ ഒരവസ്ഥയിലാണു ക്രീസ്തുമതം നമുക്കു പ്രദാനംചെയ്യുന്നതു്. ഉദാഹരണമായി ദൈവം ഒന്നേയുള്ളു എന്നു യഹൂദമതം വിശ്വസിച്ചിരുന്നു. ക്രീസ്തുമതവും ഏകദൈവത്തിൽ വിശ്വസിക്കുന്നു. എന്നാൽ ഏകദൈവത്തിൽത്തന്നെ മൂന്നാളുകളുണ്ടെന്നുള്ള ക്രിസ്തീയ വിശ്വാസം യഹൂദന്മാക്കു സ്പഷ്ടമായിട്ടില്ലായിരുന്നു.

ക്രീസ്തുമതം ദൈവസ്ഥാപിതമാണെന്നും, എല്ലാവർക്കുമായി എല്ലാക്കാലത്തേക്കും ഏർപ്പെട്ടുത്തപ്പെട്ടിട്ടുള്ളതാണെന്നും തെളിയിച്ചുകഴിഞ്ഞു. ആകയാൽ യഹൂദമതത്തിനു സത്യമതമെന്ന സ്ഥാനം ഇന്നിയുണ്ടാകാവുന്നതല്ല. അതു് ക്രീസ്തുമതത്തിൽ ലയിക്കയാണു വേണ്ടതു്.

യഹൂദമതം ദൈവസ്ഥാപിതമായിരുന്നെന്നു സുവിശേഷഗ്രന്ഥങ്ങളുംതന്നെ സാക്ഷ്യംവഹിക്കുന്നുണ്ടു്. മിശിഹാതന്നെയും അതിന്റെ ദൈവികത്വം അംഗീകരിക്കയും അതിന്റെ നിബന്ധനകൾക്കനുസരണമായി ജീവിക്കയും ചെയ്തു.

യഹൂദർ പ്രതീക്ഷിച്ചിരുന്ന ലോകോദ്ധാരകൻ താനാണെന്ന മിശിഹാ പ്രഖ്യാപനംചെയ്യുകയും തൽസ്ഥിരീകരണാർത്ഥം അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തതിൽനിന്നുതന്നെ യഹൂദമതത്തിന്റെ ദൈവികത്വം വിശദമാകുന്നുണ്ട്. യഹൂദമതത്തിനു നിദാനമായി നില്ക്കുന്ന "പഴയനിയമ"ഗ്രന്ഥസഞ്ചയത്തെ ദൈവവാക്യമായി ക്രിസ്തുമതം സ്വീകരിക്കുന്നു. ദൈവപ്രേരണയാൽ വിരചിതങ്ങളാണ് ആ ഗ്രന്ഥങ്ങൾ എന്നു ക്രിസ്തുമതം പഠിപ്പിക്കുന്നുണ്ട്. ഇതിൽനിന്നെല്ലാം യഹൂദമതം സാക്ഷാൽ ദൈവസ്ഥാപിതമായിരുന്നെന്നു നമുക്കനുമാനിക്കാമല്ലൊ.

എന്നാൽ യഹൂദമതം ദൈവസ്ഥാപിതമായിരുന്നെന്നു സിദ്ധാന്തിക്കുന്ന ക്രിസ്തുമതാന്തനോയാണ് യഹൂദമതത്തിനു് ഒരു പ്രത്യേകമതം എന്ന സ്ഥാനം ഇപ്പോഴില്ലെന്നു സിദ്ധാന്തിക്കുന്നതു്. സുവിശേഷഗ്രന്ഥങ്ങളുടെ വിശ്വസനീയതയും യഹൂദന്മാരുടെ പ്രതീക്ഷാവിഷയമായ ലോകോദ്ധാരകൻ താൻതന്നെയാണെന്നുള്ള മിശിഹായുടെ പ്രഖ്യാപനവും തൽസ്ഥിരീകരണാർത്ഥം മിശിഹാ പ്രവർത്തിച്ച അത്ഭുതങ്ങളും ക്രിസ്തുമതത്തിന്റെ പ്രസ്തുതസിദ്ധാന്തം ശരിയായിട്ടുള്ളതാണെന്നു തെളിയിക്കുന്നു.

ആധുനികയഹൂദമതം ലോകോദ്ധാരകനായ മിശിഹായുടെ ആഗമനത്തെ നിഷേധിക്കുന്നതുകയാൽ അതു യഥാർത്ഥമതമായിരിക്കാൻ പാടുള്ളതല്ല ലോകോദ്ധാരകനായ മിശിഹാ ഇനിയും വന്നിട്ടില്ലെന്നാണു യഹൂദർ ശഠിക്കുന്നതു്. എന്നാൽ ക്രിസ്തുമതത്തിന്റെ യാഥാർത്ഥ്യത്തെസ്ഥാപിക്കുവാൻ ഹാജരാക്കിയ തെളിവുകൾ യഹൂദരുടെ ശാഠ്യം അബദ്ധമാണെന്നു വിളിച്ചറിയിക്കുന്നു. 'പഴയനിയമ'ത്തിൽ വ്യാഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നരക്ഷകൻ താൻതന്നെയാണെ

ന്നു് ഈശോമിശിഹാ അത്ഭുതപ്രവർത്തനത്താൽ സ്ഥാപിച്ചിരിക്കെ, ആ രക്ഷകൻ ഇനിയും വന്നിട്ടില്ലെന്നു ശഠിക്കുക അബദ്ധമല്ലയോ? പഴയനിയമഗ്രന്ഥങ്ങളിലെ പ്രവചനങ്ങളും ലോകോദ്ധാരകനു് അതിൽ കൊടുത്തിരിക്കുന്ന ലക്ഷണങ്ങളും ഈശോമിശിഹായിൽ പൂർത്തിയായിട്ടുണ്ടെന്നും ഈശോമിശിഹാ അല്ലാതെ ആ ലോകോദ്ധാരകൻ വേറേ ആരും ആകുവാൻ പാടില്ലെന്നും പഴയനിയമഗ്രന്ഥങ്ങൾ ക്രുലകൃഷമായി പരിശോധിച്ചാൽ ഗ്രഹിക്കാവുന്നതാണു്. ഇപ്രകാരമുള്ള ദീർഘമായ ഒരു പരിശോധന ക്രുതാതെതന്നെ മിശിഹായുടെ പ്രഖ്യാപനങ്ങളും അത്ഭുതങ്ങളും ഈ സത്യം നമുക്കു വിശദമാക്കിത്തരുന്നുണ്ടു്. ആധുനികയഹൂദമതം സത്യമതമാണെന്നു സ്ഥാപിക്കണമെങ്കിൽ പുതിയനിയമഗ്രന്ഥങ്ങൾ വിശ്വസനീയങ്ങളല്ലെന്നു സ്ഥാപിക്കണം. ഇതു് അസാദ്ധ്യമാകയാൽ ആധുനികയഹൂദമതം തെറ്റാണെന്നു സമ്മതിക്കയേ തരമുള്ളു.

ലോകോദ്ധാരകനെപ്പറ്റിയുള്ള പഴയനിയമപ്രസ്താവനകളും യഹൂദന്മാർ തെറ്റിദ്ധരിച്ചിരിക്കുന്നതിനാലാണു യഹൂദമതത്തെ അവർ പരിത്യജിക്കാതിരിക്കുന്നതു്. മിശിഹാ പ്രതാപവാനായ ഒരു ഐഹികരാജാവായിരിക്കുമെന്നാണു് യഹൂദന്മാരുടെ വിശ്വാസം. പാപം, മരണം, പിശാചു്, ലോകം എന്നീ ആദ്ധ്യാത്മികശത്രുക്കളെ കീഴടക്കുന്ന യുദ്ധവീരനായിട്ടാണു് പഴയനിയമത്തിൽ മിശിഹാ വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. മിശിഹായുടെ ആദ്ധ്യാത്മികധീരതയും ശൂരതയും ലൌകികാധികാരപ്രയോഗമായി യഹൂദന്മാർ തെറ്റിദ്ധരിക്കയാണു ചെയ്തിരിക്കുന്നതു്. മിശിഹായുടെ കഷ്ടതകളും, അദ്ദേഹം സഹിക്കുവാനിരുന്ന അവമാനങ്ങളും, അദ്ദേഹത്തിന്റെ വാഴ്വയുടെ ആദ്ധ്യാത്മികപ്രകൃതിയും പഴയനി

യമത്തിൽത്തന്നെ പല സ്ഥലങ്ങളിലും സവിസ്തരം പ്രതിപാ
ദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, മിശിഹായുടെ ആദ്ധ്യാത്മിക
വിജയത്തേയും തജ്ജന്യമായ സമാധാനത്തേയും വർണ്ണിക്കുന്ന
അലങ്കാരപ്രയോഗങ്ങളും യഹൂദന്മാർ അക്ഷരാർത്ഥത്തിൽ
മാത്രം മനസ്സിലാക്കി അവ ലൗകികാധികാരപ്രയോഗ
ത്തിൽ നിന്നുണ്ടാകേണ്ടവയാണെന്നു തെറ്റിധരിച്ചിരിക്കുന്നു.
ഈ കാരണത്താൽ ശാന്തനും വിനീതനുമായി പ്രത്യക്ഷപ്പെ
ട്ടഈശോമിശിഹായെ ലോകോദ്ധാരകനായി അവർ സ്വീക
രിക്കുന്നില്ല. മിശിഹായുടെ ശാന്തതയേയും, വിനയത്തേയും,
പീഡാനുഭവങ്ങളേയും പറഞ്ഞിരിക്കുന്ന പ്രസ്താവനകളും യഹൂദ
നത്തിനു സംഭവിച്ചിരിക്കുന്ന കഷ്ടസ്ഥിതിയേ സൂചിപ്പിക്കു
ന്നവയായി അവർ കരുതിപ്പോരുകയും ചെയ്യുന്നു. യഹൂദന്മാ
രുടെ ഈദൃശമായ പ്രതീക്ഷ ശരിയായിട്ടുള്ളതല്ലെന്നും യഥാ
ർത്ഥലോകോദ്ധാരകൻ താൻതന്നെയാണെന്നും ഈശോമിശി
ഹാ അത്ഭുതപ്രവർത്തനങ്ങളാൽ സ്ഥാപിച്ചിരിക്കുന്നു. പഴയ
നിയമത്തിൽ കാണുന്ന രക്ഷകൻ താൻതന്നെയാണെന്ന്
ഈശോമിശിഹാ അത്ഭുതപ്രവർത്തനങ്ങളാൽ തെളിയിക്കുന്നു.
യഹൂദന്മാരാകട്ടെ ഈശോമിശിഹായെ അവിശ്വസിക്കയാ
ണു ചെയ്യുന്നതു്. തങ്ങളുടെ നിലയെ സാധൂകരിക്കുവാൻ അ
ത്ഭുതമോ പ്രവചനമോ യാതൊന്നും അവർ ഹാജരാക്കുന്നി
ല്ല ലോകോദ്ധാരകൻ പ്രതാപവാനായ ഒരു ലൗകികരാജാ
വായിരിക്കുമെന്നുള്ള ധാരണ മാത്രമാണു തങ്ങളുടെ വ്യവ
ത്തിയെ ആദരിക്കുവാൻ യഹൂദന്മാർ ഹാജരാക്കുന്ന തെളിവു്.
പഴയനിയമഗ്രന്ഥസഞ്ചയത്തിലെ ചില അലങ്കാരപ്രയോഗ
ങ്ങളും അതിനാധാരമായും അവർ കരുതുന്നു. മിശിഹാ ആ
കട്ടെ അത്ഭുതപ്രവർത്തനങ്ങളാൽ യഹൂദന്മാരുടെധാരണ തെ
റ്റാണെന്നു തെളിയിച്ചു. അത്ഭുതങ്ങളും ദൈവശക്തിയാൽ

മാത്രമേ സംഭവിക്കുവാൻ പാടുള്ളുള്ളൂ. ആകയാൽ യഹൂദന്മാരുടെ ഇപ്പോഴത്തെ നില അദ്ഭുതണീയമല്ലതന്നെ.

III

1. ക്രീസ്തുമതസ്ഥാപനംവരെ ദൈവസ്ഥാപിതമതം എന്ന സ്ഥാനം യഹൂദമതത്തിനുണ്ടായിരുന്നു. ക്രീസ്തുമതത്തിന്റെ ആവിർഭാവത്തോടെ യഹൂദമതം ക്രീസ്തുമതത്തിൽ ലയിക്കയാണുവേണ്ടതെന്നു മുകളിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ യഹൂദമതത്തിനുണ്ടായിരുന്നതുപോലെയുള്ള ഒരുസ്ഥാനം ഇതര അക്രൈസ്തവമതങ്ങൾക്കു ഒരിക്കലും ഉണ്ടായിരുന്നില്ല. എല്ലാവർക്കുമായി എല്ലാക്കാലത്തേക്കും ദൈവംതന്നെ സ്ഥാപിച്ചിട്ടുള്ള മതമാണു് ക്രിസ്തുമതമെന്നു് നാം തെളിയിച്ചുകഴിഞ്ഞു. ദൈവസ്ഥാപിതമായ ഈ മതത്തിന്റെ ഔദ്യോഗികോപദേശപ്രകാരം യഹൂദമതം ദൈവസ്ഥാപിതവും ഇതര അക്രൈസ്തവമതങ്ങൾ മനുഷ്യസ്ഥാപിതങ്ങളും ആകുന്നു. യഹൂദമതം ദൈവസ്ഥാപിതമായിരുന്നെങ്കിലും ഇപ്പോൾ അതിനുയാതൊരുസ്ഥാനവുമില്ലെന്നും ക്രീസ്തുമതം സിദ്ധാന്തിക്കുന്നു. ആകയാൽക്രൈസ്തവമതമല്ലാതെ സത്യമതമായി ഭൂമുഖത്തു വേറേ മതമില്ല.

ക്രീസ്തുമതം ദൈവസ്ഥാപിതമാണെന്നും എല്ലാവരേയും ഉദ്ദേശിച്ചു സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നും അനിഷേദ്ധ്യങ്ങളായ ന്യായങ്ങളാൽ നാം തെളിയിച്ചു. വേറേ ഏതെങ്കിലും ഒരു മതം സത്യമതമാണെന്നു് ആരെങ്കിലും ഇനി വാദിക്കുന്നപക്ഷം ക്രീസ്തുമതസാക്ഷ്യങ്ങളെ ശാസ്ത്രീയമായരീതിയിൽ ഖർബലപ്പെടുത്തിയശേഷമേ അപ്രകാരം ചെയ്യാവൂ എന്നു് പ്രത്യേകം പറയേണ്ടതായിട്ടില്ലല്ലോ. ക്രിസ്തുമതസാക്ഷ്യങ്ങളാകട്ടെ അനിഷേദ്ധ്യങ്ങളാണെന്നു് നിസ്സംശയമത്രെ.

2. ഇതരമതങ്ങളും ഓരോന്നും എടുത്തു ചർച്ചചെയ്യേണ്ട ആവശ്യമില്ല - എങ്കിലും അവയെപ്പറ്റി ചിലതെല്ലാം പൊതുവായി ഇവിടെ സൂചിപ്പിക്കുക അത്ര അസ്ഥാനത്താകയില്ല.

a.) അക്രൈസ്തവരിൽ പലരും വിസ്മയാവഹങ്ങളായ അനേകം പ്രവൃത്തികളും ചെയ്തിട്ടുണ്ടെന്നു നാം കേട്ടുവരുന്നു. എന്നാൽ സൃഷ്ടശക്തിയെ അതിശയിക്കുന്ന ഏതെങ്കിലും ഒരു പ്രവൃത്തി അക്രൈസ്തവരിൽനിന്നുണ്ടായിട്ടുള്ളതായി മതിയായ രേഖയൊന്നുമില്ല. അക്രൈസ്തവരുടെയിടയിലുണ്ടെന്നു പറയുന്ന പ്രവചനങ്ങളേപ്പറ്റിയും ഇപ്രകാരംതന്നേയാണു പ്രസ്താവിക്കേണ്ടതു്.

സാക്ഷാൽ അത്ഭുതങ്ങളും പ്രവചനങ്ങളും അക്രൈസ്തവമതങ്ങളിൽ ഉണ്ടെന്നു വല്ലവരും വാദിച്ചേക്കാം. എന്നാൽ ഏതെങ്കിലും ഒരു അക്രൈസ്തവമതത്തിനു് പ്രത്യേകമായുള്ള ഒരു സിദ്ധാന്തത്തിന്റെ യഥാർത്ഥത്തെ സ്ഥാപിക്കുവാൻ അത്ഭുതമോ പ്രവചനമൊ നടന്നിട്ടുണ്ടെന്നു തെളിയിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഈ സ്ഥിതിക്കു് ഒരു അക്രൈസ്തവമതത്തിൽ അത്ഭുതമോ പ്രവചനമോ നടന്നു എന്നു വന്നാലും അതു് ആ മതത്തിന്റെ ദൈവികതയെ സ്ഥാപിക്കുവാൻ പര്യാപ്തമാകയില്ലല്ലൊ. അക്രൈസ്തവമതങ്ങളിൽ പല നല്ല സംഗതികളുമുണ്ടെന്നു എല്ലാവർക്കും സമ്മതമാണു്. അപ്രകാരമുള്ള ഒരു സംഗതിയുടെ സത്യതയെയൊ വിശേഷതയേയോ സ്ഥാപിക്കുവാൻ ദൈവം അത്ഭുതമോ പ്രവചനമൊ നടത്തിയെന്നു വന്നേക്കാം. പക്ഷേ ഇങ്ങനെയുള്ള അത്ഭുതവും പ്രവചനവും പ്രസ്തുതസംഗതിയെ അല്ലാതെ അക്രൈസ്തവമതത്തെ ആദരിക്കുന്നവയാകയില്ല. ആ സംഗതിയാകട്ടെ ഏതെങ്കിലും ഒരു അക്രൈസ്തവ

വിഭാഗത്തിന്റെ പ്രത്യേകസിദ്ധാന്തവും ആയിരിക്കയില്ല. ഉദാഹരണമായി, ദൈവാസ്തികൃത്തെ സ്ഥാപിക്കുവാൻ ഒരു അത്ഭുതം ഒരു ചീനമതസ്ഥൻ പ്രവർത്തിച്ചു എന്നിരിക്കട്ടെ- ദൈവാസ്തികൃവിശ്വാസം ചീനമതത്തിന്റെ ഒരു പ്രത്യേക സിദ്ധാന്തമല്ല- അതൊരു യാഥാർത്ഥ്യമാകയാൽ അതിനെ ആദരിച്ചുള്ള അത്ഭുതങ്ങളും ആ മുഖേനയും ദൈവത്തിനു പ്രവർത്തിക്കാവുന്നതാണു്. ദൈവാസ്തികൃത്തെ ഉദ്ദേശിച്ചു് ഒരു ചീനമതസ്ഥൻ മുഖേന നടക്കുന്ന അത്ഭുതം ദൈവാസ്തികൃത്തെ അല്ലാതെ ചീനമതത്തെ ആദരിക്കുന്ന ഒന്നല്ല. അതു് ചീനമതത്തെ ആദരിക്കുന്ന ഒന്നായിരുന്നെങ്കിൽ, ദൈവാസ്തികൃവിശ്വാസമുള്ള എല്ലാ മതങ്ങളേയും അതാദരിക്കുന്നു എന്നു പറയേണ്ടതാണു്. എന്നാൽ പരസ്പരവിരുദ്ധങ്ങളായ മതങ്ങളെ അത്ഭുതംമുഖേന സത്യസ്വരൂപനായ ദൈവം എങ്ങനെ ആദരിക്കും?

ക്രീസ്തുമതം മാത്രമാണു് സത്യമെന്നു തെളിഞ്ഞിരിക്കയാൽ, അക്രൈസ്തവമതങ്ങളെ പിൻതാങ്ങുന്ന അത്ഭുതങ്ങളോ പ്രവചനങ്ങളോ ഉണ്ടാകുവാൻ പാടില്ലെന്നു സമ്മതിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും ഒരു അക്രൈസ്തവമതത്തെ പിൻതാങ്ങുന്ന ഒരത്ഭുതമോ പ്രവചനമോ നടന്നാൽ ആ മതം സത്യമതമാണെന്നു തെളിയുന്നു. ആ മതം സത്യമതമാണെങ്കിൽ പരസ്പരവിരുദ്ധങ്ങളായ ഒന്നിലധികം സത്യമതങ്ങളുണ്ടെന്നായിരിക്കും അനുമാനം! ഇതു യുക്തിഭംഗമല്ലയോ? ആകയാൽ, അക്രൈസ്തവമതങ്ങളിൽ അത്ഭുതങ്ങളും പ്രവചനങ്ങളും ഉണ്ടെന്നുള്ളവാദം സ്വീകാര്യമാണെങ്കിൽ മുൻലക്കത്തിൽ പ്രസ്താവിച്ചപ്രകാരം മാത്രമേ അതു ഗ്രഹിക്കുവാൻ പാടുള്ളൂ എന്നു സിദ്ധിക്കുന്നു.

"സിബിൽ പ്രവചനങ്ങൾ" എന്നറിയപ്പെടുന്ന "അരുളപ്പാടുകൾ" (Oracles) പുരാതനറോമാക്കാരുടേയും ഗ്രീക്കുകാരുടേയും ഇടയിലുണ്ടായിരുന്നു. അവ മിക്കതും ദുഷ്ടാത്മാക്കളുള്ളവയാകയാൽ സാക്ഷാൽ പ്രവചനങ്ങളായി പരിഗണിക്കപ്പെടാവുന്നവയല്ല. സിബിൽ പ്രവചനങ്ങളിൽ മുഖ്യസ്ഥാനം ഈശോമിശിഹായുടെ വരവിനെ സൂചിപ്പിക്കുന്ന ഭാഗങ്ങൾക്കാണ് കല്പിക്കപ്പെടുന്നതു്. അവ യഥാർത്ഥ പ്രവചനങ്ങളാണെന്നുവന്നാലും ക്രൈസ്തവമതത്തിന്റെ ദൈവികസ്ഥാപനത്തെ ഇളക്കുവാൻ അവ പര്യാപ്തങ്ങളാകയില്ലല്ലൊ. യഹൂദന്മാരുടെ വിശ്വാസം സിബിൽപ്രവചനങ്ങളായി പരിണമിച്ചു എന്നും വരാവുന്നതാണു്. പ്രസ്തുതപ്രവചനങ്ങളുടെ കർത്താക്കൾ പലപ്പോഴും പൈശാചികശക്തിയോടെ പ്രവർത്തിച്ചിരുന്നതായും തെളിവുണ്ടു്. മനുഷ്യബുദ്ധിക്കു കണ്ടെത്തുവാൻ സാദ്ധ്യമല്ലാത്ത പലതും പിശാചുക്കളറിയുന്നുണ്ടു്. പിശാചുക്കൾ അവയെ മനുഷ്യർക്കു് വെളിപ്പെടുത്തുന്നപക്ഷം അവ പ്രവചനങ്ങളാണെന്നു പലരും തെറ്റിദ്ധരിച്ചുപോകും. എന്നാൽസ്വതന്ത്രമനസ്സിനെ ആശ്രയിച്ചു സംഭവിക്കുവാനിരിക്കുന്നവയെ ക്ലിപ്തമായി മുമ്പുകൂട്ടി അറിയിക്കുന്നതിനെയത്രെ സാക്ഷാത്തായ പ്രവചനമായി നാമിവിടെ പരിഗണിക്കുന്നതു്. ഇപ്രകാരം ചെയ്യുവാൻ സ്വതന്ത്രമനസ്സിന്റെ നാഥനായ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ.

b. കലികൊണ്ടശേഷം ഭ്രാന്തന്മാരേപ്പോലെ സ്വയം കുത്തിമുറിപ്പെടുത്തുകയും മരണമാഗ്രഹിക്കയും ചെയ്യുന്നവരാണു് അക്രൈസ്തവരുടെ "വേദസാക്ഷികൾ." അക്രൈസ്തവമതത്തെപ്രതി മരിക്കുന്നവരായി വല്ലവരും ഞങ്ങുമിങ്ങും കാണപ്പെട്ടേക്കാം. എന്നാൽ ക്രൈസ്തവവേദസാക്ഷികളിൽ പ്രതൃ

ക്ഷപ്പെടുന്ന മനഃസ്ഥിതിയോടെ സ്വമതത്തെപ്രതി മരണ
മനുഭവിക്കുന്ന ഒരാളേപ്പോലും അക്രൈസ്തവരുടെയിടയിൽ
കണ്ടുകിട്ടുകയില്ല. സ്വാതന്ത്ര്യം, ബഹുമാനം, ഐശ്വ
ര്യം, ഐഹികജീവൻ ആദിയായവ പ്രദാനംചെയ്യപ്പെട്ട
മ്പോഴും, അവയൊന്നുമനുഭവിക്കുവാൻ ആശിക്കാതെ സമ
സ്തവും, സൽകീർത്തിതന്നെയും, സമൃദ്ധിയും പരിത്യജിച്ച് നി
ന്ദകളെയും പീഡനങ്ങളെയും സസന്തോഷം കൈവരിച്ച്
മരണമുഷ്ടിപിടിക്കാതെയും, ഭരിക്കുന്നവരുടെതുള്ളൽകൊണ്ടോ
അജ്ഞതകൊണ്ടോ ബുദ്ധിപ്രയോഗം മന്ദീഭവിക്കുകനിമി
ത്തം കലയിളകി പ്രവർത്തിക്കാതെയും, സമാധാനചിത്ത
ത്തോടും ശാന്തതയോടുംകൂടി ഏതുവിധത്തിലുള്ള മരണവും
മനഃസാക്ഷിയുടെ പ്രേരണഹേതുവാൽ ദൈവേഷ്ടത്തെ മുൻ
നിറുത്തി ക്രൈസ്തവമതത്തെപ്രതി സ്വമനസാ തിരി
ഞ്ഞെടുക്കുന്നവരാണു് ക്രൈസ്തവവേദസാക്ഷികൾ- ഇങ്ങ
നെയുള്ള വേദസാക്ഷികളുടെ വമ്പിച്ച ഗണങ്ങളെയാണു്
ക്രീസ്തുമതത്തിൽ നാം കാണുന്നതെന്നും പ്രസ്താവ്യമാണു്.

C. ക്രീസ്തുമതത്തിനു സിദ്ധിച്ച പ്രകാരമുള്ള പ്രചാരം
അക്രൈസ്തവമതങ്ങളിൽ യാതൊന്നിനും സിദ്ധിച്ചിട്ടില്ല. അ
ക്രൈസ്തവമതങ്ങളെല്ലാംതന്നെ മിക്കവാറും ജാതീയങ്ങളാക
യാൽ, അവയുടെ പ്രചാരം യാതൊരു വിധത്തിലും വിസ്മ
യാവഹമായി കരുതിക്കൂടാ. ജാതീയങ്ങളല്ലാത്തവ യുദ്ധങ്ങ
ളും ആക്രമണങ്ങളും പ്രബലന്മാരായ നാടുവാഴികളുടെ അ
നുകൂല്യങ്ങളും നിമിത്തമാണു് അധികമായി പ്രചരിച്ചിട്ടുള്ള
തെന്നു ചരിത്രപ്രസിദ്ധമത്രെ. മുമ്പുണ്ടായിരുന്ന മതനിഷ്ക
രുണനിമിത്തം വിഷമിച്ചിരുന്ന ജനതതിയാൽ ചില നവീന
മതങ്ങളും സന്തോഷപൂർവം സ്വീകരിക്കപ്പെട്ടിട്ടുമുണ്ടു്. ക്രീസ്തു
മതത്തിന്റെ ഏറ്റവും വിസ്മയാവഹമായ പ്രചാരമാകട്ടെ അ

തിന്റെ ആരംഭദശയിലായിരുന്നു. അന്നതിനു നേരിട്ടതു പോലെയുള്ള പീഡനങ്ങളും പ്രതിക്രിയകളും വേറെ യാതൊരു മതത്തിനും നേരിട്ടിട്ടുമില്ല.

d. സത്യമതം അതിനുവിരുദ്ധമായി നില്ക്കുന്നമതങ്ങളെ ഔദ്യോഗികമായി യാതൊരുവിധത്തിലും ആദരിക്കേണ്ടതല്ല. കാരണം, സത്യം അസത്യത്തെ സദാ വെറുത്തുതള്ളുന്നു. എറ്റവും തീഷ്ണതയോടെ പ്രചാരണം നടത്തുന്നവയും സ്വയം ദൈവസ്ഥാപിതങ്ങളെന്നു് ഉച്ചൈസ്വരം ഘോഷിക്കുന്നവയും ആയ അക്രൈസ്തവമതങ്ങൾപോലും താത്വികമായി അവയോടു യോജിക്കാത്ത മറ്റുചില മതങ്ങളെ ഔദ്യോഗികമായി ആദരിക്കുന്നുണ്ടു്.

അക്രൈസ്തവമതങ്ങളിൽ പലതും ജാതീയങ്ങളാകയാൽ, ഒരുമതം ഒരുജാതിക്കുള്ളതാണെന്നുള്ള ധാരണയാണു് അവയിൽ അന്തർല്ലീനമായിരിക്കുന്നതു്. ഈ ധാരണയുടെ ഫലമായി ഓരോമതവും മറ്റുമതങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ആദരിക്കുന്നുമുണ്ടു്. ഒന്നു മറ്റൊന്നിനു വിരുദ്ധമാണെങ്കിലും അന്യോന്യം അവ ആദരിക്കുകതന്നെയാണു ചെയ്യുന്നതു്.

e. ശാസ്ത്രീയമായ പരിശോധനയെ ജയിക്കത്തക്കസിദ്ധാന്തസംഹിത അക്രൈസ്തവമതങ്ങളിലുംക്കില്ലെന്നു മേൽ പ്രസ്താവിച്ചുവല്ലോ. അക്രൈസ്തവമതങ്ങളിൽനല്ലസംഗതികളില്ലെന്നല്ല ഇതിന്റെ അർത്ഥം. അവയിൽ പലനല്ല സംഗതികളുമുണ്ടെന്നു് സമ്മതിക്കാതെ തരമില്ല. എന്നാൽ അവയുടെ സിദ്ധാന്തസംഹിതയും ഔദ്യോഗികോപദേശാചാരങ്ങളും അണു നമ്മുടെ ചിന്തയുടെ വിഷയീഭവിക്കേണ്ടതു്. സിദ്ധാന്തസംഹിതയിൽ ഏതെങ്കിലും ഒരബദ്ധമുണ്ടെങ്കിൽ ആ സംഹിത ദൈവത്തിൽനിന്നോ, പ്രകൃതിനിയമങ്ങളെ

ആശ്രയിച്ചോ ഉണ്ടായിട്ടുള്ളതാകുവാൻ പാടില്ല. ഔദ്യോഗികോപദേശാചാരങ്ങളെ സംബന്ധിച്ചും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു.

f. അക്രൈസ്തവരുടെ മതപരങ്ങളായ ഗ്രന്ഥങ്ങളും ക്രൈസ്തവരുടെ സുവിശേഷഗ്രന്ഥങ്ങളുംപോലെ ശാസ്ത്രീയ പരിശോധനയ്ക്കു വിഷയീഭവിച്ചിട്ടുള്ളവയല്ല. അവയിൽ വിവരിക്കപ്പെട്ടിരിക്കുന്ന അത്ഭുതങ്ങളും പ്രവചനങ്ങളും അക്രൈസ്തവമതങ്ങൾക്കു പ്രത്യേകമായുള്ള ഏതെങ്കിലും സിദ്ധാന്തത്തിന്റെ സ്ഥിരീകരണത്തിനായി നടന്നവയാണെന്നു് അക്രൈസ്തവരോ, അവരുടെ പ്രസ്തുത ഗ്രന്ഥങ്ങളോ കാംക്ഷിയിട്ടു വാദിക്കുന്നുമില്ല. അക്രൈസ്തവമതസ്ഥാപകന്മാരും, തദനുയായികളും സാധിച്ചിട്ടുണ്ടെന്നു കേൾക്കാറുള്ള അത്ഭുതങ്ങളുടെയും പ്രവചനങ്ങളുടെയും സ്വഭാവംഏതുതരത്തിലുള്ളതായാലും. അവ, ആ മതങ്ങൾക്കു പ്രത്യേകമായുള്ള ഒരു സിദ്ധാന്തത്തെ ഉറപ്പിക്കുവാൻ നടത്തപ്പെട്ടവയെന്നു് അക്രൈസ്തവർപോലും ശാസ്ത്രീയരീത്യാ വാദിക്കുന്നില്ലെന്നു് ഈ തരുണത്തിൽ നാം മനസ്സിലാക്കണം.

g. മതസിദ്ധാന്തസംഹിതകളാണു് വ്യക്തികളല്ല നമ്മുടെവിമർശനവിഷയങ്ങൾ. അക്രൈസ്തവമതങ്ങൾ സത്യമതങ്ങളല്ലെങ്കിലും അവയിൽ ഉത്തമവിശ്വാസത്തോടെ ജീവിക്കുന്ന പല നല്ല ആളുകളും കാണപ്പെട്ടുന്നുണ്ടു്. എന്നാൽ മതമല്ല, പ്രത്യുത, അവരുടെ ഉത്തമവിശ്വാസമാണു് അവരെ നല്ലവരാക്കിയിരിക്കുന്നതു്. ക്രൈസ്തവമതം സത്യമതമാണെങ്കിലും അനേകം ദുഷ്ടക്രൈസ്തവരെ നാം കണ്ടുമുട്ടുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ക്രൈസ്തവാദർശപ്രകാരം ജീവിക്കാത്തതുനിമിത്തമാണു് അവർ ദുഷ്ടന്മാരായിത്തീർന്നിരിക്കുന്നതെന്നു നാം മനസ്സിലാക്കണം.

ശാസ്ത്രീയദൃഷ്ട്യാ സപ്രമതങ്ങളെ പഠിച്ചിട്ടുള്ള അക്രൈസ്തവർ ഒന്നുകിൽ അവയെ പരിത്യജിക്കയൊ, അല്ലെങ്കിൽ അവയെ സംസ്കരിക്കുവാൻ ഒരുങ്ങുകയൊ, അല്ലെങ്കിൽ അവയിൽ വിശ്വാസമില്ലാതെ നിർമ്മതപരമായ ജീവിതംനയിക്കയൊ ആണ് ചെയ്തിട്ടുള്ളതു്- യഥാർത്ഥക്രീസ്തുമതത്തിന്റെ സ്ഥിതി നേരേമറിച്ചാണെന്നു് പത്തൊമ്പതു ശതവർഷത്തെ അനുഭവം വിളിച്ചറിയിക്കുന്നു. അതിന്റെ സിദ്ധാന്തസംഹിതയും, അതിനു സ്വന്തമായി പരിഗണിക്കപ്പെട്ടുന്ന മതഗ്രന്ഥങ്ങളും ശാസ്ത്രീയമായി പരിശോധിക്കപ്പെടാത്ത കാലഘട്ടമുണ്ടായിട്ടില്ല. പക്ഷെ, ശത്രുക്കൾപോലും ഇവയുടെ മുമ്പിൽ തലകുനിക്കയെ ചെയ്തിട്ടുള്ളു. യഥാർത്ഥ ക്രീസ്തുമതത്തെ തൃജിക്കുന്ന പലരെയുംകണ്ടേക്കാം. എന്നാൽ സേച്ഛാനുസരണം അസാന്മാർഗ്ഗികമായി വർത്തിക്കുവാൻ ആ മതം പ്രതിബന്ധമായി ഭവിക്കയാലത്രെ അവർ അതിനെ ഉപേക്ഷിക്കുന്നതെന്നു് സൂക്ഷ്മപരിശോധനാവെളിപ്പെട്ടതാതിരിക്കയില്ല. സത്യാന്വേഷണബുദ്ധിയോടും നന്മനസ്സോടും അതിനെ പരിശോധിച്ചിട്ടുള്ള ധർമ്മധീരന്മാർ അതിനെ ആശ്ലേഷിക്കയോ സ്തുതിക്കയോ മാത്രമേ ചെയ്തിട്ടുള്ളു എന്നു ചരിത്രം ഘോഷിക്കുന്നു.

ഏതുവിധത്തിൽ നോക്കിയാലും അക്രൈസ്തവമതങ്ങൾക്കു് ക്രൈസ്തവമതത്തോടു യാതൊരു തുല്യതയും ഇല്ലെന്നു പ്രത്യക്ഷമാണു്. ക്രീസ്തുമതം ഘോഷിക്കുന്ന സാക്ഷ്യങ്ങളും പ്രമാണങ്ങളും അനിഷേധ്യങ്ങളാകയാലും അവ ക്രീസ്തുമതം ദൈവസ്ഥാപിതവും സാർവ്വത്രികവും ആണെന്നു സ്ഥാപിക്കുന്നവയാകയാലും അക്രൈസ്തവമതങ്ങളെല്ലാം തിരസ്കൃതങ്ങളാണെന്നു സിദ്ധിക്കുന്നു. ക്രീസ്തുമതസാക്ഷ്യങ്ങളുടെ മുമ്പിൽ ഇതരമതങ്ങളുടെ സാക്ഷ്യങ്ങളും നിസ്സാരങ്ങളാണു്.

ക്രീസ്തുമതസിദ്ധാന്തസംഹിത മനുഷ്യബുദ്ധിയെ അതിശയിക്കുന്നതാണെങ്കിലും അതിനുവിരുദ്ധമല്ല. എന്നാൽ ഇതര മതസിദ്ധാന്തങ്ങളും ആചാരങ്ങളും യാതൊരുവിധത്തിലും മനുഷ്യബുദ്ധിയെ അതിശയിക്കുന്നവയല്ലാത്തതിനാൽ അവ മനുഷ്യനിർമ്മിതങ്ങളാകുവാൻ പാടുണ്ടെന്നും, അവയിൽചിലതു് സുബുദ്ധിക്കു വിരുദ്ധമാകയാൽ ദൈവികങ്ങളോ പ്രകൃതിനിയമങ്ങൾക്കു യോജിച്ചവയോ അല്ലെന്നും സ്പഷ്ടമായി വിളിച്ചറിയിക്കുന്നു. ക്രിസ്തീയതരമതങ്ങളുടെ സിദ്ധാന്തസംഹിതകൾ സുബുദ്ധിക്കുയോജിച്ചവയല്ലെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. അവ ലോകത്തെ സംസ്കരിക്കുവാനോ, ലോകത്തിനു സംഭവിക്കുന്ന അനർത്ഥങ്ങൾക്കു പ്രതിവിധി ചെയ്യുവാനോ പര്യാപ്തങ്ങളായിട്ടില്ലെന്നും പ്രസ്താവ്യമത്രെ. ക്രൈസ്തവമതം എല്ലാക്കാലത്തുമുള്ള എല്ലാമനുഷ്യർക്കുമായി ദൈവത്താൽത്തന്നെ സ്ഥാപിതമായിരിക്കുന്നതിനാൽ, അക്രൈസ്തവമതങ്ങളെ സംസ്കരിച്ചു് നവീകരിക്കുകയോ അവയുടെ സ്ഥാനത്തു് വേറെഏതെങ്കിലുമൊരു നവീനമതം സ്ഥാപിക്കുകയൊ ചെയ്യുക ആക്ഷംപാടുള്ളതുമല്ല. ഇതോടെ സ്വാഭാവികമതത്തിനും സ്ഥാനമില്ലെന്നു വന്നിരിക്കുന്നു.

IV

ക്രീസ്തുമതം ഏകസത്യമതമാണെന്നും തന്നിമിത്തം എല്ലാ വ്യക്തികളും സമുദായങ്ങളും, രാഷ്ട്രങ്ങളും ആമതം സ്വീകരിക്കണമെന്നും ഇതുയും പ്രസ്താവിച്ചവയിൽനിന്നു വിശദമായിട്ടുണ്ടല്ലൊ.

ആരംഭത്തിൽ ദൈവംമനുഷ്യനെസൃഷ്ടിച്ചു് അവനു സ്വയം വെളിപ്പെടുത്തി. എന്നാൽ ആദിമമനുഷ്യൻ ദൈവപ്രമാണം ലംഘിക്കയാൽ മനുഷ്യകുലം മുഴുവനും ദൈവകോപത്തിനു പാത്രീഭവിച്ചു. മനുഷ്യകുലത്തെ രക്ഷിക്കാ

മെന്നു ദൈവം വാഗ്ദാനംചെയ്തു. മനുഷ്യോദ്ധാരകനെസ്വീകരിക്കുവാൻ ഒരു പ്രത്യേകജനത്തെ ദൈവം തിരിഞ്ഞെടുത്തു. അവരിൽ സത്യമതം പാലിച്ചുകൊണ്ടിരുന്നു. ഇസ്രായേൽ അഥവാ യഹൂദജനമായിരുന്നു ആ ജനം. യഹൂദന്മാർ അന്ധതയിലും വിഗ്രഹാരാധനയിലും നിപതിച്ചിട്ടുണ്ടെങ്കിലും ആദിമമനുഷ്യന്റെ വീഴ്ചയേയും ലോകോദ്ധാരകനേയും കുറിയുള്ള ഐതിഹ്യങ്ങളും അവരിൽനിന്നു നിശ്ശേഷംനീങ്ങിപ്പോയില്ല. നിശ്ചിതസമയത്തു ലോകോദ്ധാരകനായ ഈശോമിശിഹാ പ്രത്യക്ഷപ്പെട്ടു യഹൂദമതത്തെ നിത്തലാക്കിയശേഷം എല്ലാമനുഷ്യർക്കുമായി എല്ലാക്കാലത്തേക്കും ക്രീസ്തുമതത്തെ വെളിപ്പെട്ടുത്തിസ്ഥാപിച്ചു. യഹൂദനും അഹൂദനും ക്രീസ്തുമതംഇപ്രകാരം ഏകാശ്രയമായിതീർന്നിരിക്കുന്നു.

ക്രീസ്തുമതമെന്നപേരിൽ പലസംഘടനകളും ഇപ്പോൾ ഭൂമുഖത്തു കാണപ്പെട്ടുന്നുണ്ട്. വിഭിന്നങ്ങളായ ഈ സംഘടനകളും തമ്മിൽ താത്വികമായ അന്തരമുള്ളതിനാൽ അവയെല്ലാം യഥാർത്ഥങ്ങളാകുവാൻ പാടുള്ളതല്ല. ആകയാൽ യഥാർത്ഥക്രീസ്തുമതത്തിന്റെ ലക്ഷണങ്ങളും ഏതെല്ലാമെന്നും, ആ ക്രീസ്തുമതം ഏതെന്നും പരിശോധിക്കേണ്ട ഭാരം കൂടി നമുക്കുണ്ട്. ഈ പരിശോധനകളും "തിരുസ്സഭയും മാപ്പുപ്പായും" എന്നവോറാരു പുസ്തകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. * കത്തോലിക്കാമതമാണു യഥാർത്ഥക്രീസ്തുമതമെന്നു അവിടെ തെളിയിച്ചിരിക്കുന്നു.

---

* സെൻറ് ജോസഫസ് പ്രിൻറിങ്ങ് ഹൌസ്, തിരുവല്ലാ എന്ന മേൽവിലാസത്തിൽ "തിരുസ്സഭയും മാപ്പുപ്പായും" എന്നാപുസ്തകത്തിനു് ആവശ്യപ്പെടുക.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

CMI Authors
00002078
K100 P752